# ശ്രീരാമവിലാസം.

| | | |
|---|---|---|
| പുസ്തകം ൧ | ഇടവം മിഥുനം | ലക്കം ൮, ൯ |

## മംഗളം.

ആരാൽ ഗണകർ നടത്തും
ശ്രീരാമവിലാസനവ്യമാസികയെ
പേരാർന്ന ദീർഘകാലം
പാരാളുംപടി തുണയ്ക്ക ഗണനാഥ!

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, സി. എസ്സ്. ഐ.

## സാഹിത്യകല

(പുതുപ്പള്ളിൽ പി. കുഞ്ഞുപണിക്കർ).

പൌരസ്ത്യപണ്ഡിതന്മാരുടെയും പാശ്ചാത്യപണ്ഡിതന്മാരുടെയും ആദരാതിശയത്തിനു സവിശേഷം പാത്രീഭവിച്ചിട്ടുള്ള ഒരു വിശിഷ്ട കലയാകുന്നു സാഹിത്യകല. ഈ കലയില്ലായ്കിൽ അന്നു ലോകം നീരസവും നിസ്സാരവുമാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. “നാമോതാം നീ വെടിഞ്ഞാൽ ഭുവനമഖിലവും ശാരദെ! സാരഹീനം,” എന്നു ഒരു അധുനാതനകവി പറഞ്ഞിട്ടുള്ളതു എത്രയോ വാസ്തവമായിരിക്കുന്നു. പരിഷ്കൃത ഭൂഖണ്ഡങ്ങളിൽ സാഹിത്യകാരന്മാർക്കുള്ള വിലയൊന്നു പ്രത്യേകമാണ്. എന്നാൽ ഇപ്പോൾ ആകാശവിരിവിലുള്ള നക്ഷത്രങ്ങളെ എല്ലാം എണ്ണിത്തുലയ്ക്കാമെങ്കിലും മലയാള കവികളെ എണ്ണിത്തുലയ്ക്കുന്നതിനു സാധിക്കുമെന്നു തോന്നുന്നില്ല. എങ്കിലും സംഖ്യാനരൂപമായ പ്രകാശം മലയാളസാഹിത്യനഭോമണ്ഡലത്തിനു

ഇതുവരെ സിദ്ധിച്ചിട്ടില്ല. ഇതിനുള്ള കാരണം തക്കതായ ഉപകരണങ്ങളൊന്നും കൂടാതെ കവിവേഷവും കെട്ടി സാഹിത്യരംഗത്തിൽ പ്രവേശിക്കുന്നതു തന്നെ ആണ്. അതുകൊണ്ടു സാഹിത്യരംഗത്തിൽ പ്രവേശിക്കുന്നതിനു ഏതെല്ലാം ഉപകരണങ്ങളാണ് വേണ്ടതെന്നാണല്ലോ ഒന്നാമതായിട്ട് അറിഞ്ഞിരിക്കേണ്ടതു. ഇതിനെ സംബന്ധിച്ചു പൌരസ്ത്യപണ്ഡിതന്മാർ എന്തു പറയുന്നു എന്നു നോക്കാം. "ശക്തിഃ കവിത്വബീജം ഹി പ്രാക്തനീ കാപി സംസ്ക്രിയാ യയാ വിനാ ന പ്രസരേൽ കാവ്യം ശിക്ഷാവതാമപി പ്രതിഭാം നാമ താമേതാം കവയസ്സമുപാസതേ. സതി വക്തരി സത്യർത്ഥേ ശബ്ദാനുശാസനേ അസ്തി തന്ന വിനാ യേന പരിസ്രവതി വാങ്മധു. തദനന്യപ്രാണനാൽ ജീവദ്രചനാനിപുണഃ കവിഃ" പൂർവജന്മസിദ്ധമായ സംസ്കാരത്തിനു (വാസനയ്ക്കു) ശക്തി അല്ലെങ്കിൽ പ്രതിഭ എന്നു പറയുന്നു. ഇതാണ് കവിതാവല്ലി മുളയ്ക്കുന്നതിനുള്ള ബീജം (വിത്ത്) ശാസ്ത്രപാണ്ഡിത്യമുണ്ടെങ്കിലും വാസന ഇല്ലെങ്കിൽ വാങ്മധു പ്രവഹിക്കുന്നതല്ല. ഇതിനെ ആശ്രയിച്ചാണ് ഉത്തമകവികൾ ജീവിക്കേണ്ടതു്," ഇതുകൊണ്ടു കവിതയ്ക്കു പ്രധാനമായി വേണ്ടതു് സംസ്കാരമാണെന്നു സിദ്ധിച്ചല്ലോ. എങ്കിലും സംസ്കാരം കൊണ്ടു മാത്രം കവിതയെഴുതാൻ സാധിക്കുന്നതല്ല. വിത്തിന് മുളയ്ക്കുന്നതിനുള്ള ശക്തി അതിൽ തന്നെ അന്തർലീനമാണെങ്കിലും അതിനും സഹകരണാപേക്ഷയുണ്ട്. "പ്രതിഭൈവ ശ്രുതാഭ്യാസസഹിതാ കവിതാം പ്രതി ഹേതുർമൃദംബുസംബദ്ധബീജവ്യക്തിർലതാമിവ," എന്നാണ് മഹാകവിജയദേവൻ പറയുന്നതു്. സാരം. "വിത്തു മുളയ്ക്കുന്നതിന് മണ്ണും വെള്ളവും എങ്ങനെ സഹകരിക്കുന്നുവോ അതുപോലെ വാസന പ്രകാശിക്കുന്നതിന് ശാസ്ത്രാഭ്യാസങ്ങളുടെ സഹകരണാപേക്ഷയുണ്ട്", അതുകൊണ്ട് ഉദാസീനയായ പ്രതിഭയെ ഉണർത്തുന്നതിന് വ്യുൽപത്തി ദാർഢ്യം സമ്പാദിക്കാതെ സാധിക്കുന്നതല്ല. "പരിബൃംഹവതീം കർത്തും പ്രതിഭാം പ്രതിഭാനവാൻ സാധീയസീം തു വ്യുൽപത്തിം സവിധേ സന്നിധാപയേൽ," എന്നു പ്രമാണാന്തരവുമുണ്ടു്. ഇവിടെ വ്യുൽപത്തി ശബ്ദത്തിന് സാധാരണന്മാർ പറഞ്ഞുവരുന്ന ഭാഷാപരിജ്ഞാനം എന്നുള്ള അർത്ഥം മാത്രമല്ലാ വിവക്ഷിച്ചിട്ടുള്ളതു്. "വ്യുല്പത്തി ലോകചാരിത്രശാസ്ത്രകാവ്യാദ്യവേക്ഷണം അഭ്യാസ ഉപദേശേന കാവ്യജ്ഞാനാം പ്രസമ്മതാ," സാരം ലോകപരിചയ, ശാസ്ത്രകാവ്യ പരിജ്ഞാനം, സഹൃദയന്മാരുടെ ഉപദേശത്തോടു കൂടിയുള്ള അഭ്യാസം, ഇത്രയും സാധിക്കുമെങ്കിൽ വ്യുൽപത്തി സമ്പാദിച്ചു എന്നു പറയാം. കാവ്യം അനേകവിധങ്ങളായ ലോകചരിത്രങ്ങളെ അനുവർത്തിക്കുന്നതുകൊണ്ടാണ് ലോകപരിചയം സമ്പാദിക്കണമെന്നു പറഞ്ഞിട്ടുള്ളതു് "ലോകജ്ഞാനമുപശംസിതം കവേ! എന്നുണ്ട്. വൃത്തപരിജ്ഞാനം, ശബ്ദശുദ്ധിവിവേകം, ധർമ്മാധർമ്മബോധം, മുതലായവ സിദ്ധിക്കണമെങ്കിൽ ഛന്ദസ്സ്, വ്യാകരണം, സ്മൃതിമുതലായ ശാസ്ത്രങ്ങളും രാജവംശ കഥാഭേദങ്ങളെ ഗ്രഹിക്കുന്നതിന് ഇതിഹാസ പുരാണങ്ങളിലും സാമാന്യ പരിചയമെങ്കിലും 'സ

സമ്പാദിയ്ക്കാതെ കഴിയുന്നതല്ല. എന്നാൽ ഇത്രമാത്രം കൊണ്ടു വ്യുൽപ്പത്തിയുടെ അംഗങ്ങളെല്ലാം തികഞ്ഞോ? ഇല്ല. മഹാകവികളുടെ കാവ്യപരിചയം കൂടെ സമ്പാദിക്കണം. "ലോകശാസ്ത്രപുരാണാദിജ്ഞാനവാനപി സിദ്ധതി അജ്ഞാതകാവ്യസരണിഃ കാവ്യനിർമ്മാണകർമ്മണി। തസ്മാദാലോചിതം ശേഷലോകശാസ്ത്രേണ ധീമതാ കർത്തവ്യം കാളിദാസാദേഃ കാവ്യാനാം പരിശീലനം" (സാരം) ലോകശാസ്ത്രപുരാണാദികളിൽ ജ്ഞാനമുണ്ടായിരുന്നാലും കാവ്യരീതി ഇന്നവണ്ണമാണെന്നു അറിവാൻ പാടില്ലെങ്കിൽ കാവ്യമെഴുതുന്ന കാര്യം വളരെ പ്രയാസമാണ്. അതുകൊണ്ടു കാളിദാസാദികളുടെ കാവ്യങ്ങളെ ഇടവിടാതെ പരിശീലിയ്ക്കേണ്ടതു് കവിയുടെ കർത്തവ്യകർമ്മമാണ്. എന്നാൽ വേദശാസ്ത്രപുരാണാദിജ്ഞാനം കൊണ്ടുമാത്രം കാവ്യം പഠിക്കാതെ തന്നെ കാവ്യസ്വഭാവവും ഗ്രഹിച്ചു കൂടെ എന്നു ചോദിച്ചാൽ അതു് സാധിക്കയില്ലെന്നു തന്നെ പറയാം. "അന്യാഹി ഗതിരശ്വസ്യ ഗതിരന്യാഖരോഷ്ട്രയോ! മദക്ലിന്നകപോലസ്യ ഗതിരന്യാഹി ദന്തിനഃ വേദശാസ്ത്രപുരാണാനാം രീതയേഷാഹി പൃഥക് പൃഥക് രീതിരന്യൈവ കാവ്യാനാം ലോകോത്തരപദസ്പൃശാം രസഭാവഗുണൌചിത്യഘടനാലങ്ക്രിയാദയ! കാവ്യാദന്യത്ര സന്ത്യേവ കുത്രചാ വേദശാസ്ത്രയോഃ" (സാരം) കുതിരയുടെ ഗതിയല്ല കഴുതയുടെ ഗതി; കഴുതയുടെ ഗതിയല്ല ഒട്ടകത്തിന്റെ ഗതി; ഒട്ടകത്തിന്റെ ഗതിയല്ല മദയാനയുടെ ഗതി. അതുപോലെ വേദശാസ്ത്രപുരാണങ്ങളുടെയും രീതികൾ വേറെ വേറെയാണ്. ലോകമനോഹരങ്ങളായ പദങ്ങളെക്കൊണ്ടു നിബന്ധിച്ചിരിക്കുന്ന കാവ്യങ്ങളുടെ രീതി ഇവയിൽ നിന്നു എത്രയോ വ്യത്യസ്തമാണ്. രസഭാവഗുണങ്ങളുടെ ഔചിത്യഘടന, അലങ്കാരപ്രയോഗം മുതലായവ കാവ്യങ്ങളിലല്ലാതെ വേദശാസ്ത്രങ്ങളിൽ കാണുന്നതല്ല. ചുരുക്കിപ്പറഞ്ഞാൽ "ന സ ശബ്ദോ ന തദ്വാച്യം ന സ ന്യായോ ന സാ കലാ ജായതേ യന്ന കാവ്യാംഗമഹോ ഭാരോ മഹാൻ കവേഃ" (സാരം). ശബ്ദമായാലും വാച്യമായാലും വിദ്യയായാലും കലയായാലും എല്ലാം കാവ്യാംഗകോടിയിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ടു ലോകത്തിൽ കവിയ്ക്കുള്ളത്രയും ഭാരം ഒരു കലാപ്രവൃത്തകനും കാണാതല്ല. ഇത്രയും പറഞ്ഞതുകൊണ്ടു കവിതയെഴുത്തു് ഒരു നിസ്സാരസംഗതിയല്ലെന്നും കവിതയെഴുതുന്നതിനുള്ള പ്രധാന സാധനങ്ങൾ ആത്മസംസ്കാരവും വ്യുൽപ്പത്തിയുമാണെന്നും സിദ്ധിച്ചു. ഇവയിൽ ഏതെങ്കിലുമൊന്നില്ലെങ്കിൽ കവിത (വാസ്തവകവിത) എഴുതാൻ സാധിക്കുന്നതല്ല. വ്യുൽപ്പത്തി ഇല്ലെങ്കിൽ വാസന ഉദാസീനയായിപ്പോകും. വാസന ഇല്ലെങ്കിൽ വ്യുൽപ്പത്തി ഗൌരവം കൊണ്ടുമാത്രം പുറപ്പെടുന്ന വാക്കുകൾക്കു കവിതാമാധുര്യം കാണുന്നതല്ല. അതുകൊണ്ടു വാസനയും വ്യുൽപ്പത്തിയും സിദ്ധിച്ചാൽ പിന്നെ പ്രകൃതി നിരീക്ഷണശക്തിയെ സമ്പാദിച്ചിട്ടും തദ്വാരാ പരിശുദ്ധവിചാരങ്ങളെ കൊണ്ടു കഴിവുള്ളടത്തോളം ഹൃദയത്തെ നിർമ്മലമാക്കി വെയ്ക്കേണ്ടതാണ്. ഇത്രയും കഴിഞ്ഞശേഷം വേണം കവിവേഷവും കെട്ടി രംഗത്തിൽ പ്രവേശിയ്ക്കേണ്ടതു്. അല്ലെങ്കിൽ സഹൃദയന്മാരുടെ നിന്ദയ്ക്കു പാത്രീഭവിക്കുമെന്നുള്ള

തിനു സംശയമില്ല. മഹാകവിയായ ദണ്ഡി ഒരിക്കൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട് "നാകവിത്വമധർമ്മായ മൃതയെ ദണ്ഡനായവാ. കുകവിത്വം പുനസ്സാക്ഷാൽ മൃതിമാഹുർമനീഷിണഃ!" സാരം. കവിതയെഴുതിയില്ലെന്നു വച്ചു അധർമ്മമൊ, മരണമൊ, രാജശിക്ഷയൊ, യാതൊന്നും വരാനില്ല. കുകവിത എഴുതിയുണ്ടാക്കുന്നതു് മരണതുല്യവുമാണ്.

ഇതുവരെയും കവിതയ്ക്കു പുറപ്പെടുന്നതിൻ മുൻപേ സമ്പാദിയ്ക്കേണ്ട യോഗ്യതകളെ സംബന്ധിച്ചാണല്ലോ വിവരിച്ചതു്. ഇനി വാസ്തവകവിതയുടെ സ്വരൂപമെന്ത് ഇതുകൊണ്ടുള്ള പ്രയോജനമെന്ത് എന്നാണല്ലോ അറിയേണ്ടതായിട്ടുള്ളതു്. "വാക്യം രസാത്മകം കാവ്യം" എന്നാണ് ജഗന്നാഥപണ്ഡിതർ കാവ്യലക്ഷണത്തെ നിർവചിക്കുന്നതു്. രസസ്വരൂപമായ വാക്യം തന്നെ കാവ്യം അല്ലെങ്കിൽ കവിത, രസമെന്നു വച്ചാൽ എന്താണ് "രസോ വൈ സഃ" എന്നാണ് വേദം. സഃ-ആ ബ്രഹ്മം രസഃ വൈ-രസം തന്നാകുന്നു അപ്പോൾ പരബ്രഹ്മത്തിന്റെയും കാവ്യത്തിന്റെയും സ്വരൂപം രസമാണെന്നു. അതുകൊണ്ടു മിക്കവാറും പരബ്രഹ്മാനന്ദം തന്നാണ് കാവ്യവും തരുന്നതെന്നും സിദ്ധിച്ചു. ഇപ്രകാരം തന്നെ വേറെയും അഭിയുക്തവചനം കാണുന്നുണ്ട്. "സ്വാദം സ്വാദം രസം ഗാഢം ഗാഹം ഗാഹം നിമജ്ജിതഃ പരബ്രഹ്മരസാസ്വാദനിത്യസബ്രഹ്മചാരിണി രസനിഃഗ്നാ രസികാഃ കിഞ്ചിൽജാനതെ പരം വേദിത വ്യാത്യസം വിത്തിന്നാസ്തീത്യത്ര കിമത്ഭുതം സ്വാത്മാവബോധോപിപുനർനേഷ്യതെ മജ്ജതാം രസെ" മിക്കവാറും പരബ്രഹ്മാസ്വാദത്തോടു തുല്യമായ കാവ്യരസത്തെ ആസ്വദിച്ചാസ്വദിച്ചു അതിൽ മുഴുകിപ്പോയിരിക്കുന്ന സഹൃദയന്മാർ വേദ്യാന്തരങ്ങളെ മാത്രമല്ല തങ്ങളെപ്പോലും അറിയുന്നില്ല." ഇതുകൊണ്ടുതന്നെ ഈ കലയുടെ സ്വരൂപവും ഇതിന്റെ വൈശിഷ്ട്യവും ഊഹിച്ചു കൊള്ളാവുന്നതാണ്. ഇനി ഇതുകൊണ്ടുള്ള മുഖ്യമായ പ്രയോജനമെന്താണെന്നു നോക്കാം. മനുഷ്യരെ ധർമ്മങ്ങളിൽ പ്രവൃത്തിപ്പിക്കുന്നതിനും അധർമ്മങ്ങളിൽ നിന്നു നിവർത്തിപ്പിക്കുന്നതിനുമാണല്ലൊ മഹർഷിമാർ വേദശാസ്ത്രപുരാണങ്ങളെ നിർമ്മിച്ചിട്ടുള്ളതു്. സാഹിത്യകലയുടെ ഉദ്ദേശവും ഇതുതന്നെ ആണ്. പ്രതാപരുദ്രീയത്തിൽ വിദ്യാനാഥൻ ഇപ്രകാരം പറയുന്നു. "യദ്വേദാൽ പ്രഭുസമ്മിതാദധിഗതം ശബ്ദപ്രധാനാൽ ചിരം യച്ചാർത്ഥപ്രവണാൽ പുരാണവചനാദിഷ്ടം സുഹൃൽസമ്മിതാൽ കാന്താസമ്മിതയായ യാ സരസതാമാപാദ്യ കാവ്യശ്രിയാ കർത്തവ്യേ കുതുകീബുധോ വിരചിതസ്തസ്യൈ സ്പൃഹാം കുർമ്മഹെ" വേദങ്ങൾക്കും പുരാണങ്ങൾക്കും കാവ്യങ്ങൾക്കും ധർമ്മാധർമ്മോപദേശം ചെയ്യുന്നതിൽ യാതൊരു വ്യത്യാസവുമില്ല. വേദം ഇന്നവണ്ണം ചെയ്യണം ഇന്നവണ്ണം ചെയ്യരുതു എന്നു പ്രഭുവിനെപ്പോലാണ് ശാസിക്കുന്നതു്. പുരാണം, സദ്വൃത്തനായിരുന്ന രാമൻ വളരെക്കാലമായി ജീവിച്ചിരുന്നു അസദ്വൃത്തനായ രാവണന്നു നാശമാണ് സംഭവിച്ചതു് അതുകൊണ്ടു സുഖമായി ജീവിച്ചിരിയ്ക്കണമെങ്കിൽ രാമനെപ്പോലെ വ

ത്തിയ്ക്കണം രാവണനെപ്പോലെ വത്തിയ്ക്കരുത് എന്നു സുഹൃത്തിൻെറ നിലയിലാണ് ഉപദേശിക്കുന്നത് കാവ്യമാകട്ടെ രസപ്രധാനമാകയാൽ വ്യഞ്ജനവ്യാപാരം (വ്യംഗ്യം) കൊണ്ടു കാന്തയുടെ നിലയിലാണ് ഉപദേശിക്കുന്നത്. എന്നാൽ ഉപദേശസാമ്യം മൂന്നിനുമുള്ളപ്പോൾ ഏതെങ്കിലും ഒന്നു പോരെ എന്നു വിചാരിയ്ക്കരുത്. ലോകം ഭിന്നരുചിയായിരിക്കുന്ന കാലം വരെയും പല രീതിയിലുള്ള ഉപദേശങ്ങളുടെയും ആവശ്യം ഒഴിച്ചുകൂടാത്തതാണ് എന്നു മാത്രവുമല്ലാ വേദോപദേശങ്ങൾ ഹിതകരങ്ങളാണെങ്കിലും വെറും തിക്തഗുളികകളാണ് പുരാണോപദേശങ്ങൾ അതിതിക്തങ്ങളും അതിമധുരങ്ങളുമല്ല കാവ്യോപദേശങ്ങളൊ വെറും മധുരഗുളികകളാണ്. രോഗശമനത്തിനുള്ള ശക്തി തിക്തഗുളികകൾക്കും മധുരഗുളികൾക്കും സമമായിരുന്നാൽ രോഗികൾ മധുരഗുളികകളെ മാത്രമെ ഇഷ്ടപ്പെടുകയുള്ളു എന്നുള്ളതു് പ്രകൃതിന്യായമാണല്ലൊ. അതുപോലെ അജ്ഞാനം നശിച്ചില്ലെങ്കിലും ശുഷ്കമായ വേദം പഠിയ്ക്കാൻ കഴികയില്ലെന്നുള്ള വിചാരം മിക്ക പ്രാപഞ്ചികന്മാൎക്കുമുണ്ടാകാവുന്നതാണ്. അതുകൊണ്ടു അങ്ങിനെയുള്ളവരെ ആകഷിക്കുന്നതിനു സരസങ്ങളായ ഉപദേശങ്ങൾ ഒഴിച്ചുകൂടാത്തവയാണ്. ഒരിക്കൽ ശ്രീകൃഷ്ണമിശ്രൻ എന്ന യോഗി കുറെ ശിഷ്യന്മാരെ വേദാന്തം അഭ്യസിപ്പിച്ചുകൊണ്ടിരുന്നു അതിൽ ഒരാൾക്കു കക്കശങ്ങളായ വേദാന്തോപദേശങ്ങളിൽ തീരെ രസമില്ലായിരുന്നു യോഗി അതിനെ മനസ്സിലാക്കി. അതിമോഹ,വിവേകാദികളെയും മററും പാത്രരൂപേണ കല്പിച്ചിട്ട്. സരസമായ ഒരു നാടകമുണ്ടാക്കി ശിഷ്യനു വായിക്കുന്നതിനായി കൊടുത്തു അതിനെ അയാൾ വളരെ ശ്രദ്ധയോടു കൂടെ വായിക്കയും വായിച്ചു തീന്നതോടുകൂടി ജ്ഞാനിയായിത്തീരുകയും ചെയ്തു. ഇതാണ് ഇപ്പോൾ ലോകപ്രസിദ്ധമായിരിക്കുന്ന പ്രബോധചന്ദ്രോദയം നാടകം. അതിനാൽ സാരസ്യം കൊണ്ടു ജനങ്ങളുടെ ഹൃദയത്തെ ആകഷിച്ചു അവൎക്കു ഹിതാഹിതോപദേശം ചെയ്യുന്നതാണ് കാവ്യംകൊണ്ടുള്ള മുഖ്യമായ പ്രയോജനം, സംഗീതകലയെ അപേക്ഷിച്ചു സാഹിത്യകലയ്ക്കുള്ള വൈശിഷ്ട്യവും ഇതുതന്നെയാണ്. സംഗീതം ഹൃദയാഹ്ലാദത്തെ നല്കുമെന്നല്ലാതെ ഹിതാഹിതങ്ങളെ ഉപദേശിക്കുന്നില്ലല്ലൊ. ഇവിടെ കവിതയുടെ മുഖ്യപ്രയോജനം ഹിതാഹിതോപദേശമാണെന്നു പറഞ്ഞെങ്കിലും വേറെയും ചില പ്രയോജനങ്ങളില്ലെന്നല്ല. „വാല്മീകിയേന കാവ്യേന വൎദ്ധതെ രാമകീൎത്തനം„ വാല്മീകിമഹഷി വാല്മീകിരാമായണമെന്നു ഒരു മഹാകാവ്യമെഴുതിയില്ലെങ്കിൽ ശ്രീരാമനെ ഒരു കാലത്തും നമ്മൾ അറിയുന്നതല്ല. ആ മഹഷിശ്രേഷ്ഠൻെറ വാക്കാകുന്ന ചിത്രത്തിൽ ഇന്നും ആ മഹാപുരുഷൻ നമ്മളുടെ മുൻപിൽ പ്രശോഭിക്കുന്നുണ്ടു്. വല്ല ചിത്രകാരന്മാരും അദ്ദേഹത്തിൻെറ രൂപം മാത്രം എഴുതിവച്ചിരുന്നു എങ്കിൽ എന്നേ ചായങ്ങളും മററും മാഞ്ഞു വിവൎണ്ണമായിപ്പോകുമായിരുന്നു. അഥവാ വൈവൎണ്ണ്യം വരാതെ വളരെ സൂക്ഷിച്ചു വച്ചിരുന്നാലും അദ്ദേഹത്തിൻെറ ജീവിതരീതി എന്തായിരുന്നു എന്നറിയുന്നതിനു ചിത്രംകൊണ്ടു സാധിക്കുന്നത

ല്ല. മഹാകവിയുടെ വാക്കാകുന്ന ചിത്രത്തിൽ നിന്നു ഒരു പുരുഷന്റെ ആകൃതിയും ജീവിതരീതിയും നമുക്കു വ്യക്തമായി ഗ്രഹിക്കാം. അതുകൊണ്ടു മഹാകവികളുടെ പ്രതിഭാതൂലികകൾക്കുള്ള ശക്തി ലോകത്തുള്ള ഏറ്റവും ചിത്രകാരന്മാരുടെയും തൂലികകളെ അതിശയിക്കുന്നതാണ്. ഇവിടെ കാവ്യമെന്നു പറഞ്ഞിട്ടുള്ളതെല്ലാം വ്യംഗ്യപ്രധാനവും ഇതിവൃത്തബന്ധധ്വനിമയവുമായ ഉത്തമകാവ്യത്തെ ഉദ്ദേശിച്ചാണ്.

ഇനി മുകളിൽ പറഞ്ഞമാതിരി ഉത്തമകാവ്യങ്ങളുടെ പാരായണം കൊണ്ടു ധർമ്മാധർമ്മജ്ഞാനം സിദ്ധിക്കുന്നതാണോ എന്നു നോക്കാം. ഒന്നാമതായിട്ടു കാളിദാസരുടെ രഘുവംശം തന്നെ എടുക്കാം. ഇതിൽ സൂര്യവംശരാജാക്കന്മാരുടെ ജീവിതരീതിയെ അദ്ദേഹം ഇപ്രകാരം ക്രമീകരിക്കുന്നു. "ബാല്യത്തിലെ വിദ്യകളഭ്യസിച്ചും താരുണ്യമായാൽ വിഷയെ സുഖിച്ചും വാൎദ്ധക്യകാലം മുനിയായ് കഴിച്ചും ദേഹത്തെ യോഗാലൊടുവിൽ ത്യജിച്ചും" ഇത് ഉത്തമരീതിയിൽ ജീവിതത്തെ നയിക്കണമെന്നാഗ്രഹിക്കുന്നവൎക്കു ധർമ്മശാസ്ത്രങ്ങളിൽ ഉപദേശിച്ചിട്ടുള്ളതാണ് അല്ലാതെ സൂര്യവംശരാജാക്കന്മാരെ ഉദ്ദേശിച്ചു മാത്രം പ്രവൃത്തിച്ചിട്ടുള്ളതല്ല. സൂര്യവംശരാജാക്കന്മാരെല്ലാം ഉത്തമന്മാരാണെന്നു കാണിക്കുന്നതിനു കാളിദാസരെടുത്തു ഇവിടെ യോജിപ്പിച്ചെന്നു മാത്രമേയുള്ളൂ അദ്ദേഹത്തിന്റെ സാരാഭിപ്രായമുള്ളൂ. അതുകൊണ്ടു ഈ കാവ്യം വായിക്കുന്നവൎക്കു ധർമ്മശാസ്ത്രം വായിക്കാതെ തന്നെ ഹിന്ദുക്കളുടെ ജീവിതരീതി ഇന്നവണ്ണമാണെന്നു മനസ്സിലാക്കി അപ്രകാരം അനുഷ്ഠിച്ചു കൊള്ളാവുന്നതാണ്. ശാകുന്തളത്തിൽ ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്കു പറഞ്ഞയക്കുന്ന അവസരത്തിൽ കണ്വമഹർഷി ഇപ്രകാരം ഉപദേശിക്കുന്നു. "സേവിച്ചീടുക പൂജ്യരെപ്പ്രിയസഖിയ്യെപ്പോലുപ്പംസപത്നീജനം ഭാവിച്ചീടുക കാന്തനോടിടയൊല്ലാധിക്കാരമേറ്റീടിലും കാണിച്ചീടുക ഭൃത്യരിൽ ദയ ഞെളിഞ്ഞീടായ്ക ഭാഗ്യങ്ങളാൽ വാണിട്ടിങ്ങനെ കന്യയാൾ ഗൃഹണിയാമല്ലെങ്കിലോ ബാധ താൻ" ഇതിൽ സ്ത്രീധർമ്മം മുഴുവനും ക്രോഡീകരിച്ചിട്ടുണ്ട്. ഇപ്രകാരം പിതാവു പുത്രന്റെ നേരെയും പുത്രൻ പിതാവിന്റെ നേരെയും ഭർത്താവു ഭാൎയ്യയുടെ നേരെയും ഭാൎയ്യ ഭർത്താവിന്റെ നേരെയും എന്നു വേണ്ട ലോകരംഗത്തിൽ മനുഷ്യർ അന്യോന്യം പെരുമാറേണ്ട രീതികൾ മുഴുവനും മഹാകാവ്യങ്ങളിൽ കാണാവുന്നതാണ്. അതുകൊണ്ടു കാവ്യമെഴുതാൻ പുറപ്പെടുന്നവർ കാവ്യം മനുഷ്യരെ സന്മാൎഗ്ഗത്തിൽ പ്രവൃത്തിപ്പിക്കുന്നതിനുള്ള ഒരു വിശിഷ്ടകലയാണെന്നു വിചാരിച്ചിരിയ്ക്കേണ്ടതും അന്യോന്യചിത്രപ്രയോഗങ്ങൾ കാവ്യത്തിൽ കടന്നുകൂടാതെ സൂക്ഷിയ്ക്കേണ്ടതുമാണ്. "നകഞ്ചിദപ്യന്യചിത്രകാവ്യം സോഢും പ്രഗത്ഭതെ" എന്നുണ്ട്. എന്നാൽ ഇപ്പോൾ "ഏകദ്വ്യക്ഷരകൢപ്തിപിണ്ഡിതഘടനാസംജാതശബ്ദോത്കരമാത്രകവിന്ദകാ: കവയിതും സജ്ജന്തിലജ്ജാമൃഷ" എന്നു ഉദ്ദണ്ഡശാസ്ത്രികൾ ഒരിക്കൽ പറഞ്ഞതുപോലെ കവനമാത്രകവിന്ദകന്മാരായി പുറപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വൎദ്ധിച്ചി

ട്ടുണ്ട്. ഇതിനിടയിൽ കേരളകാളിദാസൻ മുതലായ ചില ജാജ്വല്യമാനങ്ങളായ കവിനക്ഷത്രങ്ങൾ ഉദിച്ചില്ലായിരുന്നെങ്കിൽ മലയാളസാഹിത്യനഭോമണ്ഡലം അന്ധകാരദൂഷിതമായിട്ടപ്രാകാശമായിരുന്നു. മേൽ കാണിച്ചിട്ടുള്ള ഉപകരണങ്ങളൊന്നും കൂടാതെയും കവിതകൊണ്ടുള്ള പ്രയോജനമിന്നതാണെന്നു മനസ്സിലാക്കാതെയും കവിതയ്ക്കായി കാച്ഛം കെട്ടി പുറപ്പെടുന്ന കുകവികളെക്കൊണ്ടു ഭാഷയ്ക്കു ദോഷമല്ലാതെ യാതൊരു ഗുണവും സിദ്ധിക്കുന്നതല്ല. ഏതുവിധമെങ്കിലും കടിച്ചുപിടിച്ചു ഒരു ശ്ലോകമുണ്ടാക്കി വല്ല മാസികാപ്രവർത്തകന്മാരെയും ശുപാർശചെയ്തു മാസികയിൽ ചേർപ്പിച്ചു കീഴിൽ പേരും കൂടെ അച്ചടിച്ചാൽ വലിയ യശസ്സു സമ്പാദിച്ചു കൊള്ളാമെന്നു ഇവർ വിചാരിക്കുന്നുണ്ടെങ്കിൽ ഇതിൽ പരം മൌഢ്യം വേറെ വല്ലതുമുണ്ടോ. എന്നാൽ കവിതയെഴുതണമെന്നുള്ള ആഗ്രഹം സർവ്വഥാ ശ്ലാഘ്യമായിട്ടുള്ളതാണ്. അത് (കവിതയെഴുത്ത്) ഒരു നിസ്സാരമായ സംഗതിയാണെന്നും നാലു പാദം തികച്ചു ഒരു പദ്യമെഴുതുമ്പോളേക്ക് കവിതയെഴുതുന്നതിനുള്ള ഭാരം ഇത്ര മാത്രമേ ഉള്ളു എന്നും ഇവർ വിചാരിക്കുന്നുണ്ടെങ്കിൽ അതു തെററാണെന്നാണ് ഞാൻ പറയുന്നത്.

ഇനി ഗുണദോഷനിരൂപകന്മാരെ സംബന്ധിച്ചാണ് അൽപം പറവാനുള്ളത്. "കാരണം നാടകസ്യാസ്യ, കരണഞ്ച വിചാരണേ ശക്തിർവ്യുൽപത്തിസാമഗ്രീ സമ്പൂർണ്ണായസ്യ വിദ്യതേ" കവിതയെഴുതുന്നതിനും കവിതാനിരൂപണം ചെയ്യുന്നതിനും വാസനയും വ്യുൽപത്തിയും പരിപൂർണ്ണമായിട്ട് ആർക്കുണ്ടോ അയാൾ മാത്രമേ ശക്തനാകുന്നുള്ളു. ഇത് എത്രയോ വാസ്തവമായ ഒരു സംഗതിയാണ്. വ്യുൽപത്തി മാത്രമുള്ള ഒരാൾ ഗുണദോഷനിരൂപണത്തിനായി പുറപ്പെട്ടാൽ സഹൃദയഹൃദയപ്രമാണങ്ങളായ ചില കവിപ്രയോഗങ്ങൾ ശാസ്ത്രദൃഷ്ട്യാ അയാൾക്കു സാധുവല്ലെന്നു തോന്നിയേക്കാം. ഭാഷാവ്യാകരണപ്രകാരം ക്രിയ ഒരു വാക്യത്തിന്റെ അവസാനം പ്രയോഗിക്കണമെന്നാണല്ലോ നിയമം. എന്നാൽ "ഉണ്ടുത്തരാശയതിലങ്ങൊരു ദേവതാംശമാണ്ടുള്ള മാമലഹിമാലയനാമധേയൻ" ഇവിടെ ഉണ്ട്, എന്നുള്ള ക്രിയ ഭാഷാവ്യാകരണപ്രകാരം അവസാനം പ്രയോഗിച്ചാലുണ്ടാകുന്ന അസാരസ്യം വാസനാകവിയുടെ ഹൃദയം മാത്രമേ അറികയുള്ളു. അല്ലാതെ വൈയ്യാകരണൻ അറിയുന്നതല്ല. ഒരു സരസകവി വസന്താഗമത്തെ ഇപ്രകാരം വർണ്ണിക്കുന്നു. "പൂത്തിതാ മുല്ല പൂത്തിലഞ്ഞി പൂത്തുതേന്മാവു പൂത്തശോകം വായ്ക്കുന്ന ഹോളികവർണ്ണങ്ങൾ പൂവാൽ ക്ഷേപിക്കുന്നു കാടതിമേലകൾ പോലെ" ഇവിടെ പൂത്തു എന്നു മൂന്നുവട്ടം ആവർത്തിച്ചിരിക്കുന്നത് പുനരുക്തിദോഷമാണെന്നു ശാസ്ത്രദൃഷ്ട്യാ തോന്നാമെങ്കിലും അങ്ങുമിങ്ങും വസന്തചിഹ്നങ്ങൾ കണ്ടു തുടങ്ങുന്നതിനെ വർണ്ണിക്കുന്ന ഒരു വാസനാകവിയുടെ ഹൃദയത്തിൽ നിന്നും "പൂത്തിതാമല്ല പൂത്തിലഞ്ഞി പൂത്തുതേന്മാവു പൂത്തശോകം" എന്നു അയാൾ അറിയാതെതന്നെ പ്രവഹിച്ചുപോകുന്നതാണ്, അതുകൊണ്ടു കവിധർമ്മജ്ഞരത്രെ, വേണമെങ്കിൽ നിരൂപക

ന വാസന കൂടി ഉണ്ടായിരിക്കണം. "നൈശബ്ദ്യബ്രഹ്മാഖ്യം പരിമളമനാഘ്രായ സുജനഃ കവീനാം ഗംഭീരേ വചസി ഗുണദോഷൌ രചയിതു്" എന്നാണ് ഭട്ടമുരാരി പറയുന്നതു്. ഇപ്പോൾ വാസനയും വ്യുൽപത്തിയും തികഞ്ഞിട്ടുള്ള ഗുണദോഷനിരൂപകന്മാരിൽ നിഷ്പക്ഷപാതികൾ രണ്ടോ മൂന്നോ പേർ മാത്രമെയുള്ളു. ശേഷമുള്ളവരെല്ലാം പക്ഷപാതികളാണ്. നിഷ്പക്ഷപാതകമായ ഒരു നിരൂപകസംഘം കേരളത്തിലുണ്ടായെങ്കിൽ ഇതൽപരം ഭാഗ്യം വേറെ ഇല്ലെന്നാണ് തോന്നുന്നതു്. ഇപ്പോൾ മക്കവാറും പ്രഭുത്വം, ജാതി, ധനം, മുതലായവ നോക്കിയാണ് കവിതയുടെ വില തിട്ടപ്പെടുത്തി വരുന്നതു്. ചിലർ ഒരാളിന്റെ കവിത കണ്ടാൽ ഇയ്യാൾ ഇതിനു മുൻപു പത്രത്തിലൊ മാസികയിലൊ എഴുതിയിട്ടുണ്ടോ എന്നാണ് നോക്കുന്നതു്. അയാൾ വാസ്തവത്തിൽ ഒരു ഉത്തമകവിയാകട്ടെ എങ്കിലും ഒരു പുതിയ ആളാണെങ്കിൽ—നാൽകാലികളെ നിർമ്മിക്കുന്നവരായാലും രണ്ടോ മൂന്നോ തവണ പേരു കണ്ടിട്ടുള്ളവരുടെ കീഴിലെ സ്ഥാനം കൊടുക്കൂ എന്നുള്ളതു നിർബ്ബന്ധം തന്നെയാണ്. "കാട്ടിൽ കാററിൽ സുഗന്ധം കലുവതിനളവാകുന്ന പൂവിന്നനേകം" എന്നുള്ള തത്വം ഇവർ തീരെ വിചാരിക്കുന്നില്ല. ആത്മസംസ്കാരംകൊണ്ടു ജ്ഞാനഫലനദപാരമായിത്തീർന്നിട്ടുള്ള എത്രയൊ മഹാന്മാർ ഓരോരൊ കുടിലുകളിൽ ജീവിക്കുന്നുണ്ടു്, സ്ഥലവ്യത്യാസം നിമിത്തം അവരുടെ പരിശുദ്ധങ്ങളായ ആശയരത്നങ്ങൾക്കു തക്കതായ വില കൊടുക്കുന്നില്ല. പ്രകൃതിവർണ്ണന കൊണ്ടു തിളങ്ങുന്നതും രസപുഷ്ടവുമായ എൻ. കുമാരനാശാൻ അവർകളുടെ നളിനി എന്ന കാവ്യത്തെ സംബന്ധിച്ചുള്ള ഒരു പത്രാധിപാഭിപ്രായം ഞാൻ ഒരിക്കൽ വായിക്കയുണ്ടായി. "ഒതിനീണ്ട ജടയും നഖങ്ങളും ഭൂതിയും ചിരതപസ്വിയെന്നതും" എന്ന പദ്യത്തിൽ ദൂരാന്വയമെന്നൊരു ദോഷം മാത്രമെ അയാളുടെ ദൃഷ്ടിയിൽ പ്രധാനമായി പതിയുന്നുള്ളു. കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ പല നല്ല പദ്യങ്ങളും എഴുതീട്ടുണ്ടെങ്കിലും "അന്നേരം വന്നു രണ്ടീച്ച മന്ദേതരമടുത്തുടൻ" എന്നുള്ള ഒരു പദ്യത്തിൽ മാത്രമാണ് വേറൊരു ഗുണദോഷനിരൂപകന്റെ ദൃഷ്ടി പതിയുന്നതു്. വാസ്തവത്തിൽ ഗുണദോഷനിരൂപണം കൊണ്ടുള്ള പ്രയോജനം ദുഷ്കവിതകളെ അടിച്ചുമാററി സൽകവിതകൾക്കു സഞ്ചാരസൌകര്യം കൊടുക്കണമെന്നുള്ളതാണല്ലൊ. എന്നാൽ പക്ഷം പിടിച്ചുള്ള ഗുണദോഷനിരൂപണംകൊണ്ടു ഈ ഉദ്ദേശം സാധിക്കുന്നതാണോ? പ്രത്യുത, വിപരീതഫലമാണ് സിദ്ധിക്കുന്നതു്. പക്ഷം പിടിച്ചു ദുഷ്കവിതകളെ നന്നാക്കുന്നതിനും സൽകവിതകളെ ഇടിക്കുന്നതിനും ഒരുമ്പെടുന്ന ഗുണദോഷനിരൂപകന്മാർ ന്യായമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്ന ഇവരുടെ തൂലികയെ തൃണം പോലെ വകവയ്ക്കുന്നവരും പരപ്രത്യയകാരികളല്ലാത്തവരും നിഷ്പക്ഷപാതികളും ആയ സഹൃദയന്മാർ ഇടയ്ക്കിടയ്ക്കു കാണണമെന്നു വിചാരിച്ചു വളരെയുണ്ടാകാത്തതാണാശ്ചര്യം. അതുകൊണ്ടു സാധനസമ്പന്നന്മാരായ സരസകവികളും നിഷ്പക്ഷപാതികളായ ഗുണദോഷനിരൂപകന്മാരും കേരളത്തി

ൽ സംഖ്യാതീതമായി വൎദ്ധിക്കുന്നതിനും തദ്വാരാ മലയാള ഭാഷ ഉത്തമനിലയെ പ്രാപിക്കുന്നതിനും ശാരദാ ദേവിയുടെ കടാക്ഷമുണ്ടാകട്ടെ എന്നു ആശംസിച്ചു കൊണ്ടു ഈ പ്രസംഗത്തെ ഉപസംഹരിച്ചു കൊള്ളുന്നു.

ശാസ്ത്രാഭ്യാസമുദഃംബു,സമ്മിളിത മാംസംസ്കാരബീജത്തിൽ നി-
ന്നൽഭേദിച്ചുവളൎന്നുവന്നു വഴിപോലഥപുഷ്പിച്ചു മാദ്ധ്വീരസം
വിദ്വൽഭൃംഗതതിയ്ക്കുനല്കി നിതരാംസന്മാനസോദ്യാനഭൂ
മദ്ധ്യത്തിൽനന്ദി,സാഹിതിലത ലസിച്ചീടട്ടെമേലും ചിരം.

## കേതുക്കൾ.

(തുടൎച്ച)

(ഒരുവയിൽ എസ്സ്. കൃഷ്ണവാൎയ്യർ)

ഇനിയും കേതുക്കളുടെ ഉദയകാലദൈൎഘ്യതയെ പററി നോക്കുക തന്നെ. ഇതിനെ സംബന്ധിച്ചും നമുക്കു മതിയായ അറിവു കിട്ടിയിട്ടില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വരാഹമിഹിരൻ ഈ ഭാഗത്തെ സംക്ഷേപണം കൊണ്ടു കഴിച്ചു കൂട്ടിയിരിക്കുന്നു. കേതുക്കൾ ഓരോന്നും ഇത്ര കാലത്തോളം ഉദിച്ചു നില്ക്കുമെന്നു ഈ വിദ്വാൻ വിസ്തരിച്ചിട്ടില്ല. ൩ മം മുതൽ വത്സരം വരെ കേതുക്കൾ നഭോമണ്ഡലത്തെ അലംകരിച്ചു നില്ക്കുന്നതാണെന്നു സാമാന്യമായ് ഒരു അഭിപ്രായം വരാഹമിഹിരൻ തന്റെ വിശാലഹൃദയത്തിൽ നിന്നും പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ "കുമുദ" കേതുവിന്റെ ഉദയകാലദൈൎഘ്യത ഒരു രാത്രിയാണെന്നു ഇദ്ദേഹം പ്രത്യേകിച്ചു പ്രസ്താവിച്ചിരിക്കുന്നു.

നമ്മുടെ പ്രാചീന പണ്ഡിതന്മാർ കേതുക്കൾക്കും ചലനമുണ്ടെന്നറിഞ്ഞിരുന്നതായി നമുക്കു ലബ്ധലക്ഷ്യങ്ങൾകൊണ്ടു ഉറപ്പിക്കാവുന്നതാണു. പക്ഷെ കേതുക്കളുടെ ഭ്രമണവേഗതയേയൊ ചാരാദ്ധ്വാ (Orbit)വിനെയൊ സൂൎയ്യഗോളത്തെ ഒരു പ്രാവശ്യം ചുററി വരുന്നതിനു അവൎക്കു വേണ്ടിവരാവുന്ന സമയത്തെയൊ കുറിച്ചു വിചിന്തനം ചെയ്യുവാൻ അവർ ശ്രമിച്ചതായി തോന്നുന്നില്ല. അതിനാൽ ഈ സംഗതികളെ ഒന്നു മാററിനിൎത്തി കേതുക്കളുടെ വൎഗ്ഗവിഭാഗം, ഉദയസ്ഥാനം മുതലായതിനെ അതാതു പിടിക്കാം.

കേതുക്കൾ എത്രയുണ്ടെന്നു നമ്മുടെ ഗ്രന്ഥകാരന്മാർ പൎയ്യാലോചിച്ചതിൽ ഭിന്നാഭിപ്രായത്തിലാണ് ഫലം കലാശിച്ചിട്ടുള്ളതെന്നു ആദ്യമെ തന്നെ പറയപ്പെട്ടു. ഒരു കേതു മാത്രമെ ഉള്ളു എന്നുള്ള നാരദ ഋഷിയുടെ മതം ചിന്താന്തരത്തിൽ നിന്നും നമ്മെ വിശ്രമിപ്പിക്കട്ടെ. പരാശരപക്ഷവും ഗൎഗ്ഗപക്ഷവും കൂടി കൂട്ടികലൎത്തിയാൽ ആകെ ൧൦൦൦ കേതുക്ക

ൾ ഉണ്ടെന്നു കാണാവുന്നതാണ്. ഈ കല്പത്തിൽ ൧൦൧ പരാശരനും ശേഷിച്ച വൻ ഗർഗ്ഗനും അവകാശപ്പെട്ടതായി വിചാരിക്കാൻ മാർഗ്ഗം ഉണ്ട്. ഈ ഭിന്നാഭിപ്രായം അറിഞ്ഞു തന്നെയാണ് സന്ദേഹസംകലിതനായ വരാഹമിഹിരൻ. "ശതമേകാധികമേകെ" എന്നിത്യാദി അദ്ദേഹത്തിൻെറ സംഹിതയിൽ പരാഭിപ്രായ പ്രകടനം ചെയ്തിരിക്കുന്നത്. പരാശരപക്ഷം ഗർഗ്ഗൻ പരിത്യജിച്ചിട്ടുമില്ലത്രെ. ൧൦൦൦ കേതുക്കളുടെ ഒരു വിവരണം ചുവടെ ചേർത്തുകൊള്ളുന്നു.

രവിജ കേതുക്കൾ ൨൫. ഈ കേതുക്കൾ സൂര്യപുത്രന്മാർ ആകുന്നു. ഇവക്കു മുത്തിൻെറയും സ്വർണ്ണത്തിൻെറയും വർണ്ണമുണ്ട്. (ഹാരമണിഹേമരൂപാ). ഇവയുടെ ഉദയസ്ഥാനം കിഴക്കും പടിഞ്ഞാറും ആണ്. ഇവയുടെ ഉദയം രാജാക്കന്മാൎക്കു ദോഷത്തെ ചെയ്യും. (നൃപതിവിരോധാവഹ)

ഹുതാശസുതകേതുക്കൾ ൨൫. ഈ കേതുക്കൾ അഗ്നിയുടെ പുത്രന്മാരാകുന്നു. ഇവക്കു ചുവപ്പുനിറമാണ്. (ശുകദഹനബന്ധൂകലാക്ഷാനാഭാഃ). ഇവയുടെ ഉദയസ്ഥാനം തെക്കുകിഴക്കാകുന്നു. ഇവകളുടെ ഉദയം കൊണ്ടു അഗ്നിഭയം ഉണ്ടാകും. മൃത്യുസുതകേതുക്കൾ ൨൫ ഈ കേതുക്കൾ യമപുത്രന്മാരാകുന്നു, ഇവയുടെ ആകൃതിവർണ്ണങ്ങൾ രൂക്ഷങ്ങളാണ്. തെക്കാണ് ഇവയുടെ ഉദയസ്ഥാനം. ഇവക്കു വളഞ്ഞ വാലുകൾ ഉണ്ട്. ഇവയുടെ ഉദയം ജനമരണത്തെ ഉണ്ടാക്കും.

ധരാതനയ കേതുക്കൾ ൨൨. ഈ കേതുക്കൾ ഭൂമിയുടെ പുത്രന്മാകുന്നു. ഇവക്കു വൃത്താകൃതിയും വെള്ളത്തിലൊഴിച്ച തൈലവർണ്ണവും ഉണ്ട്. വാലില്ലാ. ക്ഷാമവും ഭയവും ആണ് ഇവയുടെ ഫലം.

ശശിസുത കേതുക്കൾ ൩. ഈ കേതുക്കൾ ചന്ദ്രൻെറ പുത്രന്മാരാകുന്നു. (ശിശിരകിരണെ രജതഹിമകുമുദകുന്ദകുസുമോപമാഃ). ഇവയുടെ നിറം നല്ല വെളുപ്പാണെന്നു ഇതുകൊണ്ടു സ്പഷ്ടമാകുന്നു. ഇവക്കു വാലു ഉണ്ട്. ഉത്തരദിക്കാണ് ഇവയുടെ ഉദയസ്ഥാനം. ഇവയുടെ ഉദയം സുഭിക്ഷത്തെ ചെയ്യും.

ബ്രഹ്മസുതംകേതു ൧. ഈ കേതു ബ്രഹ്മാവിൻെറ പുത്രനാണ്. ഈ കേതുവിനു ൩ വാലുകൾ ഉണ്ടത്രെ. ഈ ൩ വാലുകൾക്കു മൂന്നു നിറങ്ങളാണ്. ഇതിൻെറ ഉദയസ്ഥാനത്തിനു നിയമമില്ലാ. ഇതിനെ ബ്രഹ്മദണ്ഡം എന്നും വിളിക്കും. യുഗാന്തരാരംഭത്തിൽ ഇതിൻെറ ഉദയം ഉണ്ടാകുന്നതിനാൽ ഉദയഫലം പ്രളയമാകുന്നു.

ഇത്രയും കേതുക്കൾ പരാശരപക്ഷത്തിൽ പെട്ടതാകുന്നു ഇനിയും ഗർഗ്ഗപക്ഷം കൂടി നോക്കുക തന്നെ.

ഗണക കേതുക്കൾ ൨൦൪. ഇവ ബ്രഹ്മാവിൻെറ പുത്രന്മാരാകുന്നു. ഇവകൾ എല്ലാം കൂടി ഏകോപിച്ചു ഒരു നക്ഷത്ര പംക്തിപോലെ ആകാശത്തിൽ കാണപ്പെടും. ഇവയുടെ ഉദയഫലം സൌഭിക്ഷ്യവും ഉദയസ്ഥാനം ഉത്തരദേശവും ആകുന്നു.

വിശ്വരൂപകേതുക്കൾ ൧൨൦. ഇവ അഗ്നിപുത്രന്മാരാകുന്നു. ഇവയുടെ വർണ്ണം രക്തവും ഉദയസ്ഥാനം അഗ്നികോണും ഉദയഫലം ഭയവും ആണ്.

കബന്ധ കേതുക്കൾ ൯൬. ഈ കേതുക്കൾ യമന്റെ പുത്രന്മാർ ആകുന്നു. പരാശരപക്ഷത്തിലെ മൃത്യുസുതന്മാരുടെ വിവരണം ഇവയ്ക്കും മതിയാകും. ഇവയുടെ ഉദയസ്ഥാനം നാലു കോണുകളാണെന്നു മാത്രം ഒരു വ്യത്യാസമുണ്ട്.

ബ്രഹ്മദണ്ഡകേതുക്കൾ ൮൪. ഇവ ശുക്രപുത്രന്മാർ ആകുന്നു. ഇവയുടെ ഉദയസ്ഥാനം വടക്കും വടക്കുപടിഞ്ഞാറും ആണ്. മററു വിവരങ്ങൾ അറിയപ്പെട്ടിട്ടില്ല.

അരുണകേതുക്കൾ ൭൭. ഇവ വായുവിന്റെ പുത്രന്മാരാണ്. വർണ്ണത്തെപ്പററി വ്യക്തമായൊന്നും കാണുന്നില്ല. വായുകോണാണ് ഇവയുടെ ഉദയസ്ഥാനം ഫലം സൌമ്യമാകുന്നു.

വികചകേതുക്കൾ ൬൫. ഈ കേതുക്കൾ ഗുരുസുതന്മാർ ആണ്. ഈ കേതുക്കളും ഏകോപിച്ച നക്ഷത്രപംക്തിയായി സ്ഥിതി ചെയ്യുന്നു. നിറം വെളുപ്പാണ്. ഇവയ്ക്കു വാലില്ല. ദക്ഷിണദിക്കാണ് ഇവയുടെ ഉദയസ്ഥാനം ഉദയഫലം പാപമാകുന്നു.

കനകകേതുക്കൾ ൬൦. അഥവാ ശനൈശ്ചരാംഗാരക കേതുക്കൾ. ഇവ ശനിയുടെ പുത്രന്മാരാണ്. ശനിയുടെ വർണ്ണം തന്നെ. ഇവയുടെ വർണ്ണവും ഇവക്കു രണ്ടു വാലുകൾ ഉണ്ട്. ഇവയുടെ ഉദയസ്ഥാനത്തിനും നിയമമില്ല. ഉദയഫലം അതികഷ്ടമാണ്.

കുജാത്മജകേതുക്കൾ ൬൦. ഈ കേതുക്കൾ കുജപുത്രന്മാർ ആകുന്നു നിറം ചുമപ്പാണ്. ഇവയെ കുംകുമകേതുക്കൾ എന്നും വിളിക്കുന്നു. ത്രിശൂലം പോലെയാണ് ഇവയുടെ ആകൃതി ഉദയസ്ഥാനം സൌമ്യാശയും ഫലം പാപവുമാകുന്നു.

താമസകീലക കേതുക്കൾ ൩൩. ഈ കേതുക്കൾ രാഹുവിന്റെ സന്താനങ്ങളാണ്. ഇവയുടെ നിറം സൂര്യചന്ദ്രന്മാരുടെ കളങ്കത്തിനു തുല്യവും ഉദയസ്ഥാനം വടക്കും ഉദയഫലം അശുഭവുമാണ്.

തസ്കരകേതുക്കൾ ൫൧. ഇവ ബുധന്റെ പുത്രന്മാരാണ്, ഇവയ്ക്കുള്ള നിറം പാണ്ഡുരവും ആകൃതി സൂക്ഷ്മവും എന്നാൽ ദീർഘവും ആണ്. ഇവയുടെ ഉദയസ്ഥാനത്തിനു നിയമമില്ല. ഇവയെ തിരിച്ചറിയുവാൻ വളരെ പ്രയാസം ആകുന്നു. ഇവയുടെ ഉദയഫലം പാപമാകുന്നു.

കനകകേതുക്കൾ ൩൨. ഇവ വരുണ പുത്രന്മാർ ആണ്. നിറം സ്വർണ്ണത്തിന്റെ നിറം തന്നെ. ഇവയുടെ ഉദയസ്ഥാനം തെക്കുപടിഞ്ഞാറും ഉദയഫലം ശുഭവുമാകുന്നു.

ഗണകകേതുക്കൾ ൮. ഈ ഗണകകേതുക്കൾ പ്രജാപതി പുത്രന്മാർ ആകുന്നു മുൻപറഞ്ഞ ൮൪ ഗണകകേതുക്കളിൽ ഇവ ഉൾപ്പെടുന്നില്ല. എന്നാൽ മററു വിവരണങ്ങൾ ഒരുപോലെ തന്നെയാണ്.

ഇപ്രകാരം ഗർഗ്ഗപക്ഷത്തിൽ പെട്ട എണ്ണൂററിതൊണ്ണൂററിഒൻപതു (899) കേതുക്കളുടെ വിവരങ്ങളും അവസാനിക്കുന്നു. മേൽപറയപ്പെട്ടവ കൂടാതെ ചലകേതു, ശ്വേതകേതു, രശ്മികേതു, ധ്രുവകേതു, കപാലകേതു, മുതലായ അനേകം കേതുക്കളുടെ വിവരണം കൂടി ബൃഹൽസംഹിതയിൽ കാണുന്നുണ്ട്. അവകൾ വരാഹമിഹിരന്റെ നോട്ടത്തിൽ

കിട്ടിയവയായിരിക്കാം. വിസ്താരഭയമോർത്തും അപ്രധാനങ്ങൾ ആകായ്കയാലും അവയെ പററി ഇപ്പോൾ ഒന്നും എഴുതണമെന്നു തോന്നുന്നില്ല. കേതുക്കൾക്കു രവിജാദി നാമകരണം ചെയ്തിട്ടുള്ളതു് യുക്തിപൂർവ്വമാണെന്നു അവയുടെ വിവരണത്തിൽ നിന്നും മനസ്സിലാക്കാം. പ്രഥമദ്രഷ്ടാവിൻെറ നാമധേയം തന്നെ ദൃശ്യവസ്തുക്കൾക്കും നൽകുക എന്നുള്ള പതിവു് ഹൈന്ദവശാസ്ത്രജ്ഞന്മാർക്കു ചേർന്നിരുന്നില്ല. എന്നാൽ പാശ്ചാത്യപണ്ഡിതന്മാരാകട്ടെ നവനാമധേയം തന്നെ നവ്യവസ്തുക്കൾക്കും കൊടുത്തു വന്നു. ഈ ഏർപ്പാടു ഇപ്പോഴും പാശ്ചാത്യന്മാരെ വിട്ടുപിരിഞ്ഞിട്ടില്ല എന്നുള്ളതു് ഹാലി നക്ഷത്രം മുതലായ അഭിധാനങ്ങൾ കൊണ്ടു തെളിയുന്നുണ്ടു്. പരാശരാദികൾ കേതുക്കൾക്കു സ്വനാമധേയങ്ങൾ കൊടുത്തിട്ടില്ല. ശുക്രകേതുവിനെയോ നാരദകേതുവിനെയോ കുറിച്ചു നമുക്കു അറിവില്ല. അഥവാ ഋഷികൾ വശ്യവചസ്സുകളാകയാൽ അവർക്കു പദദാരിദ്ര്യം വരുന്നതല്ലല്ലോ. തസ്കരകേതു, കുംകുമകേതു എന്നിവ സാർത്ഥനാമധേയങ്ങളാണ്. അതതു പദങ്ങളിൽ നിന്നു തന്നെ വിവരണം സ്ഫുരിക്കുന്നുണ്ടു്. അതിനാൽ നവ്യവസ്തുക്കളുടെ നാമകരണക്രിയക്കു പാശ്ചാത്യന്മാരോളം അനായാസത്വം ഹിന്ദുക്കൾക്കു ലഭിച്ചിട്ടില്ല. അഥവാ നൂതനവസ്തുക്കളുടെ സാന്നിധ്യം അറിവാനും നാം അന്ധന്മാർ തന്നെ.

കേതുഭയത്താൽ വന്നുകൂടുന്ന ഫലങ്ങളെ കൂടി ചുരുക്കി പറഞ്ഞു ഈ നിരൂപണം അവസാനിപ്പിച്ചേക്കാം. കേതുക്കളുടെ ഉദയം അശുഭലക്ഷണമാണെന്നാണ് പൊതുവിൽ ഒന്നു ധരിച്ചു വച്ചിരിക്കുന്നതു്. ഏറിയകാലത്തിനു മുൻപു തന്നെ ജ്യോതിശ്ശാസ്ത്രപ്രചാരം സിദ്ധിച്ചിരിക്കുന്ന കൽദായന്മാർ, എജിപ്തുകാർ, ഗ്രീക്കുകാർ, ചീനത്തുകാർ, റോമാക്കാർ ഇവരുടെ ഇടയിലും കേതുക്കളുടെ ഉദയം ക്ഷാമം, ഈതിബാധ, യുദ്ധം, രാജവിനാശം മുതലായ കഷ്ടസംഭവങ്ങൾക്കു കാരണമായി തീരുമെന്നു ഒരു വിശ്വാസം കടന്നുകൂടിയിട്ടുള്ളതാണ്. കേതുക്കൾ തന്നെ സുഖദായികൾ ദുഃഖദായികൾ ഇങ്ങനെ രണ്ടുപ്രകാരത്തിലുണ്ടെന്നു നമ്മുടെ ജ്യോത്സ്യശിരോമണികൾ അറിഞ്ഞിരിക്കുന്നു. ഇതിൻെറ വാസ്തവം മേൽകാണിച്ച വിവരണത്തിൽ നിന്നും കാണാം. ഇതുകൂടാതെ അശ്വിന്യാദി നക്ഷത്രങ്ങളിൽ കേതുഭയം വന്നാൽ ഓരോ നാട്ടുവാഴികൾക്കും വരുന്ന ഫലവിശേഷങ്ങളെ പററി വരാഹമിഹിരൻ,

> "ബഹുലാസ്യകലിംഗേശം-രോഹിണ്യാം ശൂരസേനപതിം
> അശ്വിന്യാമശ്മകപം-ഭരണീഷു കിരാതപാർത്ഥിവം ഹന്യാൽ"

എന്നിങ്ങനെ വരാഹമിഹിരൻ ധൈര്യത്തോടു കൂടി വിളിച്ചു പറയുന്നു. മഹാനായ വരാഹമിഹിരൻെറ കാലത്തു ചില കേതുക്കൾ ഉദിക്കയും അപ്പോഴോ മറ്റോ ചില രാജാക്കന്മാർക്കു ദോഷം സംഭവിക്കയും ചെയ്തു എന്നു വന്നേക്കാം. കാഴ്ചപരിചിതന്മാരും ശാസ്ത്രപാരംഗതന്മാരുമായ ദിവ്യന്മാരുടെ മതം പാമരന്മാരുടെ ഹാസ്യഭാജനമാകേണ്ടതില്ല. സൂര്യചന്ദ്രന്മാർക്കും ഗ്രഹങ്ങൾക്കും ജീവജാലങ്ങളിൽ പ്രയോഗിക്കപ്പെടാവുന്ന ഒരു പ്രത്യേകശക്തിയുണ്ടെന്നു നമുക്കു വിശ്വസിക്കാമെങ്കിൽ ഈ കേതുക്കൾക്കും അങ്ങിനെ ഒരു ശക്തി ഉണ്ടാകയില്ലെന്നു നമുക്കു എങ്ങിനെ തീർച്ചപ്പെടുത്താം? പക്ഷെ ഇപ്രകാരമുള്ള ശക്തി പ്രകൃതിദത്തമാകയാൽ നിരോധക്രിയകൾ ചെയ്യുന്നതു സാഹസപ്രവൃത്തി തന്നെയാണ്. ദുരദിഷ്ടത്തിനു കാരണം കേതുഭയമോ ഗ്രഹണമോ ആണെന്നു ഭ്രമിച്ചു പരിഹാരത്തിനായി മടലുകൊണ്ടു ഭൂതാഡനം ചെയ്ക മുതലായ അന്ധചേഷ്ടിതങ്ങ

ൾക്കു ഇട കൊടുക്കുന്നതു നീതീകരിക്കത്തക്കതല്ലാ. ധൂമകേതുക്കൾ ഉദിക്കുമ്പോൾ രാഹുകേതുക്കളെ ഓടിക്കുവാൻ കണ്ടുപിടിച്ചു വച്ചിട്ടുള്ള കൌശലം നമ്മുടെ ആളുകൾ സാധാരണ പ്രയോഗിച്ചു കാണാത്തത് എന്തുകൊണ്ടെന്നറിയുന്നില്ലാ. പക്ഷെ ഭൂദേവിയുടെ ഭാഗ്യമായിരിക്കും. അല്ലെങ്കിൽ കേതുക്കളുടെ തത്വസ്ഥിതിയെ പററി ജനങ്ങൾക്കു ശരിയായ ബോധം ഉണ്ടെന്നു വരാം. ചുരുക്കത്തിൽ ഈ മാതിരി സംഭവങ്ങൾ, സർവ്വവ്യാപിയും സർവ്വശക്തനും ആയിരിക്കുന്ന ജഗദീശ്വരങ്കൽ ഒരു നാസ്തികനു പോലും ദൃഢവിശ്വാസത്തെ ഉണ്ടാക്കിത്തീർക്കുന്നതിനു ഉപകരിക്കുന്ന ഒരു വക ആയുധവിശേഷങ്ങളാണെന്നാണ് എന്റെ അഭിപ്രായം.

---

# ഒരു യഥാർത്ഥവസ്തു.

(തുടർച്ച)

(പുലിയൂർ പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരി).

---

അദ്ദേഹം പോയതിൽ പിന്നവിടെഴുമവനീവാനരന്മാർ തനിക്കു-
ള്ളദ്ദേശത്തെ നിവൃത്തിപ്പതിന്നവർ പരം ശക്തരല്ലാതെയായി
തദ്ദേശാധീശ ദേവാലയധനമതിനെന്നൊക്കെയും കൈക്കലാക്കി
ട്ടദ്ദേവസ്വത്തിലന്നാ പ്രഭുജനമധികസ്വാധികാരം ചെലുത്തി.

കർത്താവാകുന്ന യോഗീശ്വരനുടയ വിയോഗത്തിലപ്പോരാളുകന്മാർ
ഭർത്താവില്ലാത്ത ഭാര്യാപദഭരമിയലും ഭാമിനീജാതിപോലെ
ഉൾത്താപം പൂണ്ടുവാണാരുടനെതിലുടമസ്ഥാവകാശം പ്രഭുക്കൾ- (താൻ
ക്കെത്താൻ കൈവന്നു യോഗം വിധിവിഹിതമഹോ. വിസ്മയം വിസ്മയം

അർക്കൻപോയസ്തമിക്കുന്നളവിലധികമാമന്ധകാരം ജഗത്തിൽ
തക്കം വിട്ടാക്രമിക്കും പടിതദനന്തരം നോക്കിനിന്നാപ്രഭുക്കൾ
വെക്കം കൈക്കേറിയപ്പോരാളുകൾ ധരണീസുരന്മാരെയും കീഴടക്കി-
ട്ടൊക്കെസ്വാധീനമാക്കി ബത! കരബലമുള്ളാളുകൾക്കെന്തസാദ്ധ്യം?

മോടിക്കോപ്പാർന്നു മൂഢപ്രഭുവവിടെയിരിക്കുന്നനേരത്തടുക്കൽ
പേടിച്ചപ്പോരാളുകൾ ശ്രീസുരരഖിലമൊതുക്കത്തിൽ വാപൊത്തി മന്ദം
കൂടിക്കാഴ്ചയ്ക്കു കൂടീടണമതിനുമടിച്ചീടുകിൽ കൈമടക്കി
ത്താടിക്കിട്ടങ്ങുതാങ്ങുന്നതിനുമവനതിൽ തക്കമില്ലൊക്കെയാവാം.

ഈമട്ടേറെക്കുറേനാളവരവിടെനയിച്ചൊക്കെയും താൻ സഹിച്ചും
ക്ഷേമത്തിന്നീശ്വരാംഘ്രിദ്വയമകമലരിൽ പാർത്തു ഭക്ത്യാ ഭജിച്ചും
കാമത്തെക്കാത്തുകാലോചിതകഠിനകളങ്കാധമാധർമ്മകർമ്മ-
സ്തോമത്താൽ സ്തോഭമേകിപ്രഭുവിനെയപമാനിച്ചപായപ്പെടുത്തി.

തൽബന്ധുവ്രാതമീവാർത്തകളഖിലമറിഞ്ഞെത്തിയുൾക്കത്തലോടും
നിർബന്ധംവിട്ടനൈസർഗ്ഗികനിഖിലനിജദ്വേഷമേതാണ്ടൊതുക്കി
ദൌർബല്യത്തേനടിച്ചേററവുമടിമകളേപ്പോലെനിന്നന്നൊരുന്നാൾ
നൽബന്ധത്തിങ്കലാക്കിച്ചതിവിലവനിദേവാന്വയംകൊന്നടക്കി.

അക്ഷോണീദേവദേവാലയവിവിധധനംസർവ്വംകൈക്കലാക്കി
പ്രക്ഷോഭത്താൽ പ്രവാസോത്കയൊടവരവിടം വിട്ടുപോയക്ഷണത്തിൽ
രക്ഷോപായംലഭിക്കാതതുമുതലപരാധതമാന്നമ്പലം ത-
ദ്രക്ഷോബാധാക്രമത്താൽമനുജഗതിപെടാതന്നഹം ശൂന്യമായി.

ക്രൂരവ്യാളവരാഹസിംഹമഹിഷവ്യാഘ്രാലയസ്ഥാനമായ്
പാരംപാരിലതീവഭീതികരമായദ്ദേശമന്നാൾമുതൽ
സാരാസർവ്വമറിഞ്ഞുപിന്നെവളരെക്കാലംകഴിഞ്ഞാണുസ-
ഞ്ചാരംചെയ്‌വതിന്നസ്ഥലം സുകൃതകർമ്മത്താൽവഴിപ്പെട്ടതും

മൃതദ്വിജകുലാവശേഷിതനൊരാളതിൻശേഷമായ്
വിതർക്കമുടനമ്പലംവിപുലമായ്‌വിനിർമ്മിച്ചതിൽ
ഹിതത്തിനുചിതപ്രതിഷ്ഠകൾകഴിച്ചുരക്ഷോഗണാ
വൃതതയുമൊഴിച്ചു,സൽക്രിയകൾചെയ്തുനാനോത്സവം.

ക്രമത്തിലഭിവൃദ്ധമായവിടമാധിപത്യാധികാ-
ക്രമത്തിലധികാരമന്യനുലഭിച്ചുകാലാന്തരാൽ
സമസ്തവുമടക്കിവാണിതു,യഥാർത്ഥവസ്തുക്കളിൽ
സമതനിലവിട്ടതേസമധിഗമ്യസമ്പത്തിനാൽ.

യഥാർത്ഥമായുള്ളൊരുവാസ്തവത്തിലി-
ക്കഥാപ്രസംഗംകഥനീയമെത്രയും
പ്രഥാതിരേകംപെട്ടുമീയൊരമ്പലം
വ്യഥാവിഹീനംവിലസട്ടെനിത്യവും.

ശുഭം.

---

## വൈദ്യവിധേയം.

(എൻ—ആർ)

ആമൂലോൽഫുല്ലകല്പദ്രുഃ
ശ്രീമൂലക്ഷ്മാധിപോഭവൻ
സീമാനിർമ്മുക്തസൽഗുണ്യഃ
ശ്രീമാൻകാമാൻദദാതിഹി.

അമർത്ത്യാധീശകല്പായ
സമർത്ഥാമാത്യശാലിനെ
പുമർത്ഥശ്രീനിദാനായ
നമസ്തസ്മൈമഹീക്ഷിതേ.

ആ മൂലവൃക്ഷ് വഫലകല്പതരുപ്രകാശഃ
കാമാമരേന്ദ്രധനദാധിക സത്തമശ്രീഃ
ശ്രീമൂലവഞ്ചിധരണീശതധാര പാണി
ർധീമാനിമാനവതുനസ്സദയം ശതാബ്ദം.

ഭാഗ്യമുള്ള നമ്മുടെ പരമകാരുണികനായ പൊന്നുതമ്പുരാൻ തിരുമേനി നിരർഗ്ഗളമായ ദീനരുചിയുള്ളം നിമിത്തം കല്പിച്ചേർപ്പെട്ടുത്തീട്ടുള്ളവയിൽ ഉൾപ്പെട്ട ആയുർവ്വേദപാഠശാലയെയും നാട്ടുവൈദ്യശാലകളെയും ആശ്രയിച്ച് തിരുവിതാംകൂറിലും ആ പൊന്നുതിരുമേനിയുടെ രക്ഷാധികാരത്തിൽ ഉൾപെട്ട ആര്യവൈദ്യസമാജം മുതലായവ നിമിത്തം കോട്ടക്കൽ മുതലായ സ്ഥലങ്ങളിലും നാട്ടുവൈദ്യചികിത്സാപ്രചാരപ്രസരണം പൂർവ്വാധികം വർദ്ധിച്ചുവരുന്ന എന്നുള്ളത് ലോകപ്രസിദ്ധമാണല്ലോ.

എന്നാൽ ഇപ്പോൾ വൈദ്യശാസ്ത്രവിധിപ്രകാരമുള്ള കഷായഘൃതതൈലാദികളെ ആധുനികസമ്പ്രദായപ്രകാരം കുറിച്ചു കൊടുത്തുണ്ടാക്കിക്കയൊ—ഉണ്ടാക്കി വച്ചു കൊടുക്കയൊ ചെയ്യുന്ന പല വൈദ്യന്മാർക്കും അംതിനുള്ള പച്ചമരുന്നു പറിപ്പുകാരായ പല പരിചാരകന്മാർക്കും കടമരുന്നുകച്ചവടക്കാരായ പല പീടികക്കാർക്കും ഇന്ന ഇന്ന മരുന്നുകൾ ഇന്ന ഇന്ന വിധം ഇരിക്കുമെന്നു പല മരുന്നുകളെക്കുറിച്ചും ലേശം പോലും നിശ്ചയമില്ലാതെ വന്നിരിക്കുന്ന സ്ഥിതിക്കു ആ കഷായം ഘൃതം മുതലായവ ഉദ്ദിഷ്ടഫലപ്രദമായി വരികയില്ലെന്നു മാത്രമല്ലാ നിശ്ചയക്കുറവു നിമിത്തം പല മരുന്നുകളും ഒന്നിനു പകരം മറെറാന്നായി ചേർക്കപ്പെടുവാൻ ഇടയായാൽ പ്രതികൂലഫലപ്രദമായി വരികയില്ലയൊ എന്നു കൂടി വിചാരിക്കേണ്ടിയിരിക്കുന്നു.

ഇന്തുപ്പ്, തുവർച്ചിലയുപ്പ്, വിളയുപ്പ്, മരക്കലയുപ്പ്, ഉവരുപ്പ്, കറുത്തുപ്പ്, മൈലുപ്പ്, പൊടിയുപ്പ് ഇങ്ങനെ എട്ടുപ്പുകളാണല്ലോ. അഷ്ടാംഗഹൃദയത്തിൽ നിത്യോപയോഗിത്വമുള്ള ഔഷധങ്ങളിൽ പ്രാധാന്യേന ആദ്യമായി ഗണിക്കപ്പെട്ടതു്. ഇവയിൽ ഇന്തുപ്പ് ഒഴികെ ശേഷമുള്ള ഉപ്പുകൾ എങ്ങനെ ഇരിക്കുമെന്നു പല വൈദ്യന്മാർക്കും കച്ചവടക്കാർക്കും ലേശം പോലും നിശ്ചയമില്ലാത്തതായിട്ടാണ് കാണപ്പെടുന്നതു്. കല്ലുപ്പ് കലക്കിത്തെളിച്ച് വിളയിച്ച് (കുറുക്കിപ്പററിച്ചു) എടുക്കുന്നതാണ് വിളയുപ്പ് എന്നു ചില വൈദ്യവേഷക്കാർ വിധിക്കുന്നുണ്ടു്. ഓണാട്ടുകര ഉൾപ്പെട്ട മുതുകുളം കീരിക്കാട്ട് മുതലായ സ്ഥലങ്ങളിൽ കണ്ടങ്ങളിൽ ഉണ്ടാകുന്ന ഒരു തരം ഉപ്പാണ് കറുത്തുപ്പ് എന്നു ഇതുപോലെയുള്ള മററു ചില വൈദ്യന്മാരും ഉപദേശിക്കുന്നുണ്ടു്. “പട്വനിവഞ്ചഭൈരവക്ഷാരൈര ..........ഗുളികാബീജപൂരരസേകൃതാകോലദാഡിമതോയേ വാപരം ദീപനപാചനീ” എന്നുള്ള യോഗപ്രകാരം ഗുളികയുണ്ടാക്കുന്നതിനു വൈദ്യൻ കുറിച്ചു കൊടുത്താൽ “പട്വനിവഞ്ച” എന്നുള്ള ഉപ്പ് അഞ്ചും കിട്ടുന്ന കാര്യം തന്നെ അസാദ്ധ്യം എന്നു മുൻ പ്രസ്താവം കൊണ്ടു വന്നല്ലോ. ദാഡിമവും മാതുലുംഗവും വൈദ്യശാസ്ത്രപ്രകാരം ഒന്നല്ല രണ്ടു തന്നെ ആണ് എന്നു ധരിച്ചിട്ടുള്ള ഒരാൾ നിറച്ചു പൂവും കായും ആയി നിൽക്കുന്ന ഒരു മാതളനാരകത്തെ കണ്ടിട്ട് ഇതു് ദാഡിമമാണൊ മാതുലുംഗമാണൊ എന്നു ചോദിച്ചാൽ സാമാന്യം നല്ല പഠിപ്പും ചികിത്സയിൽ നല്ല നടപ്പും ഉള്ള പല വൈദ്യന്മാരും നിശ്ചയമില്ലാഴികയാൽ ഉത്തരം പറയാൻ വിഷമിക്കുന്ന സ്ഥിതിക്ക് “ബീജപൂരരസേകൃതാകോലദാഡി മതോയേവാ എന്നുള്ള വിധി പ്രകാരം ആ ഗുളിക അരയ്ക്കുന്ന കാര്യം വളരെ എളുപ്പ

മായെല്ലൊ. "വമനെമദനംശ്രേഷ്ഠം ത്രിവൃൻമൂലംവിരെചനെ" എന്നാണല്ലൊ വിധി. അവയിൽ മദനം എന്ന മലങ്കാരക്കായെ മരുന്നുകൾക്കു ഉപയോഗിക്കുകയൊ അറിയുകയൊ ഒരിക്കലെങ്കിലും കണ്ടിട്ടുണ്ടായിരിക്കുകയൊ ചെയ്തിട്ടുള്ള വൈദ്യന്മാരുടെ എണ്ണം എത്രയൊ ചുരുങ്ങിയിരിക്കും. പിന്നെ "ത്രിവൃൻമൂലം വിരെചനെ" എന്നുള്ള വിധി അനുസരിച്ചു ത്രികോല്പക്കൊന്നയെ അറിയുന്നവരും ചുരുക്കം എന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ "ശ്യാമംശ്യാമാ" "അരുണം ത്രിവൃൽ" എന്നും മറ്റും ഉള്ള വിധിപ്രകാരം കറുത്തത് നാൽക്കൊല്പക്കൊന്നയാണെന്നും അതു് അധമമാണെന്നും ചുമന്നതാണ് ത്രികൊല്പക്കൊന്നയെന്നും അതാണ് ഉത്തമം എന്നും കാണുന്നു. ഇപ്പോൾ കടകളിൽ നിന്നും കിട്ടുന്ന ത്രികോല്പക്കൊന്ന കറുത്തതാണ്. ചുമന്നതു് കിട്ടുന്നതെ ഇല്ലാ. മുൻപൊരിക്കൽ കോഴഞ്ചെരിച്ചന്തക്കടയിലും പിന്നൊരിക്കൽ കൊല്ലത്തു കടയിലുംവച്ചു് ചുമന്ന (പൊൻകുരണ്ടിവേരിനെക്കാൾ അല്പം താണ നിറം ഉള്ള) ത്രികൊല്പക്കൊന്നയെ കണ്ടിട്ടുള്ളതല്ലാതെ പിന്നെ കണ്ടിട്ടില്ലാ.

അതുകൊണ്ടു ഇപ്പോൾ കടകളിൽ നിന്നും കിട്ടുന്ന ത്രികോല്പക്കൊന്ന ത്രികോല്പക്കൊന്ന അല്ലെന്നും നാല്ക്കോല്പക്കൊന്ന ആണെന്നും അഭിപ്രായപ്പെടുന്ന വൈദ്യന്മാരോടു ഞാനും യോജിക്കുന്നു. സൂത്രസ്ഥാനം പതിനഞ്ചാമദ്ധ്യായമായ ഒരദ്ധ്യായത്തിൽ തന്നെ മദനാദിമുതൽ ശ്യാമാദിവരെ മുപ്പത്തിമൂന്നു ഗണങ്ങളിൽ ഉള്ള മരുന്നുകളിൽ "അമൃച്ചക്കൊടി അരെണകം ആട്ടുക്കൊട്ടപ്പാല ആട്ടുനാറിവേള ആനമഞ്ഞൾ എരുമക്കള്ളി എലിയാൽ പെരെലത്തരി ഏലാവാലുകം കമ്പിപ്പാല കമ്മട്ടിപ്പാല കമ്പപ്പുല്ല് കരിമ്പൊലപ്പുല്ല് കൎക്കടകശൃംഗി കഴിമുക്കത്തങ്ങാ കാകോളി ക്ഷീരകാകോളി കാസീസദ്വയം കാനാഞ്ചി കാലുകിലുപ്പ കുറിച്ചൂലി ചപ്പുള്ളിക്കൊടി ചരളം ജീവകം ഇടവകം തകരം തവുക്ഷ ത്രികോല്പക്കൊന്നയൊ നാൽക്കോല്പക്കൊന്നയൊ രണ്ടിൽഒന്ന് തിരുവട്ടപ്പശ ത്തളക്കാപ്പീരം തുണിയാകം തൊഴുകാര നറുമ്പശ നാന്മുകപ്പുല്ല് ചോനകപ്പുല്ല് നിലപാക പതിമുകം പഴമുൾപ്പാല മുട്ടൽപീരം പൂരണക്ക് പുനമുരിങ്ങ പെരുമ്പീരം പെരുമ്പ പെരുമ്പുന്നരികം പെട്ടപ്പുല്ല് മണികാഞ്ചുകം കരിങ്കഞ്ചുകം മഞ്ചെട്ടിപ്പൊടി മരുളുടരി മുളമ്പിലാവ് മെദ മഹാമെദ പിടസ്ഥൽ രസാഞ്ജനം സൌവീരാഞ്ജനം സ്രോതൊഞ്ജനം വെൺകടുക് വെൽവയമ്പ് വേലിപ്പരുത്തി മുതലായ എത്ര മരുന്നുകളാണ് അറിയാൻ പാടില്ലാതെ ഉപേക്ഷിക്കപ്പെട്ടും ഒന്നിനു പകരം മറ്റൊന്നായി ചേൎക്കപ്പെട്ടും വരുന്നത്. പിന്നെ ജ്വരം രക്തപിത്തം കാസംശ്വാസം ക്ഷയം മുതലായവയുടെ ചികിത്സക്കുള്ള അദ്ധ്യായങ്ങളിലോട്ടു കടന്നാൽ എത്ര മരുന്നുകളാണ്. അറിയാനും കിട്ടാനും നിവൃത്തിയില്ലാതെ ഉപേക്ഷിക്കപ്പെടേണ്ടി വരുന്നത്. മഞ്ചട്ടിപ്പൊടി മുതലായ കടമരുന്നുകളുടെ കച്ചവടക്കാർ കൊച്ചി ആലപ്പുഴ മുതലായ കമ്പോളങ്ങളിൽ ചെന്നു് മൊത്തമായി മരുന്നുകൾ എടുക്കുമ്പോൾ റാത്തൽ ഒന്നുക്കു് രണ്ടണയ്ക്കൊ നാലുചക്രത്തിനൊ കിട്ടുന്ന നിർവ്വ്യാജമരുന്നുകൾ ഉണ്ടെങ്കിലും അവയെ വാങ്ങാതെ എത്രതില്ലായിരുന്നാലും രണ്ടു പൈസക്കൊ നാലു ചില്ലിക്കാശിനൊ കിട്ടും എങ്കിൽ അതിനെ ആണ് അവർ വാങ്ങിക്കൊണ്ടു വന്നു വിൽക്കുന്നതു് അവൎക്കു ലാഭം വേണമെന്നല്ലാതെ കടമരുന്നുകൾ വാങ്ങി ഉണ്ടാക്കുന്ന കഷായലേഹാദികൾ ഫലപ്പെടണമെന്നു വിചാരംവരുവാൻ സംഗതിയെ ഇല്ലാ. ആനക്കു് തീററി തിന്നണമെന്നല്ലാതെ ആറാട്ടു നന്നാകണമെന്നു വിചാരം വരുവാൻ അവകാശമില്ലല്ലൊ. താലീസപത്രം തുണിയാകം സമുദ്രപ്പുഷ്പകത്തുരകം മഞ്ച

ട്ടിപ്പൊടി എന്നും മററും ഡാപ്പ വായിച്ച് കച്ചവടക്കാർ അങ്ങാടിപ്പെട്ടിയിൽ നിന്നും കല്ലും മണ്ണും കരടും പൊടിയും ചപ്പും ചവറും ഒക്കെക്കൂടിച്ചേന്ന് മിശ്രമായികിടക്കുന്നതിനെആണ് വാരിവെച്ചുതൂക്കിക്കെട്ടി കൊടുക്കുന്നത്. അങ്ങനെ വാങ്ങിക്കൊണ്ടു പോകുന്നവർ അതുപടി തന്നെ കഷായത്തിൽ ഇടുകയൊ അല്ലെങ്കിൽ അരസ്സുകയൊ പൊടിക്കുകയൊ ചെയ്ത് മരുന്നുകളിൽ ചേർക്കുകയൊ ആണ് ചെയ്യുന്നതു്. അല്ലാതെ ഒന്നു തിരിഞ്ഞു പിറക്കണം എന്നുപോലും വിചാരിക്കുന്നവർ അധികം ഇല്ലാ.

"സക്ഷീരം തദസമ്പത്താവനതി ക്രാന്തവത്സരം" എന്നുള്ളതനുസരിച്ച് എല്ലാ മരുന്നുകളും ഏററവും പുതിയവ ആയിരിക്കണമെന്നും അതിനു നിവൃത്തി ഇല്ലാതെ വന്നാൽ തിപ്പലിയും പിഴാലരിയും ഒഴിച്ച് ശേഷമുള്ളവ ഒരു വത്സരത്തിൽ അധികം പഴക്കം ആകാത്തവ ആയിരിക്കണം എന്നും മററും ഉണ്ടല്ലൊ. എന്നാൽ ചില പീടികകളിലെ മരുന്നുകൾ അതിക്രാന്ത ബഹുവത്സരങ്ങൾ അതായത് വളരവളരെ സംവത്സരത്തെ പഴക്കം ചെന്നവതന്നെ ആയിരിക്കാം. നീർദോഷനിവൃത്തിക്ക് തലയിൽ തിരുമ്മുന്നതിനും മററും ഉള്ള രാസ്നാദിപൊടി മുതലായവയിൽ ചേരേണ്ടതും അഷ്ടഗന്ധവർഗ്ഗത്തിൽ ഉൾപ്പെട്ടതും നല്ല സുഗന്ധമുള്ളതും ആയ കൊട്ടവും ഇരുവേലിയും ഇപ്പോൾ പല കടകളിൽ തിരക്കിയാൽ ചിലടത്തു നിന്ന് കിട്ടി എന്നും വരാം. ഇപ്പോൾ കടകളിൽ നിന്നും കിട്ടുന്ന കൊട്ടവും ഇരുവേലിയും മണമില്ലാത്തതും വെറും വ്യാജച്ചരക്കും ആണ് കസ്തൂര്യാദിഗുളിക എന്നു കേട്ടിട്ടില്ലാത്തവരും അതേകുറിച്ചു ബഹുമാനമില്ലാത്തവരും മലയാളത്തുള്ളവരിൽ ആരും ഉണ്ടെന്നു തോന്നുന്നില്ലാ. അന്തരാധിസ്ഥാനത്തിൽ അകത്തുള്ള സകല വേദനകൾക്കും പരിഹാരമുണ്ടാകും എന്നു ജനവിശ്വാസമുള്ളതും മരണകാലത്തിൽ ഉള്ള സങ്കടത്തിൻെറ നിവൃത്തിക്ക് അത്യന്തം ഉപയോഗമുള്ളതും മററുമാകയാൽ വളരെ വിലവയ്പുള്ളതും ആയ കസ്തൂര്യാദിഗുളികക്ക് ചേരേണ്ടതായ ഹിരുവിയും പാറങ്കിയും പച്ചപാശിയും എങ്ങനെ ഇരിക്കുമെന്നു ആർക്കും തന്നെ അറിഞ്ഞുകൂടാ പിന്നെ "വജ്രനാകമനയെംലാശാളിയുംഎന്നു" ള്ളടത്ത് വ വജ്രനാകം എന്താണെന്ന് സാധാരണവൈദ്യന്മാർക്ക് നിശ്ചയമില്ലാ. ചിലർ വജ്രനാഭിമനയൊലാ എന്നു പഠിക്കുന്നു. വജ്രംവൈരക്കല്ല് നാഭി, വത്സനാഭി എന്നു അർത്ഥവും കല്പിക്കുന്നു. മററു ചിലർ വത്സനാഭിമനയൊലാശാളിയും എന്നു തന്നെ പഠിക്കുന്നു. ഇപ്പോൾ തിരുവനന്തപുരം കൊല്ലം എറണാകുളം മുതലായ സ്ഥലങ്ങളിൽ പച്ചമരുന്നു കടകളും ധാരാളം ഉണ്ടല്ലൊ. ഞാൻ സ്വല്പം മുൻപോരിസ്സൽ തിരുവനന്തപുരത്തു പോയിരുന്നപ്പോൾ ഒരു മാന്യനായ ഇഷ്ടൻെറ ആവശ്യപ്രകാരം പച്ചമരുന്നു കടയിൽ പോകുവാൻ ഇടയായി. ആവശ്യപ്പെട്ട കുടകപ്പാലത്തൊലി എടുപ്പിച്ചു നോക്കിയപ്പോൾ സംശയം ജനിക്കയാൽ വായിലിട്ടു ചവച്ചു നോക്കി ലേശവും കയ്പ് കണ്ടില്ല. കുടകപ്പാലത്തൊലി അത്രമാത്രം കയ്പ് ഉള്ളതാണ്. (കയ്പ് തിക്തരസം) അപ്പോൾ യദൃച്ഛയാ ഇരിപ്പപ്പൂവിനെ കുറിച്ചു പ്രസംഗം ഉണ്ടാകുകയും പീടികയിൽ ഉണ്ടെന്നു കച്ചവടക്കാർ പറകയും ചെയ്തതനുസരിച്ചു കുറെ വാങ്ങിക്കുന്നതിനായി എടുപ്പിച്ചു നോക്കി.

അപ്പോൾ അതു ഇരിപ്പപ്പൂ അല്ല എന്നും ഏതിൻെറയൊ ഒരു പൂവ് ആണെന്നും കണ്ടു. പച്ചമരുന്നുകൾക്കും വ്യാജം ധാരാളം നടക്കുന്നു എന്നു അപ്പോൾ ആണ് മനസ്സിലായതു്. ഇരിപ്പപ്പൂവിൻെറ സ്പർശം, രൂപം, രസം, ഗന്ധം ഇവ എല്ലാം ഒന്നു വേറെ തന്നെ ആണ്. എൻെറ ഇഷ്ടൻ

ഒരു വൈദ്യൻ കടചാരിഷ്ടം ഉണ്ടാക്കുന്ന എന്ന പ്രസ്താപിക്കുകയും ഇരിപ്പ്പൂ എവിടെ കിട്ടി എന്ന ചോദിച്ചപ്പോൾ ആലപ്പുഴയിൽ നിന്നും വരുത്തി എന്ന പറയുകയും ചെയ്തു. എടുപ്പിച്ചു നോക്കിയപ്പോൾ അതു് ഇരിപ്പപ്പൂ അല്ല എന്ന കണ്ടശേഷം ഇവിടെ തെങ്കാശിയിൽ നിന്നും വരുത്തിയതിൽ കുറച്ചു ആ വൈദ്യന്നു അയച്ചുകൊടുത്തു. കമ്പിൾവേരിന്നെ കുമിഴിൻവേരു് എന്നാണല്ലൊ വടക്കൻ ഗ്രന്ഥങ്ങളിലും രാമവാരരുടെ ഭാഷാവ്യാഖ്യാനത്തിലും മററും എഴുതി ഇട്ടിട്ടുള്ളതു്. മദ്ധ്യതിരുവിതാംകൂർ വരെ ഉള്ളവക്കു കുമിഴും കുമ്പിളും ഒന്നാണെന്നറിയാം. തെക്കൻതിരുവിതാംകൂറിൽ കുമിഴി എന്ന പേരായി ഏതൊ ഒരു മരം കാട്ടിൽ ഉണ്ടു്. ദശമൂലത്തിലും ദ്രാക്ഷാദികഷായം മുതലായവയിലും ഉള്ള കാശ്മൎയ്യത്തെ കുമ്പിൾ വേരായി ഉപയോഗിക്കുന്നതു് അബദ്ധമാണെന്നും, ആ കാട്ടുമരമായ കുമിഴിയുടെ വേരാണ് ചേക്കേണ്ടതെന്നും, തെക്കൻദിക്കിൻ പലരും തെററിദ്ധരിച്ചിട്ടുണ്ടു്. കുമ്പിൾ വേരല്ല ചേത്തതു് കുമിഴി വേരു തന്നെ വരുത്തിച്ചേത്തു എന്ന പല അവസരങ്ങളിൽ പലരും എന്നോടു തന്നെ പറഞ്ഞിട്ടുണ്ടു്. വടക്കൻ തിരുവിതാംകൂർ മുതൽ വടക്കൻദിക്കുകളിൽ ഉപയോഗപ്പെടുത്തി വരുന്ന ആവിത്തൊലിയെ (പൂതിവല്കത്തെ) അല്ലാ മദ്ധ്യതിരുവിതാംകൂർ മുതൽ തെക്കൻദിക്കുകളിൽ ആവിത്തൊലിയായി ഉപയോഗപ്പെടുത്തി വരുന്നതു്. എന്നാൽ ആ തെക്കൻദിക്കുകളിൽ ഉപയോഗപ്പെടുത്തി വരുന്ന ആവിത്തൊലി അല്ലാ വാസ്തവത്തിൽ ഉള്ള ആവിത്തൊലി എങ്കിൽ അതുകൊണ്ടു "ദ്രോണീപാംപൂതിവല്കഭാവിതുലം" എന്നും മററുമുള്ള വിധിപ്രകാരം ഉണ്ടാക്കുന്ന പൂതീകശ്രുകതം മുതലായവയുടെ ഗുണദോഷഫലം എന്തായിരിക്കും. ചിലർ മുട്ടിനു മുട്ടിനു മുള്ളുള്ളതായ ചെടിയെ വയമ്പുള്ളിയായി ഉപയോഗിക്കുന്നു. അതു കൊഴിമുള്ളാണ്, വയമ്പുള്ളി അല്ല എന്ന പറഞ്ഞു തള്ളിയ ശേഷം മുള്ളില്ലാത്തതായ ഒരു ചെടിയെ വയമ്പുള്ളിയായി ചിലർ സ്വീകരിക്കുന്നു. ചിലർ നന്ത്യാർവട്ടം പോലെ വൃക്ഷകമായിട്ടുള്ളതിന്നെ പുഷ്കരമൂലിയായി വക വയ്ക്കുന്നു. മററു ചിലർ അതു പുഷ്കരമുല്ലയാണെന്ന വിധിച്ചു് തള്ളിയ ശേഷം വള്ളിയായുള്ള ഒരു ചെടിയെ പുഷ്കരമൂലിയായി ഗ്രഹിക്കുന്നു. ഇങ്ങിനെ പാതിരി ചെറുതേക്കു മുതലായ പല പല മരുന്നുകൾക്കും ദേശഭേദമനുസരിച്ചു അഭിപ്രായവ്യത്യാസം നടക്കുന്നുണ്ടു്.

(തുടരും)

---

# കേരളീയ ഗണകമഹാസമാജം

## ദ്വിതീയവാഷികയോഗത്തിന്റെ

## പ്രൊസീഡിംഗ്സ്.

---

൧൦൯൨ൻ മേടം ൨൭-ാം തിയതി മുൻനിശ്ചയമനുസരിച്ചു ചങ്ങനാശേരിയിൽ വാഴപ്പള്ളിൽ തിരുവെങ്കിടപുരത്തു പ്രത്യേകമലങ്കരിക്കപ്പെട്ട എച്ച്. ജി. ഇ. സ്കൂൾ കെട്ടിടത്തിൽ വച്ചു മ. രാ. രാ. ബാറിസ്റ്റർ കെ. ആർ. പത്മനാഭപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ സുമാർ പതിനൊന്നു മണിക്കു യോഗമാരംഭിച്ചു:

മെസേഴ്സ് ഡാക്ടർ കൃഷ്ണപിള്ള, കാ. കണ്ണൻനായർ, വക്കീൽ ററി. എസ്സ്. മാധവൻപിള്ള, ബ്രഹ്മശ്രീ. സർക്കാർ വൈദ്യൻ സുബ്രഹ്മണ്യൻ മൂത്തത്. സർക്കാർ വൈദ്യൻ ചെങ്ങന്നൂർ കൊച്ചുരാമൻ പിള്ള, കൈനിക്കര വക്കീൽ കുമാരപിള്ള എന്നീ മഹാന്മാരും മററു നാനാജാതിമതസ്ഥന്മാരായ സർക്കാർ ഉദ്യോഗസ്ഥർ, വക്കീലന്മാർ, പൌരപ്രധാനികൾ, വർത്തകന്മാർ, സ്ക്കൂൾ കുട്ടികൾ, ആദിയായി അഞ്ഞൂററിൽപരം ആളുകൾ യോഗത്തിൽ സന്നിഹിതരായിരുന്നതിനും പുറമെ അനവധി ആളുകൾ കെട്ടിടത്തിനു പുററമുള്ള വരാന്തയിലും തിങ്ങി നിന്നിരുന്നു.

ആദ്യം കല്ലൂപ്പാറ നാരായണൻ വൈദ്യരവർകൾ പദ്യരൂപേണ ചെയ്തു. ഈശ്വരപ്രാർത്ഥനയുടെ ശേഷം ഗണകസമാജാദ്ധ്യക്ഷനായ മ. രാ. രാ. പാഴൂർ പി. എസ്സ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകൾ ഹൃദയംഗമമായ ഒരു സ്വാഗതപ്രസംഗം ചെയ്തു.

അനന്തരം മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മംഗളാശംസയേയും മററു ചില മാന്യന്മാരുടെ അനുമോദനങ്ങളേയും സിക്രട്ടറി വായിച്ചു.

സ്ഥലചുരുക്കത്താൽ അവയിൽ ചിലതിനെ മാത്രം താഴെ ചേർക്കുന്നു.

തിരുവനന്തപുരം

൧൦൯൭ മേടം ൧൯-ാം നു.

൧൭-ാം തിയതി അയച്ച എഴുത്തു കിട്ടി. „ഗണകമഹാസമാജ„ത്തിന്റെ രണ്ടാമത്തെ വാർഷികയോഗം ചങ്ങനാശേരിയിൽ വച്ചു കൂടുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു. സഭയ്ക്കു വേണ്ട മംഗളങ്ങൾ സിദ്ധിക്കുന്നതിനായി സർവ്വേശ്വരനെ പ്രാർത്ഥിക്കുന്നു.

കേരളവർമ്മാ.

---

൧ ൭. ൧൯൯൭.

ചങ്ങനാശേരിപ്പള്ളി.

മാന്യരേ!

ഇന്നേദിവസം കൂടുന്നതായ „കേരളീയഗണകമഹാസമാജം„ വക യോഗത്തിൽ സംബന്ധിക്കുന്നതിനു അപ്രതീക്ഷിതമായി നേരിട്ട ചില അസൌകര്യങ്ങൾ നിമിത്തം നിവൃത്തിയില്ലാതെ വന്നിരിക്കുന്നതിങ്കൽ ഞാൻ നിർവ്യാജമായി വ്യസനിക്കുന്നു.

ഓരോരോ സമുദായങ്ങൾ സ്വസമുദായോന്നതിക്കായി പരിശ്രമിച്ചു വരുന്ന ഇക്കാലത്തു അനുകരണീയങ്ങളും സ്തുത്യർഹങ്ങളുമായ പല ഗുണങ്ങളോടു കൂടിയ അനേക യോഗ്യന്മാർ ഉൾപ്പെട്ടിരിക്കുന്ന ഗണ

കസമുദായത്തിന്റെ ഈ പുറപ്പാടു സർവ്വഥാ ഒഴിച്ചുകൂടാത്ത ഒന്നാണെന്നാണ എന്റെ അഭിപ്രായം.

നിങ്ങളുടെ സമുദായം അഭിവൃദ്ധിയിൽ വരുന്നതിന്നുള്ള നിങ്ങളുടെ പ്രയത്നത്തിൽ നിങ്ങളെ അകൈതവമായി സഹായിക്കുന്നതിന്ന ഒരുക്കമുള്ളവരിൽ ഒരുവനാണ ഞാനെന്ന നിങ്ങളെ ധരിപ്പിക്കുന്നതിന്ന ഇതുപോലെയൊരു അവസരം ഞാൻ കാണുന്നില്ലാ.

കടശിയായി നിങ്ങൾക്കും സമുദായത്തിനും പ്രത്യേകം ഇന്നത്തെ യോഗത്തിനും സകല സംഗതികളിലും വിജയത്തെ ആശംസിച്ചും തീരെ നിവൃത്തി ഇല്ലാഞ്ഞിട്ടാണ് യോഗത്തിൽ ഹാജരാകാത്തതെന്ന ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചും വിനയപൂർവ്വം നിൎത്തുന്നു.

വിധേയൻ

പി. കെ. അന്തോനിക്കത്തനാർ.
ചങ്ങനാശേരിപ്പള്ളിയുടെ വികാരി (ഒപ്പ്)

---

൧൦൯൯ മേടം ൨൨.
ഇലവന്തിട്ട.

മ. രാ. രാ.
കേരളീയഗണകമഹാസമാജം സിക്രട്ടറി കെ. ജി. ഇട്ടിവൈദ്യൻ അവർകൾക്ക്.

സർ!

കത്തുകളെല്ലാം വന്നു ചേൎന്നു. കൃത്യാന്തരവശാൽ ഞാൻ സർക്യൂട്ടിലായിരുന്നതിനാൽ ആ കത്തുകൾ യഥാകാലം കാണുന്നതിനും മറുപടി എഴുതുന്നതിനും സാധിച്ചില്ലെന്നു സഖേദം അറിയിക്കുന്നു. എന്നെ സാധാരണ ബാധിക്കാറുള്ള പനിയുടെ ഉപദ്രവത്തിൽ ഞാൻ അകപ്പെട്ടിരിക്കുന്നതിനാൽ യോഗത്തിന്ന വന്നു ചേരണമെന്നുണ്ടായിരുന്ന എന്റെ ആഗ്രഹം വിഫലമായി പോയതിൽ ഞാൻ നിർവ്യാജം വിസനിക്കുന്നു. യോഗത്തിന്ന സർവ്വതോമുഖമായ വിജയത്തെ താഴെ വരിക്കുന്ന മംഗളരൂപേണ ഞാൻ ആശംസിക്കയും ചെയ്തുകൊള്ളുന്നു

മംഗളം

നാമം സാൎത്ഥകമാക്കിയും പ്രിയസമാനോദരരിൽ ശാശ്വത
പ്രേമം ഹന്ത! നയിച്ചുമൈഹികപദം സാധിച്ചുമുച്ചാവചം
കാമം കൈവശമാൎന്നുമിങ്ങുയരുവാൻ, സുസ്ഥാ‌ദി സർവ്വഗ്രഹ
സ്തോമം ശ്രീ "ഗണകാ"നചയത്തിനൊരുപോലാകൂലമേകിടണം.

സ്വന്തം മൂലൂർ എസ്സ്. പത്മനാഭപ്പണിക്കർ.

ഇതിന്ന ശേഷം പ്രസിഡൻറവർകളുടെ ഉപക്രമപ്രസംഗം ആയിരുന്നു. അതിനെ ഈ ലക്കത്തിൽ അന്യത്ര പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

പന്നെ സിക്രിട്ടറി റിപ്പോർട്ട് വായിച്ചു. അതിനുശേഷം സിക്രട്ടറിയാൽ നിർവഹിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രമേയം സദസ്യർ ഐകകണ്ഠ്യേന പാസ്സാക്കി.

ഈ സമാജനിബന്ധനകളെല്ലാം ഇതിൻെറ വാർഷികയോഗങ്ങളിലൊ പൊതുയോഗങ്ങളിലൊവച്ചുസ്വീകരിക്കപ്പെടേണ്ടതും, ഒരിക്കൽ സ്വീകരിക്കപ്പെട്ട നിബന്ധനകളിലേതിനെയെങ്കിലും ഭേദപ്പെടുത്തുകയൊനീക്കിക്കളകയൊപുതുതായൊരു നിബന്ധനകൂട്ടിച്ചേർക്കുകയൊചെയ്യുന്നതു ആവശ്യമായി വരുമ്പൊൾ ആ ആവശ്യത്തെ ഒരു പ്രമെയരൂപേണ ഒരു സാമാജികൻ നിർവ്വാഹകസംഘം മുൻപാകെ രേഖാമൂലം അറിയിക്കയും അപ്രകാരം അറിയിച്ച തീയതി മുതൽ മൂന്നു മാസങ്ങൾ കഴിഞ്ഞശേഷം ആ സാമാജികനൊ മറെറാരു സാമാജികനൊ ആ പ്രമേയത്തെ മഹാസമാജയോഗത്തിൽ പ്രസ്ഥാപിക്കയും അതിനെ വേറെ ഒരു സാമാജികൻ പിൻതാങ്ങുകയും ചെയ്യാവുന്നതും അങ്ങനെ പിൻതാങ്ങപെട്ട പ്രമെയത്തെ ആ യോഗത്തിൽ ആലോചന ചെയ്തു ആവശ്യമുണ്ടെന്നു തീരുമാനിക്കപ്പെട്ടാൽ ആ യോഗത്തിലെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചു നിബന്ധനയെ ഭേദപ്പെടുത്തുകയൊ നീക്കിക്കളകയൊ പുതിയ നിബന്ധന ചേർക്കുകയൊ ചെയ്യാവുന്നതും ആകുന്നു.

അനന്തരം „ഗണകസമുദായത്തിൻെറ„ അധഃപതനവും „ഉന്നമനമാർഗ്ഗങ്ങളും„ എന്നവിഷയത്തെപ്പററി ഇളമ്പയിൽ മ. രാ. രാ. വി. എൻ. ഗോവിന്ദൻ ജ്യോത്സ്യരവർകൾ സാരസമ്പൂർണ്ണമായ ഒരു ഉപന്യാസം വായിച്ചു. പിന്നെ ലഘുഭക്ഷണത്തിനായി ഒരു മണിക്കു സഭപിരിയുകയും വീണ്ടും രണ്ടു മണിക്കു യോഗം കൂടുകയും ചെയ്തു. സരസകവിയായ തുക്കടിത്താനം മ. രാ. രാ. വി. നാരായണപിള്ള അവർകളുടെ „ഒത്തുനോക്കേണ്ടയാവശ്യം" എന്ന പദ്യപ്രബന്ധവും മ. രാ. രാ. കൊണ്ടൂർ കേ. കൃഷ്ണപിള്ള അവർകളുടെ „ഉൽകൃഷ്ടവിദ്യാഭ്യാസം" എന്ന ഉൽകൃഷ്ടമായ ഒരു ഉപന്യാസവും സർക്കാർ വൈദ്യൻ ബ്രഹ്മശ്രീ കേരളവർമ്മശാസ്ത്രികൾ അയച്ച „നാട്ടുവൈദ്യം" എന്ന ഒരു ഉപന്യാസവും വായിച്ചു.

അതിൻെറ ശേഷം മെസേഴ്സ് വയലപ്പള്ളിൽ ഗോപാലപിള്ള, ടി കൃഷ്ണപിള്ള ബി. ഏ. ക്രിമിനാൽ വക്കീൽ, മന്നത്തു പത്മനാഭപിള്ള, എന്നീ മഹാന്മാരുടെ അഭിപ്രായപ്രകടനങ്ങൾ അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗം സിക്രിട്ടറിയുടെ കൃതജ്ഞതാപ്രസംഗം എന്നിവ കഴിഞ്ഞശേഷം മ. രാ. രാ. വല്ലഭശേരിൽ ഗോവിന്ദനാശാൻ അവർകൾ ഭക്തിരസപ്രധാനങ്ങളായ എട്ടുപത്തു പദ്യങ്ങൾകൊണ്ടു സഭയ്ക്കു മംഗളം ആശംസിക്കയും അനന്തരം വഞ്ചീശമംഗളം പാടുകയും അദ്ധ്യക്ഷന്മാരെ പുഷ്പമാല്യങ്ങൾ ധരിപ്പിക്കുകയും നാരാങ്ങാ, പൂച്ചെണ്ട്, എന്നിവ വിതരണം ചെയ്യുകയും സദസ്യരെ അത്തർ, പനിനീർ മുതലായ സുഗന്ധദ്രവ്യങ്ങൾ തളിക്കുകയും കളഭം പൂശിക്കുകയും ചെയ്തശേഷം ചീയേഴ്സ്സു വിളിച്ച് അഞ്ചരമണിയോടു കൂടി അന്നത്തെ യോഗം അവസാനിപ്പിക്കുകയും ചെയ്തു.

യോഗസമയത്തു ഇടയ്ക്കിടെ സദിരും പ്രൌഢഗായകനായമുള്ള കളം കൊച്ചുമ്മിണി ജ്യോത്സ്യരവർകളുടെസദിര് സഭാവാസികളെ ആനന്ദിപ്പിച്ചിരുന്നു. സ്വനഗ്രാഹി പ്രയോഗവും കതിനാവെടികളും ഉണ്ടായിരുന്നു.

---

## പൊതുയോഗം

൧൦൮൫ മേടം ൨൬-ാം നു- പകൽ ൧൦ മണിക്ക മ. രാ. രാ. പാഴൂർ പി. എസ്സ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകളുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ഈശ്വരപ്രാർത്ഥന കഴിഞ്ഞശേഷം അദ്ധ്യക്ഷൻ ചെറുതായ ഒരു ഉപക്രമപ്രസംഗം ചെയ്തു. „ബാലപരിശീലനം,, എന്ന പുസ്തകം ഈ ആണ്ടു ഗവർമ്മെൻറ എലിമെൻററിസ്ക്കൂളുകളിൽ ഒരു പാഠ്യമായി സ്വീകരിച്ചതിലും സാമുദായികമായ പരിശ്രമം നിമിത്തവും ഉള്ള സന്തോഷസൂചകമായ ഒരു മംഗളപത്രം ചങ്ങനാശേരിയിൽ സ്വജനപരിപാലന സംഘക്കാർ കെ. ജി. ഇട്ടി വൈദ്യരവർകൾക്ക സമർപ്പിച്ചു.

അനന്തരം ദ്വിതീയ വാർഷികറിപ്പോർട്ട് സർവസമ്മതപ്രകാരം പാസ്സാക്കി. സിക്രിട്ടറി ഹാജരാക്കിയിരുന്ന സമാജനിബന്ധനകളെ മുഴുവൻ വായിക്കയും അതിൽ ഇരുപത്തൊന്നു വകുപ്പുകൾ സർവസമ്മതപ്രകാരം പാസ്സാക്കുകയും മററുവകുപ്പുകൾ അടുത്ത ആണ്ടിലെ വാർഷികയോഗത്തിൽ ആലോചിപ്പാനായി നിർത്തിവെയ്ക്കയും ചെയ്തു. പിന്നെ നിർവാഹകസംഘാംഗങ്ങളെ തിരഞ്ഞെടുത്തു. അടുത്ത വർഷത്തേക്ക വോട്ടുംപ്രകാരം സിക്രിട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കേ. ജി ഇട്ടി വൈദ്യരവർകൾ തനിക്കുള്ള ശരീരാസ്വാസ്ഥ്യം നിമിത്തം ആ സ്ഥാനം ഒഴികയും ആ ജോലി ആദ്യത്തെ സിക്രിട്ടറി ആയിരുന്ന എം. കെ. പത്മനാഭൻ കണിയാരവർകളെ സർവസമ്മതപ്രകാരം ചുമതലപ്പെടുത്തുകയും താഴെപ്പറയുന്ന ആളുകളെ ഈ ആണ്ടത്തേക്ക മെമ്പ്രന്മാരായി തിരഞ്ഞെടുക്കയും ചെയ്തു.

മാ. രാ. രാ. അവർകൾ

അയ്മനം ആർ. ഗോവിന്ദൻ വൈദ്യൻ. (ഖജാൻജി)
ഉള്ളന്നൂർ കെ ഗോവിന്ദൻ വൈദ്യൻ
കേ. ജി. ഇട്ടിവൈദ്യൻ.
കാഞ്ഞിരവേലിൽ കെ. എൻ. കുട്ടൻ ജ്യോത്സ്യർ.
ഓമല്ലൂർ ഗോവിന്ദൻ ജ്യോത്സ്യൻ.
കാരാപ്പുഴ കുഞ്ഞുകുഞ്ഞു വൈദ്യൻ.
നാണുവൈദ്യൻ. പുതിയകാവിൽ
ഉളമ്പയിൽ വി. എൻ. ഗോവിന്ദൻ ജ്യോത്സ്യൻ.
പന്നിപുഴ നാരായണൻ ജ്യോത്സ്യൻ.
പേപ്പതിക്കൽ കുഞ്ഞുരാമൻ ജ്യോത്സൻ.

പടിഞ്ഞാററംചേരിൽ നാരായണൻ വൈദ്യൻ.
കിഴ്‌വായ്പൂര കുമാരൻ വൈദ്യൻ.
തൃക്കണ്ണാകം നാണു ആശാൻ
ഓണക്കൂററിൽ ശംകു ജോത്സ്യർ
മുളക്കുഴ കൊച്ചുകുഞ്ഞു വൈദ്യൻ
കല്ലുപ്പാറ നാരായണൻ വൈദ്യൻ

അനന്തരം „ശ്രീരാമവിലാസം„ മാസികയുടെ നടപ്പിനു സമുദായത്തിൽ നിന്നും ധനസഹായമില്ലാതെ മേലാൽ സാധിക്കുന്നതല്ലെന്നു കേ. ജി. ഇട്ടിവൈദ്യരവർകൾ പ്രസ്താവിക്കുകയും ഓഹരി ചേൎന്നു സഹായിക്കാമെന്നു ഏതാനും സമുദായാംഗങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

പിന്നെ സമാജത്തിന്റെ മേൽ നടപടികളെ പററിയുള്ള ആലോചന കഴിഞ്ഞശേഷം മെസേഴ്സ് അച്യുതനാശാൻ സഭയെക്കുറിച്ചും ഇരേഴ കുഞ്ഞുഞ്ഞു ജ്യോത്സ്യർ "പരിശ്രമം" എന്ന വിഷയത്തെകുറിച്ചും കല്ലുപ്പാറ നാരായണൻ വൈദ്യൻ "ഐകമത്യം" എന്ന വിഷയത്തെക്കുറിച്ചും വാചാപ്രസംഗങ്ങൾ ചെയ്തശേഷം ഇനിയത്തെ വാൎഷികയോഗം അടൂർ വച്ചു നടത്താമെന്നു പന്നിപുഴ നാരായണൻ വൈദ്യരവർകൾ ഭരമേററു. പിന്നീട് അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗം കഴിഞ്ഞശേഷം കോററാത്തൂർ കേ. കെ. അയ്യപ്പൻജ്യോത്സ്യരവർകളുടെ സഭാമംഗളം, വഞ്ചിപ്പാട്ടു പദ്യരൂപേണയുള്ള കുലഗുരുമംഗളവും കഴിഞ്ഞു് വഞ്ചീശമംഗളവും പാടി ചങ്ങനാശേരി സ്വജനപാലനഉപസമാജം വകയായി സ്വൎണ്ണംകൊണ്ടു മനോഹരമായി കെട്ടിച്ചിട്ടുള്ള ഒരു രുദ്രാക്ഷം ടി ഉപസമാജാദ്ധ്യക്ഷനായ പള്ളത്തുരാമകുഞ്ഞുവൈദ്യരവർകൾ മഹാസമാജാദ്ധ്യക്ഷന്റെ കണ്ഠത്തിൽ ധരിപ്പിച്ചു.

നമ്മുടെ അന്നദാതാവായ ശ്രീമൂലം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കും നമ്മുടെ യുവരാജാതിരുമനസ്സിലെയ്ക്കും ജോർജ്ജ് മഹാ ചക്രവൎത്തി തിരുമനസ്സിലേക്കും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേക്കും ചിയേഴ്സ് വിളിച്ച് അഞ്ചുമണിയോടു കൂടി സഭ പിരിയുകയും ചെയ്തു

ഹാജർ

അദ്ധ്യക്ഷൻ പാഴൂർ പി. എസ്സ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകൾ മെസേഴ്സ് പേപ്പതിയാൽ കുഞ്ഞുരാമൻ ജ്യോത്സ്യർ. ഓണക്കൂററിൽ ശങ്കുജ്യോത്സ്യർ. കാരാപ്പുഴ കുഞ്ഞുഞ്ഞുവൈദ്യൻ. തൃക്കണ്ണാകത്തു നാണുവാശാൻ. അയ്മനം ആർ. ഗോവിന്ദൻ വൈദ്യൻ. (ഖജാൻജി) ഉള്ളന്നൂർ കേ. ഗോവിന്ദൻ വൈദ്യൻ ചിങ്ങോലി നാരായണൻ വൈദ്യൻ പന്നിപുഴ നാരായണൻ വൈദ്യൻ എം. കേ. പത്മനാഭൻകണിയാർ ഓമല്ലൂർ കേശവൻ ജ്യോത്സ്യർ കാഞ്ഞരവേലി കേ.

എൻ. കൃഷ്ണൻജ്യോത്സ്യർ കൈതവനത്തുർ.നാണുകണിയാർമുള്ളിക്കുളം കൊച്ചുമ്മിണ്ണി ജ്യോത്സ്യർ കോററാത്തൂർ ഗോവിന്ദൻ ജ്യോത്സ്യർ ഇളമ്പ വി എൻ ഗോവിന്ദൻ ജ്യോത്സ്യർ തുകലശേരിൽ കൃഷ്ണൻ വൈദ്യർ കേ. ജി ഇട്ടിവൈദ്യർ തുടങ്ങി മുന്നൂററിൽ പരം ഗണകസമുദായാംഗങ്ങൾ യോഗത്തിൽ ഹാജരുണ്ടായിരുന്നു.

# കേരളീയ ഗണകമഹാസമാജം

## ദ്വിതീയവാർഷികയോഗം.

### സഭാദ്ധ്യക്ഷൻെറ ഉപക്രമ പ്രസംഗം.

"കേരളീയഗണകമഹാജനസമാജ"ത്തിൻെറ രണ്ടാമത്തെ വാർഷികയോഗത്തിൽ അദ്ധ്യക്ഷം വഹിക്കാനിടയായതു ഒരു വലിയ ബഹുമതിയിട്ടാണ് ഞാൻ വിചാരിക്കുന്നതു. ഇതിലേക്കു എന്നെ ക്ഷണിച്ചതിനു ഞാൻ പ്രസ്തുത സമാജഭാരവാഹികളോടു ഏററവും കൃതജ്ഞതയുള്ളവനായിരിക്കുന്നു. ഈ സ്ഥാനം വഹിക്കുന്നതിനു എന്നേക്കാൾ പ്രായവും,പഠിപ്പും പരിചയവും കൂടുതൽ ഉള്ള വേറെ ആരെയെങ്കിലും തിരിഞ്ഞെടുക്കുന്നതിനു അശേഷം പ്രയാസമുണ്ടായിരുന്നെന്നു തോന്നുന്നില്ലാ. എന്നാൽ ഞാൻ യാതൊരു തർക്കവും പറയാതെ ഈ സ്ഥാനം വഹിച്ചുകൊള്ളാമെന്നേററതു ഇതു മാതിരികാര്യങ്ങളിൽ കഴിയുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുക്കേണ്ടതു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള എല്ലാവരുടേയും കർത്തവ്യകർമ്മമാണെന്നെനിക്കു തോന്നുകയാലും ഗണകമഹാസമാജഭാരവാഹികളെ സ്വല്പസമയത്തേക്കെങ്കിലും ഇച്ഛാഭംഗക്കാറരാക്കാതിരിക്കുന്നതിനായിട്ടും ആണ്. ആകയാൽ ഗൌരവമേറിയതും ചുമതലയുള്ളതുമായ എൻെറ ഈ സ്ഥാനത്തിനടുത്തവണ്ണം ഞാൻ പ്രവർത്തിക്കാൻ ശക്തനായില്ലെങ്കിൽ അതിൻെറ കുററം എന്നിൽ ചേരുന്നതല്ലെന്നു നിങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിനായിട്ടാണ് മുഖവുരയായി ഇത്രയും പ്രസ്താവിച്ചതു.

ഗണകസമുദായ പ്രമാണികളായ ഏതാനും മാന്യന്മാർ ഇപ്രകാരമുള്ള ഒരു സമാജം ഏർപ്പെടുത്തണമെന്നു ആലോചിച്ചതു് രണ്ടുവർഷത്തിനു മുമ്പായിരുന്നെന്നു അറിയുന്നു. ഈ സമാജം സ്ഥാപിക്കപ്പെട്ടതു് ൧൦൯൧ ചിങ്ങം ൨൪-ാം നു- മദ്ധ്യതിരുവിതാംകൂറിൽ മാവേലിക്കര വച്ചാണ്. ഈ സമാജം സ്ഥാപിക്കുന്നതിലേക്കു ഗണകസമുദായ നേതാക്കന്മാർ ചെയ്തിട്ടുള്ള ശ്രമം ഏററവും അഭിനന്ദനീയമാണെന്നുള്ളതിനു യാതൊരു സംശയവുമില്ലാ. അവർ ഇതിലേയ്ക്കു ഉത്സാഹിച്ചിട്ടുള്ളതു ഒരു ദിവസമെങ്കിലും മുമ്പേയായിപ്പോയി എന്നു പറവാൻ തരമില്ല. ഇപ്പോൾ പത്തുപതിനഞ്ചു വർഷക്കാലമായിട്ടു കേരളത്തിലെ പല സമുദായക്കാരും അവരവരുടെ സാമുദായാവസ്ഥയെ പരിഷ്കരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ആയി പലവിധത്തിൽ ശ്രമിച്ചു വരുന്നുണ്ട്. സമാജങ്ങൾ സ്ഥാപിക്കയാണ് മിക്കസമുദായക്കാരും മുഖ്യമായിട്ടു ചെയ്തുപോരുന്ന പ്രവൃത്തിയെന്നു ഞാൻ പറയാതെ തന്നെ നിങ്ങളിൽ മിക്കപേരും അറിയാ

യാവുന്നതാണല്ലോ. കേരളത്തിൽ ഇപ്പോൾ അനേകം സമുദായക്കാർ സമാജങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും ഏതെങ്കിലും സമുദായക്കാർ കേരളത്തിൽ സമാജങ്ങൾ സ്ഥാപിക്കാത്ത ഉണ്ടോ എന്നുള്ള സംഗതി തന്നെ വളരെ സംശയിക്കത്തക്ക ഒന്നായിട്ടാണിരിക്കുന്നതു. വിവിധ സമുദായക്കാരാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാസമാജങ്ങളെക്കുറിച്ചും ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞു നിങ്ങളുടെ സമയത്തെ അതിക്രമിക്കേണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏററവും താഴ്ന്ന നിലയിൽ സ്ഥിതിചെയ്യുന്ന പറയർ, പുലയർ മുതലായ സമുദായക്കാരും ഇപ്പോൾ ഉണർന്നു വശായിട്ടുണ്ടെന്നു മാത്രമേ പറയേണ്ട ആവശ്യമുള്ളൂ. ഗണക സമുദായത്തിന്റെ പ്രത്യേക സ്ഥിതികളെക്കുറിച്ചാലോചിക്കുന്നതായാൽ ഈ സമുദായക്കാർ കുറെ മുമ്പു തന്നെ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതായിരുന്നു എന്നെനിക്കു തോന്നുന്നു. താമസിച്ചെങ്കിലും പ്രവൃത്തിക്കുന്നതു തീരെ പ്രവൃത്തിക്കാതിരിക്കുന്നതിനെക്കാൾ നന്നാണെന്നാണല്ലോ പഴമൊഴി. ആകയാൽ ഈയിടയെങ്കിലും ഗണക സമുദായോദ്ധാരണത്തെ ഉദ്ദേശിച്ചു "കേരളീയ ഗണകമഹാസമാജം" സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് ഏററവും പ്രയോജനകരവും അഭിനന്ദനീയവുമാണെന്നുള്ള എന്റെ തീർച്ചയായ അഭിപ്രായത്തെ ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു. ഈ സമാജം ഏററവും ആവശ്യമായിട്ടുള്ള ഒന്നാണെന്നു ഗണക സമുദായങ്ങൾ വിചാരിക്കുന്നുണ്ടെന്നു അഭിപ്രായപ്പെടുന്നതിനു രണ്ടു സംഗതികൾ സഹായിക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നു. അവ ഒന്നാമത്തെ വാർഷികയോഗം കഴിഞ്ഞതിനുശേഷം ഒരാണ്ടിനകം ൨൨ ഉപസമാജങ്ങൾ രാജ്യത്തിന്റെ പലഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതും ഗണക സമുദായാഭ്യുന്നതിയെ ഉദ്ദേശിച്ചു "ശ്രീരാമവിലാസം" എന്ന പേരായ ഒരു മാസിക നടത്തപ്പെട്ടു വരുന്നുണ്ടെന്നുള്ളതും ആകുന്നു. ഈ രണ്ടു സംഗതികൾ കൊണ്ടും ഈ സമാജത്തിന്റെ പുറപ്പാടു ഒരു നല്ല സമയത്താണെന്നും, ഇതിന്റെ ആഭ്യന്തര ശക്തിയെ പ്രകാശിപ്പിക്കുന്നു എന്നും വിചാരിക്കാവുന്നതാണു്. ഈ രണ്ടു സംഗതികളും ഏററവും അഭിനന്ദിക്കത്തക്കവയാണെന്നുള്ളതിനു സംശയമില്ല.

### കേരളീയ നായർ സമാജം

കേരളത്തിലുള്ള ഇത്രമാതിരി എല്ലാ സമാജങ്ങളുടേയും ഉത്ഭവം നായർ സമാജത്തിനു ശേഷമാണെന്നുള്ളതിൽ വിപരീതാഭിപ്രായത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. നായർ സമാജത്തിന്റെ മാതൃകയിലാണു് മററുള്ള സമാജങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. അടുത്തയാഴ്ച കോട്ടയത്തുവച്ചു നടത്താൻ പോകുന്നതു "കേരളീയ നായർ സമാജ"ത്തിന്റെ എട്ടാമത്തെ വാർഷികയോഗമാണെങ്കിലും ഈ സമാജം സ്ഥാപിക്കപ്പെട്ടിട്ടു ഇപ്പോൾ പന്ത്രണ്ടു വർഷത്തിൽ കുറയാതായിട്ടുണ്ടു്. ആദ്യകാലങ്ങളിൽ വാർഷികയോഗങ്ങൾ ആണ്ടുതോറും ശരിയായി നടത്താൻ സാധിക്കായ്കകൊണ്ടാണു് വാർഷികയോഗത്തിന്റെ എണ്ണം സമാജത്തിന്റെ വയസ്സോടു യോജിക്കാതിരിക്കുന്നതു്. അടുത്ത കാലത്തു രാജ്യമൊട്ടുക്കു ഉണ്ടായിട്ടുള്ള ഉണർച്ചയുടെ ഫലമായിട്ടു ആദ്യമായി ഈ സംഗതിയിൽ പ്രവർത്തിച്ചതു് നായന്മാരാണെന്നുള്ളതു തീരെ ആശ്ചര്യജനകമല്ലാ. കേരളത്തിലെ സ്ഥിരവാസികളായ ജനങ്ങളുടെ ഇടയിൽ നായന്മാർ പല സംഗതികളിലും അഗ്രഗണ്യന്മാ

രാണെന്നുള്ളതു് പൊതുവെ സമ്മതിക്കപ്പെടുന്ന ഒരു കാൎയ്യമാണെന്നു് എനിക്കു തോന്നുന്നു. വാസ്തവം പറയുന്നതായാൽ, ഇപ്പോൾ കേരളത്തിലെ ഇതുമാതിരിയുള്ള എല്ലാ സമാജങ്ങളുടെയും കാരണഭൂതൻ ഒരാളാണ്. ഏതെങ്കിലും ഒരു കാൎയ്യത്തിൽ ആരെങ്കിലും മനഃപൂൎവ്വമായി പ്രവൎത്തിക്കുകയും അതു സാധിക്കുന്നതിനായി രാപകൽ നിരന്തരമായി പരിശ്രമിക്കുകയും ചെയ്താൽ ആക്കാൎയ്യം സാധിക്കാമെന്നുള്ളതിനു കേരളത്തിലെ പല സമാജങ്ങളുടെയും ഉത്ഭവം തന്നെ ഉത്തമമായ ഒരു ദൃഷ്ടാന്തമാണ്. തന്റെ സമുദായത്തെ പരിഷ്കരിക്കുന്നതിനുള്ള അത്യുത്സാഹം നായന്മാരിൽ പ്രധാനിയായ ഒരാൾ ചെയ്യുവാൻ തുടങ്ങിയിട്ടു ഇപ്പോൾ ഒരു കാൽ ശതാബ്ദത്തിൽ കുറയാതെയായി. അദ്ദേഹം ഏതെല്ലാം പ്രകാരത്തിലാണ് ഉദ്ദിഷ്ടകാൎയ്യം സാധിക്കാൻ പ്രയത്നിച്ചിട്ടുള്ളതെന്നു ഇവിടെ ഇപ്പോൾ പ്രസ്താവിക്കേണ്ട ആവശ്യമില്ലാ. എന്നാൽ ഇപ്പോൾ കേരളത്തിൽ കാണുന്ന എല്ലാ സമാജങ്ങളുടേയും കാരണഭൂതനായ ആ ആളിനെക്കുറിച്ചു നാം ഈ സന്ദൎഭത്തിൽ സ്മരിക്കേണ്ടതു ഏററവും ആവശ്യമായിട്ടുള്ളതാണെന്നു എനിക്കു തോന്നുകയാൽ ഇക്കാൎയ്യത്തെക്കുറിച്ചു ഇവിടെ ഇത്രയും പറവാൻ ഇടയായതാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു് പെൻഷ്യൻഡ് സ്കൂൾ ഇൻസ്പെക്ടരും "കേരളീയ നായർ സമാജം" പ്രസിഡൻറും ആയ രാജശ്രീ സി. കൃഷ്ണപിള്ള ബി. ഏ. അവൎകളെ കുറിച്ചാണെന്നു നിങ്ങളിൽ മിക്കവരും ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹം ഇനിയും അനേകം കാലം ആരോഗദൃഢഗാത്രനായി ജീവിച്ചിരുന്നു നാട്ടിന്റെ സാമൂഹ്യപരിഷ്കരണത്തിന്നു ഏററവും പ്രയോജകീഭവിക്കുന്നതിന്നു സൎവ്വശക്തനായ ജഗദീശ്വരൻ കടാക്ഷിക്കട്ടെ എന്നുമാത്രം തല്ക്കാലം പ്രാൎത്ഥിച്ചുകൊള്ളുന്നു.

## സമാജങ്ങൾ

ഇതുമാതിരി സമാജങ്ങൾ കൊണ്ടു പ്രയോജനമുണ്ടോ എന്നുള്ളതിനെക്കുറിച്ചു ഇപ്പോഴും പലൎക്കും സംശയമുള്ളതായി കാണുന്നു. ഈ സംശയത്തിന്റെ കാരണങ്ങൾ എന്താണെന്നു ഞാൻ ആലോചിച്ചതിൽ അവ മുഖ്യമായി രണ്ടാണെന്നു എനിക്കു തോന്നുന്നു. ഈ അഭിപ്രായക്കാരിൽ ചിലർ അറിവില്ലാത്തതുകൊണ്ടു അങ്ങിനെ വിചാരിക്കുന്നതാണെന്നു തന്നെ പറയേണ്ടിവന്നതിൽ ഞാൻ കാണിക്കുന്ന അഭംഗിയെ നിങ്ങൾ ക്ഷമിക്കണമെന്നപേക്ഷിക്കുന്നു. പരിഷ്കൃതരാജ്യങ്ങളിൽ യോഗങ്ങൾ മൂലം എന്തെല്ലാം കാൎയ്യങ്ങൾ എത്രവേഗത്തിൽ സാധിക്കുന്നു എന്നുള്ളതിനെക്കുറിച്ചു സാമാന്യജ്ഞാനമെങ്കിലും ഉള്ളവർ സമാജങ്ങൾ നിഷ്പ്രയോജനകരമായ സ്ഥാപനങ്ങളാണെന്നു ഒരിക്കലും അഭിപ്രായപ്പെടുകയില്ല. ഈ മാതിരി സംഘങ്ങളുടെ ശക്തിയും പ്രയോജനവും എത്രമാത്രമാണെന്നു ബോദ്ധ്യപ്പെടുന്നതിന് ഇംഗ്ലണ്ടുമുതലായ പാശ്ചാത്യ പരിഷ്കൃത രാജ്യങ്ങളിൽ ഇതുമാതിരി സംഘങ്ങൾ ചെയ്യുന്ന പ്രയോജനത്തോളം ഉതകുന്നതായി മററു വല്ലതുമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. മേല്പറഞ്ഞരാജ്യങ്ങളിൽ എ

തെല്ലാകാൎയ്യങ്ങൾക്ക് സംഘങ്ങൾ ഉണ്ടെന്നു എടുത്തുകാണിക്കാൻ കുറെ പ്രയാസമാണ്. സംഘങ്ങൾ ഇല്ലാത്ത രാജ്യക്കാർ അവിടെയുണ്ടോ എന്നു അന്വേഷിക്കുന്നതാണ് വളരെ എളുപ്പമായിട്ടുള്ളത്. സമ്മതിദാനാവകാശത്തിനായി വാദിക്കുന്നതിൽ ജീവൻ കൂടി ഉപേക്ഷിച്ചിട്ടുള്ളവരും ഉപേക്ഷിക്കാൻ തയാറുള്ളവരും ആയ സ്ത്രീകളുടെ ഇടയിലും റെയിൽവെ ശമ്പളക്കാരുടെ ഇടയിലും തൊഴിൽ ശാലകളിലെ വേലക്കാരുടെ ഇടയിലും മററു ഏതെല്ലാം സംഘങ്ങൾ ഉണ്ടെന്നും അവമൂലം എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുന്നുണ്ടെന്നും വിചാരിക്കുന്ന മാത്രയിൽ സംഘങ്ങൾ കൊണ്ടുള്ള പ്രയോജനം എത്രമാത്രമുണ്ടെന്നു ആൎക്കും ബോദ്ധ്യപ്പെടുന്നതാണ്. സംഘബലം ഏററവും വലുതായിട്ടുള്ളതാണെന്നു ഞങ്ങൾതന്നെ അറിഞ്ഞുകൂടാ? യോജിപ്പല്ലെ ബലം? സാമുദായികമായും പൊതുവെയും ഉള്ള കാൎയ്യങ്ങൾ സംഘങ്ങൾ മൂലമല്ലാതെ എങ്ങിനെയാണ് സാധിക്കേണ്ടതെന്നു എനിക്കു മനസ്സിലാകുന്നില്ല. സമാജങ്ങൾ കൊണ്ടു പ്രയോജനമില്ലെന്നു ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിലും പലൎക്കഭിപ്രായമുണ്ട്. ഇതാണ് രണ്ടാമത്തെ കാരണം. അവരുടെ അഭിപ്രായത്തിന്റെ സ്വരൂപത്തെക്കുറിച്ചു ഞാൻ അവരിൽതന്നെ പലരോടും സംസാരിച്ചതിൽ സമാജങ്ങൾ കൊണ്ടു തിരെ യാതൊരുവിധമായ പ്രയോജനവും ഇല്ലെന്നല്ലാ അവരുടെ വാസ്തവമായ അഭിപ്രായമെന്നറിയുന്നു. അവർ വിചാരിക്കുന്നിടത്തോളം വേഗത്തിൽ കാൎയ്യങ്ങൾ നടക്കുന്നില്ലന്നും പ്രത്യക്ഷത്തിൽ കണ്ടറിയത്തക്ക ഫലങ്ങൾ കാണുന്നില്ലെന്നും ആണ് അവർ വിചാരിക്കുന്നതെന്നാണ ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. സാമുദായിക കാൎയ്യങ്ങൾ ക്ഷിപ്രസാദ്ധ്യങ്ങളല്ലെന്നു ഈ മഹാന്മാർ അറിയേണ്ടതാണ്. റോമാപട്ടണം ഒരു ദിവസം കൊണ്ടു കെട്ടപ്പെട്ടതല്ലെന്നുള്ള സംഗതി ഈ കൂട്ടർ പ്രത്യേകം ആലോചിക്കാത്തതിൽ ആശ്ചൎയ്യപ്പെടേണ്ടിയിരിക്കുന്നു. അനേക തലമുറകളായിട്ടു വേരുറച്ചു നിൽക്കുന്ന സമുദായാചാരങ്ങളെ പെട്ടെന്നു നശിപ്പിക്കാൻ കഴിവുള്ളതല്ലാ. അങ്ങിനെ ചെയ്യുന്നതു സാദ്ധ്യമായിരുന്നാൽ തന്നെയും, നന്നായിട്ടുള്ളതാണെന്നും വിചാരിക്കാൻ പാടുള്ളതല്ലാ. ഈ മാതിരി കാൎയ്യങ്ങളിൽ വളരെക്കാലത്തേക്കു നിലമൊരുക്കാൻ മാത്രമേ സാധിക്കുകയുള്ളു. അങ്ങിനെയുള്ള പ്രവൃത്തികളും ചെയ്യപ്പെടേണ്ടതല്ലയോ? ആകയാൽ നിലമൊരുക്കിക്കൊണ്ടിരിക്കുന്ന കാലത്തിനിടയിൽ വിളവു കിട്ടിയില്ലല്ലൊ എന്നു വിചാരിച്ചു മുറവിളി കൂട്ടിയിട്ടു ഫലമില്ലാ. ആദ്യം തന്നെ ഭിന്നസമുദായങ്ങളുടെ ഇടയിൽ പരിഷ്കാരം ആവശ്യമാണെന്നുള്ള ഒരു അഭിപ്രായം വരിക്കണം. ഇതു സമാജങ്ങൾ മൂലമേ സാധിക്കാൻ കഴികയുള്ളു. അങ്ങിനെ ഒരു അഭിപ്രായം പരത്തുന്നതു തന്നേ ഏററവും ഉപയോഗപ്രദമായ ഒരു കാൎയ്യമാണ്. ഏതെങ്കിലും ഒരു സമുദായത്തിലുള്ള ആളുകൾ പലപ്പോഴും യോഗംകൂടി പൊതുകാൎയ്യങ്ങളെക്കുറിച്ചാലോചിക്കുന്നതുകൊണ്ടും പലവിധത്തിലുള്ള പ്രയോജനം ഉണ്ടാകാതിരിക്കയില്ലാ ഈ സംഗതികളെ എല്ലാം കുറിച്ചു സമാജങ്ങളുടെ ശത്രുക്കൾ സാവധാ

നമായി ആലോചിക്കുന്നതായാൽ അവരുടെ അഭിപ്രായത്തിൽ ചില മാററങ്ങൾ ചെയ്യേണ്ടതാണെന്നു അവൎക്കു ബോദ്ധ്യപ്പെട്ടുമെന്നു ഞാൻ വിചാരിക്കുന്നു. "കേരളീയ നായർ സമാജം" കൊണ്ടു തന്നെ യാതൊരു പ്രയോജനവും ഇല്ലെന്നും കുറെറപ്പേർ ചേൎന്നു ആണ്ടിൽ ഒരിക്കൽ ഏതെങ്കിലും ഒരു സ്ഥലത്തുവച്ചു ഒരു വാൎഷികയോഗം നടത്തുകയും കുറെ പ്രസംഗങ്ങൾ ചെയ്യുകയും മാത്രമേ ചെയ്യുന്നുള്ളുവെന്നും വിചാരിക്കുന്നവർ പലരുണ്ട്. എന്നാൽ ആ ഒരു സ്ഥാപനം നിമിത്തം മററനേകം സമാജങ്ങൾ കേരളത്തിലെ ഇതര സമുദായങ്ങളുടെ ഇടയിൽ ഉത്ഭവിച്ചിട്ടുണ്ടെന്നും പല സ്ഥലങ്ങളിലും കരയോഗങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും അവമൂലം പലപറയത്തക്ക ഗുണങ്ങളും വിദ്യാഭ്യാസ മൂലമായും മററും ഉണ്ടായിട്ടുണ്ടെന്നും, നായർ സമുദായാചാരങ്ങളിൽ ഇപ്പോൾ പല മാററങ്ങളും ഉണ്ടായിട്ടുണ്ടെന്നും അതുനിമിത്തം നിരൎത്ഥകങ്ങളായ പല ആചാരങ്ങളും പരിഷ്കരിക്കപ്പെട്ടിട്ടുണ്ടെന്നും, അവയുടെ ചെലവു വളരെ കുറഞ്ഞിട്ടുണ്ടെന്നും "നായർ റെഗുലേഷൻ" തന്നെ പാസ്സാക്കപ്പെട്ടിട്ടുള്ളതു "കേരളീയ നായർസമാജ"ത്തിന്റെ ശ്രമഫലമാണെന്നും പറയുമ്പോൾ മേല്പറഞ്ഞവരുടെ അഭിപ്രായത്തിനു എന്തുവിലയുണ്ടെന്നു എല്ലാവൎക്കും പ്രയാസം കൂടാതെ നിൎണ്ണയിക്കാവുന്നതാണു്. ഇപ്പോൾ കേരളമൊട്ടുക്കു സാമുദായിക കാൎയ്യങ്ങളിൽ ഒരുണൎവ്വുണ്ടായിട്ടുള്ളതുമാത്രമേ "കേരളീയ നായർസമാജ"ത്തിന്റെ പന്ത്രണ്ടു വൎഷത്തെ പ്രവൃത്തിയുടെ ഫലമായിട്ടുള്ളൂ എന്നിരുന്നാലും ആ സമാജം കൊണ്ടു ഏററവും ഫലവത്തായ പ്രയോജനമുണ്ടായിരിക്കുന്നു എന്നു വിചാരിക്കുന്നതിൽ ഒരാളാണു് ഞാൻ. ആകയാൽ ഈ മാതിരി സമാജങ്ങളോടു പ്രതിപത്തിയില്ലാത്ത മഹാന്മാർ അവരുടെ നിലയെപ്പററി നല്ലവണ്ണം ഒന്നു കൂടി ആലോചിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

### ഭിന്നസമുദായ സമാജങ്ങൾ.

പല സമുദായങ്ങളുടെ ഇടയിൽ പ്രത്യേകം പ്രത്യേകം സമാജങ്ങൾ ഉണ്ടായിരിക്കുന്നതു നന്നാണോ എന്നു ചിലൎക്കു സംശയമുണ്ടു്. ഓരോ സമുദായത്തിലും അത്യന്താപേക്ഷിതമായിരിക്കുന്ന പരിഷ്കാരങ്ങളെ നടപ്പിൽ വരുത്തുന്നതിനു പ്രത്യേക സമാജങ്ങളാണു് പൊതുവായ ഒരു ദേശപരിഷ്കരണ സഭയെക്കാൾ കുറെക്കൂടി ഉതകുന്നതെന്നു തോന്നുന്നു. പ്രത്യേക സമുദായങ്ങൾ പരിഷ്കാര നിലയെ പ്രാപിച്ചുകഴിഞ്ഞാൽ അവയെക്കൊണ്ടു ദേശപരിഷ്കരണ സംഘങ്ങൾക്കു കുറെ കൂടി പ്രയോജനമുണ്ടാകുന്നതാണു്. എന്നാൽ തിരുവിതാംകൂറിലെ ഇപ്പോഴത്തെ നിലയെക്കുറിച്ചു ആലോചിക്കുമ്പോൾ ജാതിമതഭേദമെന്യേ രാജ്യത്തിന്റെയും ഇവിടത്തെ ജനങ്ങളുടെ പൊതുവെ ഉള്ള ഗുണത്തെയും ഉദ്ദേശിച്ചു പ്രവൎത്തിക്കുന്നതായ ഒരു പൊതുജനസഭ ഉണ്ടായിരിക്കേണ്ടതു ഏററവും ആവശ്യമായിട്ടുള്ളതാണെന്നു എനിക്കഭിപ്രായമുണ്ടു്. അങ്ങനെ ഒരു സഭ സ്ഥാപിക്കുന്നതിനും അതിന്റെ ശാ

ഖകൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഏറ്റെടുത്തുനടത്തുന്നതിനും തിരുവിതാംകൂറിലെ ജനപ്രമാണികൾ കഴിയുന്നതും വേഗത്തിൽ ഉത്സാഹിക്കണമെന്നു ഈ അവസരത്തിൽ അവരോടു അപേക്ഷിക്കുകയും കാലവിളംബനമെന്യെ അവർ അപ്രകാരം ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. തിരുവിതാംകൂറിലെ പൌരന്മാർ എന്ന നിലയിൽ നാമെല്ലാവരും നമ്മുടെ പൊതുവെയുള്ള ഗുണത്തിനു വേണ്ടി ജാതിമതഭേദം കൂടാതെ പ്രവൎത്തിക്കേണ്ടതായ പല കാൎയ്യങ്ങളും ഈ രാജ്യത്തിലിപ്പോഴുണ്ട്. അതിലെയ്ക്കു നമ്മുടെ എല്ലാവരുടേയും ശ്രദ്ധ പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നു ചുരുക്കിപ്പറവാൻ മാത്രമെ ഇവിടെ സാധിക്കയുള്ളു.

## കേരളീയഗണക മഹാസമാജം.

ഈ സമാജം കേരളമൊട്ടുക്കുള്ള ഗണകന്മാരെ ഉദ്ദേശിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും കൊച്ചി, ബ്രിട്ടീഷ്മലബാർ മുതലായ ദിക്കുകളിൽ നിന്നും സാമാജികന്മാർ ഇതിൽ ചേൎന്നിട്ടുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. അങ്ങിനെ ചേൎന്നിട്ടില്ലെങ്കിൽ ചേരുന്നതിനു അവർ ഉത്സാഹിക്കുകയും അവരെ കൂടി ചേൎക്കുന്നതിനു ഇവിടെയുള്ള സമുദായനേതാക്കന്മാർ ശ്രമിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. അപ്പോൾ മാത്രമെ സമാജത്തിന്റെ പേരു അൎത്ഥവത്തായി തീരുകയുള്ളു. ഇപ്പോൾ പല ഉപസമാജങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെല്ലാം തിരുവിതാംകൂറിലാണെന്നാണ് തോന്നുന്നതു്. കഴിഞ്ഞ ഇംഗ്ലീഷ് വൎഷം ൧൮൯൧-ൽ, അതായതു മൂന്നു കൊല്ലങ്ങൾക്കു മുമ്പെ എടുക്കപ്പെട്ട സൎക്കാർ ജനസംഖ്യ കണക്കുപ്രകാരം തിരുവിതാംകൂർ രാജ്യത്തുള്ള ഗണകസമുദായത്തിന്റെ എണ്ണം ൧൯൨൬൦ ആയിരുന്നതായി കാണുന്നു. ഇതു ഈ സമുദായത്തിൽ ഉള്ള രണ്ടിനങ്ങളിലും കൂടിയാണ്. ഈ സമുദായത്തിൽ ഉള്ള ആളുകളിൽ ൧൦൦൦-ന്നു ൨൯൨. വീതം പേർ എഴുതാനും വായിക്കാനും അറിയാവുന്നവരാണെന്നു കാണാം. പുരുഷന്മാരിൽ ൧൦൦൦-ന്നു ൪൯൯-ം സ്ത്രീകളിൽ ൧൦൦൦-ന്നു ൬൨-ം പേർ വീതം എഴുത്തറിയാവുന്നവരാണ. ഇംഗ്ലീഷ് പഠിച്ചിട്ടുള്ളവരുടെ എണ്ണം ൧൦,൦൦൦-ന്നു ൩ വീതമേ ഉള്ളൂ എന്നാണ് കാണുന്നതു്. ൧൦൭൭-ലെ തിരുവിതാംകൂർ രാജ്യഭരണ റിപ്പോൎട്ടുപ്രകാരം ഈ സമുദായത്തിൽപ്പെട്ട കുട്ടികളിൽ വിദ്യാഭ്യാസം ചെയ്തുവരുന്നവരുടെ എണ്ണം ആകെ ൪൯ ആണെന്നു കാണുന്നു. ഈ കണക്കുകളിൽ നിന്നും ഈ സമുദായക്കാരിൽ ഇംഗ്ലീഷ് പഠിത്തക്കാരുടെ എണ്ണം തുലോം കുറവാണെന്നും ശരിയായി പള്ളിക്കൂടങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്യുന്നവർ തന്നെ അധികമില്ലെന്നും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. എഴുതാനും വായിക്കാനും അറിയാവുന്ന പുരുഷന്മാരുടെ എണ്ണം തിരുവിതാംകൂറിൽ എല്ലാ ജാതിക്കാരേയും കൂടി കൂട്ടിനോക്കിയാൽ ൧൦൦൦-ന്നു ൨൪൩ വീതംമാത്രമേ ഉള്ളൂ. ഈ വിഷയത്തിൽ പ്രസ്തുതസമുദായത്തിന്റെ എണ്ണം ൧൦൦൦ ൪൯൯ ആണെന്നു മുകളിൽ പ്രസ്താവിച്ചതിൽ നിന്നും എഴുതാനും

വായിക്കാനും അറിയാവുന്ന പുരുഷന്മാർ ഈ സമുദായത്തിൽ കുറവല്ലെന്നു കാണാവുന്നതാണ്.

## വിദ്യാഭ്യാസം.

ഇക്കാലത്തു ഏതു സമുദായത്തിന്റെയും മേൽഗതിയ്ക്കു വിദ്യാഭ്യാസമാണ് ഏററവും ശക്തിയുള്ള കാരണമെന്നും ഇംഗ്ലീഷ് വിദ്യാഭ്യാസം ഒഴിച്ചു വയ്ക്കാൻ പാടുള്ളതല്ലെന്നും എല്ലാവരും ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുമെന്നു എനിക്കു തോന്നുന്നു. ആകയാൽ ഗണക സമുദായാഭിവൃദ്ധിക്കു ഇപ്പോൾ ഏററവും ആവശ്യമുള്ളതായിട്ടു എനിക്കു തോന്നുന്നതു ആ സമുദായത്തിലെ അംഗങ്ങൾക്കു ശരിയായ വിദ്യാഭ്യാസം ഉണ്ടാകുന്നതിലേക്കു വേണ്ട ഏർപ്പാടുകളെ ചെയ്യുകയാണ്. "കേരളീയ ഗണകമഹാസമാജ"ത്തിന്റെ ഉദ്ദേശങ്ങളിൽ ആദ്യത്തേതു ആ സമുദായത്തിലുൾപ്പെട്ടവരുടെ വിദ്യാഭ്യാസത്തെ പോഷിപ്പിക്കുക എന്നതാണെന്നു കാണുന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഇതു ഏററവും ബുദ്ധിപൂർവ്വം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു സംഗതിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. കാലോചിതമായ ഉൽകൃഷ്ട വിദ്യാഭ്യാസം ഈ സമുദായത്തിൽ പരത്തുന്നതിനു ഗണക സമുദായ നേതാക്കന്മാർ ഉടനെ മനഃപൂർവ്വം ശ്രമിക്കേണ്ടതാണ്. പ്രാപ്തിയുള്ളവർ അതിലേക്കു വേണ്ട പണം തങ്ങളാൽ ചെലവിടുകയും, എന്നാൽ ബുദ്ധിയുള്ളവരും പണമില്ലാത്തവരുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനു പൊതുമുതലുകൾ ഉടനെ ശേഖരിക്കുകയും ചെയ്യേണ്ടതാണ്. ഈ സമുദായത്തിലുൾപ്പെട്ടവരായി സർക്കാരുദ്യോഗസ്ഥന്മാർ വല്ലവരും ഈ രാജ്യത്തുണ്ടോ എന്നു ഞാൻ ഈയിടെ അന്വേഷിച്ചതിൽ ഒരു ഭാഗവതരും നാട്ടുവൈദ്യശാലയിലെ ഗ്രന്ഥപാലകൻ ഒരാളും മാത്രമേ ഉള്ളൂ എന്നു അറിവാൻ ഇടയായി. ഇതു ഏററവും പരിതാപകരമായ ഒരു കാര്യമല്ലേ? ഈ സമുദായത്തിലുള്ള പലർക്കും വൈദ്യത്തിൽ വാസനയുള്ളതായി കാണുന്നു. എന്നാൽ വേണ്ടവിധം അവരെ അഭ്യസിപ്പിച്ചില്ലെങ്കിൽ ഇക്കാലത്തു അവരെക്കൊണ്ടു വലിയ പ്രയോജനം ഉണ്ടാകാൻ തരമില്ല. സാമാന്യമായിട്ടെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്തിട്ടുള്ള ആളുകൾ ഈ സമുദായത്തിൽ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ വല്ല സർക്കാരുദ്യോഗത്തിലും നിയമിക്കപ്പെട്ടുമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഇനിയെങ്കിലും വിദ്യാഭ്യാസകാര്യത്തിൽ ഈ സമുദായത്തിന്റെ ഗാഢമായ ശ്രദ്ധ ഉടനെ പതിയുമെന്നും, അധികം താമസിയാതെ ഈ സമുദായത്തിൽപെട്ട ഒരാൾ ഉൽകൃഷ്ട വിദ്യാഭ്യാസത്തിനായി ശീമയിൽ അയക്കപ്പെട്ടു കാണ്മാൻ ഇടയാകുമെന്നും ഞാൻ മനഃപൂർവ്വമായി ആഗ്രഹിക്കുന്നു.

## തൊഴിലുകൾ.

ഗണക സമുദായത്തിന്റെ ഇപ്പോഴത്തെ അതൃപ്തികരമായ സ്ഥിതിക്കുള്ള കാരണങ്ങളിൽ ഒന്നു ഈ സമുദായക്കാർ അവരുടെ കുലവൃത്തിയായ പുരാതന തൊഴിലുകൾ വിട്ടു മററു തൊഴിലുകളിൽ പ്രവേ

ശിക്കാതിരിക്കുന്നതാണെന്നു നിസ്സംശയം പറയാവുന്നതാണ്. കാലത്തിനടുത്ത വിധം എല്ലാ സമുദായക്കാരും പ്രവർത്തിച്ചു വരുന്ന ഇക്കാലത്തു ഗണകസമുദായം മാത്രം മുൻ പതിവു വിട്ടു ഒരടി മാറിവെയ്ക്കയില്ലെന്നു മുക്കടമുഷ്ടി പിടിക്കുന്നതായാൽ പരിണാമം പരിതാപകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ജ്യോതിഷം, മാന്ത്രികം, വൈദ്യം മുതലായ പഴയ തൊഴിലുകൾ വിട്ടുമാറിയിട്ടുള്ളവരായി ഈ സമുദായത്തിൽ അധികം പേരില്ലെന്നാണ് അറിയുന്നത്. മററു വില്ലറ വേലകൾ ചെയ്തുവരുന്ന ഒരാളെക്കുറിച്ചു മാത്രം ഞാൻ അന്വേഷിച്ചതിൽ അറിയുന്നതിനിടവായിട്ടുണ്ട്. ഇപ്പോൾ ബ്രാഹ്മണർ കൂടി തുണിവ്യാപാരം മുതലായവ ചെയ്തുവരുന്ന സ്ഥിതിയ്ക്കു ഗണകസമുദായക്കാർ കാലോചിതമായ ദേശഗതികളെ ഈ വിഷയത്തിൽ ഏർപ്പെടുത്തുന്നതിനു വളരെ ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഏഴുലക്ഷം രൂപാ വരെ മുടക്കി തുണിവ്യാപാരം ചെയ്തുകൊണ്ടുവന്നിരുന്ന ഒരു തഞ്ചാവൂർ ബ്രാഹ്മണനെക്കുറിച്ചു ഏതാനും വർഷത്തിനു മുമ്പു എനിക്കറിവാൻ ഇടയായിട്ടുണ്ട്. ഈയിടെ തിരുവിതാംകൂർ ഗവർമ്മെൻറിൽനിന്നും മത്സ്യവ്യവസായ പരിശീലനത്തിനു ചിലരെ അയക്കാൻ നിശ്ചയിച്ചതിൽ അതിലേയ്ക്കു നിയമിക്കപ്പെടുന്നതിനു ഒരു പരദേശബ്രാഹ്മണനും ഒരു നായരും ഒരു ക്രിസ്ത്യാനിയും ആയി വളരെ വാശിയോടുകൂടി ശ്രമിക്കയുണ്ടായി. ഒടുവിൽ ഈ സംഗതി ആയിടയ്ക്കു തിരുവിതാംകൂർ സന്ദർശിക്കാൻ ഇടയായ മദ്രാസ്സ് മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറു ഡയറക്ടർ സർ ഫ്രെഡറിക് നിക്കോൾസൺ തീരുമാനിക്കുന്നതിനു തിരുവിതാംകൂർ ഗവർമ്മെൻറിൽ നിന്നും നിശ്ചയിക്കുകയും, അദ്ദേഹം നായരേയും ക്രിസ്ത്യാനിയേയും ഇതിലേക്കു തിരഞ്ഞെടുക്കുകയും ചെയ്തു. ഈ മാതിരി സംഗതികൾകൊണ്ടു ഇപ്പോൾ നൂതന തൊഴിലുകളിൽ പ്രവേശിക്കുന്നതിനു ജനങ്ങൾക്കു എത്രമാത്രം ഉത്സാഹവും ആഗ്രഹവുമുണ്ടെന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ. പുരാതനകാലങ്ങളിലെ വർണ്ണാശ്രമരീതി ഇപ്പോൾ എത്രമാത്രം ഭേദപ്പെട്ടിട്ടുണ്ടെന്നുള്ളതു ഞാൻ പറയാതെ തന്നെ നിങ്ങൾക്കു ബോദ്ധ്യമുള്ള ഒരു സംഗതിയാണ്. വാസ്തവം വിചാരിക്കുന്നതായാൽ മാന്യമായി ഏതുമാതിരി തൊഴിൽ ചെയ്യുന്നതും അഭിനന്ദനീയമാണ്. നാം കയ്ക്കൊള്ളുന്ന ജോലി നല്ലവണ്ണം ചെയ്തു അതിൽനിന്നു ആദായവും അഭ്യുദയവും നേടുന്നതിനാണ് എല്ലാവരും യത്നിക്കേണ്ടതു. ഗണകസമുദായക്കാർ ഇക്കാര്യങ്ങളെ നല്ലവണ്ണം മനസ്സിലാക്കി പ്രവർത്തിക്കേണ്ട കാലം ഏറെറവും അതിക്രമിച്ചിരിക്കുന്നു. ഈ സമുദായക്കാരുടെ പ്രത്യേക തൊഴിലുകളായ ജ്യോതിഷം, മാന്ത്രികം മുതലായവ കാലം ചെല്ലുന്തോറും ക്ഷയിച്ചു വരുന്നതായിട്ടാണ് എൻെറ പല അന്വേഷണങ്ങളാലും എനിക്കു മനസ്സിലായിരിക്കുന്നതു. ആകയാൽ പുതിയ പദ്ധതികളിൽ പ്രവേശിക്കേണ്ടതു ഈ സമുദായക്കാർക്കു ഇപ്പോൾ ഏററവും ആവശ്യമായിരിക്കുന്നു എന്നു മേല്പറഞ്ഞ സംഗതി തെളിയിക്കുന്നുണ്ടല്ലൊ.

## ആചാരപരിഷ്കാരം.

ഈ മഹാസമാജത്തിന്റെ മൂന്നാമത്തെ ഉദ്ദേശമായി പ്രസ്താവിക്കപ്പെട്ടു കാണുന്നതു് ഗണകസമുദായാചാരങ്ങളിൽ ആവശ്യമുള്ള പരിഷ്കാരങ്ങൾ വരുത്തുവാൻ യത്നിക്കുക എന്നതാകുന്നു. ഇതും ഏററവും ആവശ്യമായിട്ടുള്ള ഒരു കാര്യമാണ്. നായന്മാരുടെ ഇടയിലുള്ള മിക്ക ആചാരങ്ങളും ഗണകസമുദായത്തിലും ഉള്ളതായി അറിയുന്നു. നിരർത്ഥകമായ താലികെട്ട്, ഋതുശാന്തി, പുളികുടി, പുലകുളി മുതലായ അടിയന്തിരങ്ങളുടെ ചടങ്ങുകൾ കുറയ്ക്കുകയും അവയ്ക്കുള്ള ചിലവു ലഘുപ്പെടുത്തുകയും ചെയ്യേണ്ട കാലം ഏററവും അതിക്രമിച്ചിരിക്കുന്നു. നായന്മാരുടെ ഇടയിൽ ഈ മാതിരി പരിഷ്കാരങ്ങൾ ഇപ്പോൾ ധാരാളമായി നടന്നു വരുന്നു. താലികെട്ടുകല്യാണം ഒരു ദിവസം കൊണ്ടും വളരെ ചുരുങ്ങിയ ചെലവിന്മേലും ഇപ്പോൾ പല ധനവാന്മാരും പ്രധാനികൾ പോലും നടത്തി വരുന്നുണ്ടെന്നു കാണുന്നതു് ചാരിതാർത്ഥ്യജനകം തന്നെ. ഗണകസമുദായവും ഈ വക കാര്യങ്ങളിൽ കുറെക്കൂടി ശ്രദ്ധിക്കേണ്ടകാലം ഇപ്പോൾ തന്നെ അതിക്രമിച്ചിരിക്കുന്നു. ഈ സന്ദർഭത്തിൽ എനിക്കു പ്രത്യേകമായി ഒരു സംഗതി ഇവിടെ പറവാനുള്ളതു പ്രസംഗത്തേക്കാൾ പ്രവൃത്തി നന്നാണെന്നുള്ളതാകുന്നു. ആചാരപരിഷ്കരണ കാര്യങ്ങളിൽ അധികമായി പ്രസംഗിച്ചതുകൊണ്ടു വലിയ ഫലമൊന്നുമില്ലാ. പ്രവൃത്തിദ്വാരേണയാണ് വിവരമുള്ളയാളുകൾ മററുള്ളവർക്കു മാർഗ്ഗദർശികളായി ഭവിക്കേണ്ടതു. ഈ കാര്യത്തിൽ ധൈര്യവും മനക്കരുത്തുമുള്ളയാളുകൾ എല്ലാ സമുദായത്തിലും കുറവാണ്. ഈ രണ്ടു ഗുണങ്ങളും ഇല്ലാത്തവർ പ്രസംഗിച്ചതുകൊണ്ടു ഫലമില്ലെന്നു മാത്രമല്ലാ, പലപ്പോഴും വിപരീതഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതാണ്. ആചാരപരിഷ്കാരവിഷയത്തെക്കുറിച്ചു പറയുന്ന അവസരത്തിൽ അവാന്തര ജാതിവ്യത്യാസത്തെക്കുറിച്ചു എനിക്കൊരു വാക്കു പറയാനുണ്ട്. നായന്മാരുടെ ഇടയിൽ ഇതു ഏററവും ആവശ്യമായ ഒരു പരിഷ്കാരമാണ്. ഗണകസമുദായത്തിലും ഈ പരിഷ്കാരത്തിനാവശ്യമുണ്ടെന്നു ഞാൻ അറിയുന്നു. ഈ സമുദായത്തിൽ ചില അവാന്തര വ്യത്യാസങ്ങൾ ഉണ്ടെന്നു എനിക്കു വിശ്വാസയോഗ്യമായ അറിവു കിട്ടീട്ടുണ്ട്. ഈ മാതിരി വ്യത്യാസങ്ങളെ ഉന്മൂലനം ചെയ്യേണ്ടതു സമുദായാഭിവൃദ്ധിക്കു ഏററവും ആവശ്യമായിട്ടുള്ളതാകുന്നു. എന്നാൽ ഈ സംഗതി നടപ്പാക്കുന്നതു ഏറെ പ്രയാസമുള്ള ഒരു കാര്യമാണെന്നും എനിക്കറിയാം. ആകയാൽ ഇതിലേക്കു ഗണകസമുദായനേതാക്കന്മാർ ഉടനെ ശ്രദ്ധിക്കുകയും കഴിവുള്ളേടത്തോളം ഭേദഗതികൾ കുറെശ്ശയായി ചെയ്തുതുടങ്ങുകയും ചെയ്യുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

## ഗണകമഹാസമാജം

ഇനിയും എനിക്കു രണ്ടുവാക്കു പറവാനുള്ളതു "കേരളീയ ഗണകമഹാസമാജ"ത്തെക്കുറിച്ചാണ്. ഈ സമാജത്തിനു പറയത്തക്ക

സ്വത്തൊന്നുമില്ലെന്നറിയുന്നു. ഇതു ഏററവും പരിതാപകരമായ ഒരു സംഗതിയാണ്. ഭൂലോകത്തു പണമില്ലെങ്കിൽ യാതൊരു കാൎയ്യവും സാധിക്കാൻ കഴികയില്ലാ ആകയാൽ ഈ സമാജത്തിൻെറ ധനസ്ഥിതി ഉടനെ നന്നാക്കാൻ ഇതിൻെറ ഭാരവാഹികൾ ശ്രമിക്കേണ്ടതാണ്. മെമ്പ്രന്മാരുടെ പ്രവേശനഫീസായ കാൽ രൂപാ വീതമുള്ള തുക എല്ലാ മെമ്പ്രന്മാരും ഉടനെ അടയ്ക്കുമെന്നു വിശ്വസിക്കുന്നു. ഠരം പീസു മെമ്പ്രന്മാരായി മുമ്പു ചേൎന്നിട്ടുള്ളവരും മേലാൽ ചേരുന്നവരും കൊടുക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. ഓരോ സ്ഥലത്തും ഉള്ള ഉപസമാജങ്ങൾ പ്രത്യേകം ശേഖരിക്കുന്ന മുതലുകൾ അവിടവിടെത്തന്നെ ചെലവഴിക്കുന്നതു നന്നായിരിക്കും. എന്നാൽ മഹാസമാജത്തിൻെറ ചെലവിലേക്കു ഉപസമാജങ്ങൾ കുറെ പണം മാസംതോറുമോ മറേറാ കൊടുക്കേണ്ടതും പൊതുക്കാൎയ്യങ്ങൾക്കു വേണ്ടിവന്നാൽ പണത്തിൻെറ ഇരിപ്പനുസരിച്ചും കാൎയ്യത്തിൻെറ ഗൌരവംനോക്കിയും കഴിവുള്ളിടത്തോളം തുക അയച്ചു കൊടുക്കേണ്ടതും ആകുന്നു. ആണ്ടുതോറും ഒരു വാൎഷികയോഗം കൂടുന്നതു ഏററവും ഉപയോഗപ്രദമായ ഒരു കാൎയ്യമാണ്. ഇതു ഠരം രാജ്യത്തും കൊച്ചിയിലും ബ്രിട്ടീഷ് മലബാറിലും വച്ചു നടത്തുന്നതു നന്നായിരിക്കും. ഇതുമൂലം ഗണകസമുദായത്തിൻെറയിടയിൽ ഒരുണൎച്ച വരുത്തുവാൻ കഴിയുന്നതാണ് അതാണല്ലോ എല്ലാപരിഷ്കാരത്തിൻെറയും അടിസ്ഥാനമായിട്ടുള്ളതു.

## "ശ്രീരാമവിലാസം"

ഇപ്പോൾ ആറേഴു മാസക്കാലമായിട്ടു സമാജം സെക്രട്ടറിയും മഹാമനസ്കനും ഉത്സാഹശീലനും ആയ കെ. ജി. ഇട്ടിവൈദ്യൻ അവർകളാൽ നടത്തപ്പെട്ടുപോരുന്ന "ശ്രീരാമവിലാസം" എന്ന മാസികയെ സമാജംവകയായുള്ള ഒരു പത്രഗ്രന്ഥമായി സ്വീകരിക്കുന്നതു നന്നായിരിക്കും. സമാജകാൎയ്യങ്ങളെ മാസന്തോറും പ്രസിദ്ധപ്പെടുത്തുന്നതിനും ഉപസമാജങ്ങളുടെ പ്രവൃത്തിവിവരം അപ്പഴപ്പോൾ പരസ്യമാക്കുന്നതിനും ഈ മാസിക വളരെ ഉതകുന്നതാണ്. ഇതിനെ മാസംതോറും കണിശമായി പ്രസിദ്ധീകരണം ചെയ്യുന്നതായാൽ ഗണകസമുദായത്തിനു അത്യന്താപേക്ഷിതമായ പല കാൎയ്യങ്ങളെക്കുറിച്ചും ഇതിൽ പ്രതിപാദിക്കാൻ കഴിയുന്നതാണ്. ഈ സമുദായനേതാക്കന്മാരുടെ ജീവചരിത്രങ്ങൾ മുതലായവ കൂടി അപ്പഴപ്പോൾ ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കുമെന്നിനിക്കുള്ള അഭിപ്രായത്തെ കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ മാസികയിൽ ഇപ്പോൾ കവിത കുറെ അധികമല്ലയൊ എന്നു എനിക്കു ബലമായ സംശയമുണ്ട്. കവിതയെ ആക്ഷേപിക്കണമെന്നു എനിക്കു അശേഷം താല്പൎയ്യമില്ലാ. എന്നാൽ ഇതു മാതിരിയുള്ള ഒരു പത്രഗ്രന്ഥത്തിൽ കവിതയെ അധികമായിട്ടു ചേൎക്കുന്നതു അസ്ഥാനത്തിലാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ലാ. ഈ പത്രഗ്രന്ഥം കൊണ്ടുള്ള പ്രയോജനവും

കവിതയെ കുറെ കുറയ്ക്കുന്നതായാൽ വർദ്ധിയ്ക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ലാ. ഈ മാസികയുടെ പേരിനെ സംബന്ധിച്ചു അല്പം ഭേദഗതി ചെയ്തു ഇതു ഗണക സമുദായാഭിവൃദ്ധിയെ ഉദ്ദേശിച്ചു നടത്തപ്പെടുന്നതാണെന്നും ഇതു ഗണക സമുദായ പ്രതിനിധിയാണെന്നും പ്രത്യക്ഷത്തിൽ ഗ്രഹിക്കത്തക്കവണ്ണമാക്കിയാൽ കൊള്ളാമെന്നു എനിക്കഭിപ്രായമുണ്ട്. ഈ സംഗതിയേയും പ്രസ്തുത മാസികാ പ്രവർത്തകന്മാരുടെ ശ്രദ്ധക്കായി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

## ശ്രീമൂലം പ്രജാസഭ

ഈ അവസരത്തിൽ എനിക്കു വേറൊരു കാര്യം പറവാനുള്ളതു ശ്രീമൂലം പ്രജാസഭയിലേയ്ക്കു ഗണക സമുദായത്തിൻെറ പ്രതിനിധിയായി ഒരാളെ ഗവമ്മെൻറിൽ നിന്നും നിയമിക്കേണ്ടതു ഏററവും ആവശ്യമായിട്ടുള്ളതാകുന്നു. എന്നാണ്. കഴിഞ്ഞ യോഗത്തിൽ പുലയരുടെ സമുദായ പ്രതിനിധികളായ മൂന്നുപേരെ നിയമിച്ചിട്ടുണ്ടായിരുന്നു. അടുത്തയാണ്ടിൽ പറയരുടെ ഒരു പ്രതിനിധിയെ നിയമിക്കാൻ ഇടയുണ്ടെന്നു ഈയിടെ കേൾക്കുകയുണ്ടായി. ആ സ്ഥിതിക്കു ഗണക സമുദായ പ്രതിനിധിയായി ഒരാൾ ഉണ്ടായിരിക്കേണ്ടതു ഏററവും ആവശ്യമായിട്ടുള്ളതാണെന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. ഈ സമാജക്കാർ ഇതിലേക്കായി കാലേക്കൂട്ടി ഉത്സാഹിക്കുന്നതായാൽ ഈ കാര്യം അടുത്ത പ്രാവശ്യം "ശ്രീമൂലം പ്രജാസഭ" കൂടുമ്പോൾ തന്നെ സാധിക്കുമെന്നാണ് എനിക്കുതോന്നുന്നതു.

"കേരളീയഗണകമഹാ സമാജ"ത്തിനും ഗണകസമുദായത്തിനും എല്ലാവിധമായ ഐശ്വര്യങ്ങളും ഉണ്ടാകണമെന്നു ആശംസിക്കയും ഇന്നേദിവസം ടി സമാജത്തിൻെറ രണ്ടാമത്തെ വാർഷിക യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാൻ എന്നെ നിയമിച്ചതിലേക്കു സമാജ ഭാരവാഹികളോടു എൻെറ ഹൃദയപൂർവമായ നന്ദിയെ ഒന്നുകൂടി പറകയും ചെയ്തുകൊണ്ടു ഇതിനെ അവസാനിപ്പിച്ചുകൊള്ളുന്നു,

# യയാതിചരിതം.

(തുടർച്ച)

ഓമല്ലൂർ കെ. ആർ. കേശവൻ ജ്യോത്സ്യർ.

തെറേറതുമട്ടിലതുമട്ടിലവക്കുനീതി
ചെറേറതുമെപിഴപെടാതെയയാതിഭൂപൻ
തെറേറകുമെയനപരാധജനപ്രപീഡ
തെറെറന്നശാസ്ത്രപരിപാടിയുപനസിദ്ധം.

സ്വർല്ലോക സൌഖ്യമവനീപതിതൻെറരാജ്യ
ത്തില്ലെന്നാരാൾപറയുവാൻമുതിരുന്നതായാൽ
സല്ലോകജാലപരിഭാസിതമായിടുന്നൽ
സ്വർഃല്ലോകമില്ലവനു “കള്ളര” തിൽപ്പെട്ടില്ല.

പക്ഷിധ്വജാരുണപദാംബുജഭക്തവര്യൻ
ഭ്രക്ഷിത്തുമേവമചലാതലമൊന്നുപോലെ
രക്ഷിച്ചുമേവുമളവാമൃഗയാരസേച്ഛ
യാക്ഷിപ്തശത്രുനരപാലനിൽവിസ്ഫുരിച്ചു.

ദുഷ്ടാസുരപ്പരിഷതൻതലതട്ടിദൂര
ത്തിട്ടാമഹേന്ദ്രസമഭാവമിയന്നമന്ദം
എട്ടാശതന്നിലുരുകീർത്തിപരത്തിയോരു
രാട്ടാമൃഗവ്യരസലാലസനായ് ചമഞ്ഞു.

കാട്ടിൽക്കടന്നുവിശരപ്രദമാംശരത്തിൽ
പാട്ടിൽത്തടഞ്ഞകടുദുഷ്ടമൃഗത്തെയെല്ലാം
ആട്ടിക്കളഞ്ഞുയമരാജനികാര്യമാകും
കൂട്ടിൽ ക്കതിരിപുസംഹതിയെന്നപോലെ.

നായാടിയുൽക്കടകുതൂഹലമോടുവക്ത്ര
ശ്രീയാടിടുംനരകുലോത്തമമൌലിരത്നം
തോയംതിരഞ്ഞുടനൊരദ്ധ്വതടംഗമിച്ചു;
തോയാർത്ഥികൾക്കുദകമുള്ളടമാശ്രയംതാൻ.

കാണായതിൻസുഷമതൻനടുവിൽതിളങ്ങു
ന്നേണായതാക്ഷികൾതൊഴുന്നൊരുകന്യതന്നേ
സ്ഥൂന്നായിതപ്രകൃതിയായഥലിനലോക
ത്രാണാനിശാകുലനൃപാലകദൃഷ്ടിതന്നിൽ.

ആപന്നലോകപരിപാലനജാഗരൂകൻ
ഭൂപൻമഹാദ്ധ്വഗതയാംവനിതാവലോകാൻ
ശ്രീപർണ്ണചാരുവദനാധിനിനച്ചുഭദ്ര
ശ്രീപങ്കമാനസനലിഞ്ഞിതുയൊഗ്യഭാവം.

ആജാനബാഹു, ഗുണരാശി, യയാതിയാകും
രാജാമഹാകദനകൃപതവേശയിക്കും
ആജാതതൃപസദൃശാംഗിയെയുദ്ധരിപ്പാൻ
ശ്രീജാനിപാദതലഭക്തനടൻമുതിന്നു.

ദൊസ്സാമനോഹരതരംതിരമാലയാകെ
ഭിസ്സാക്കിടുംതരുണിദോസ്സൊടുമൈത്രിചെയ്ത്
അസ്സാധ്യഭൂപനവളെക്കരകേററിഫന്ന;
സംസാരവാർ,നിധിമഗ്നരെവിഷ്ണുപോലെ.

ഘോരാന്ധകാരമയ കൂപമതിങ്കൽ നിന്നു
മാരാന്ധയാകുമവളെക്കരകേററിയപ്പോൾ
നേരാന്തരംഗകുതുകാലിവർ തമ്മിലൊത്തു
ചേരാൻ തരത്തിൽ മദനൻ കലയേററി ചാപം.

സർവ്വംസഹേഷ്ടഹൃദിശാർവ്വരവേണി സംഘ
പൂർവ്വംഗതാസുരഗുരുപ്രഭവാത്മകാന്തി
സാർവ്വംസമീക്ഷ്യമദനോപഗതാധിയാകു
മൌർവ്വംജ്വലിച്ചജലരാശിയിലെന്നപോലെ

ശർമ്മിഷ്ഠ, തൻ ചരിതമോർത്തതിരോഷവുംവൻ
ധർമ്മിഷ്ഠനാം നൃപതിയെപ്രതിഹർഷവും താൻ
വിമ്മിഷ്ടവും ജനകനെപ്രതി ഭീതിയും നൽ
തേന്മട്ടിലുള്ള മൊഴിയാൾക്കളവായ് തദാനീം.

ഊരുദ്വയശ്രീ വിവിനിർജ്ജിതരംഭയാം ചാ-
മൃതുപ്രകാശമിഴി ഭാർഗ്ഗവഭാഗ്യപുത്രി
ആരുററ ബന്ധുവിവനെന്നറിയുന്നതിന്നു
ന്നേരത്തു പാർത്തു നൃപനോടിതുപോൽ വദിച്ചു.

കാണുന്നു രാജപദമെങ്കിലുമങ്ങിതേതോ
ളാണെന്നുമെന്തു നിനവാൽ വനമെത്തിയെന്നും
വേണുന്നകഷ്ടതയെഴുന്നിവളെ മിഴിക്കെ
കാണുന്നതിന്നു മിടയെന്നതുമോതിടേണം

വൃന്ദാരകാധിപസമാനന ഖണ്ഡശത്രു
വൃന്ദാരിയാകിയ യയാതി ദയാപയോധി
വന്ദാരുലോക ഹിതപൂരണലോലശീലൻ
ചൊന്നാദരാൽ തരുണി,തൻ മൊഴികേട്ടിവണ്ണം

വാച്ചോരു കൌതുകമൊടും നരപാല കൃത്യ
മാശ്ചോദനത്തിന വനന്തമണഞ്ഞു ഞാനും
അച്ചോരു കാന്തി നിറയാൽ ചപലാഭനിർജ്ജ
യിച്ചോരു ദേഹിനി പരം പരമാർത്ഥമെല്ലോ

ചന്ദ്രാനനേ,യതിൽ നഹുഷാഭിതകാശ്യപീന്ദ്ര
ചന്ദ്രാത്മസംഭവനയാതിയിവൻ ഗുണാഢ്യ
സാന്ദ്രാഭിരാമതനു നിന്നെയുമത്ര കണ്ടേൻ
ചന്ദ്രാനനേ കഥകളെന്തിനു വിസ്തരിപ്പു

താരാധിപാഭിജനജാതവരിഷ്ഠനാക
മീരാജനെൻ കണവനെന്നു ദൃഢമുള്ളിലുണ്ട്
ധാരാധരോപമശിരോരുഹ "ദേവയാനി"
മാരാധിവാരിധിയിൽ നീന്തിയിവണ്ണമോതി

മത്താപഭാരമകലിച്ചതു കൊണ്ടുമല്ലെൻ
കയ്ത്താർ ഭവാനുടെയ കണ്ണൊടിണച്ചുകൊണ്ടും
ഭർത്താവിനിക്കിഹ ഭവാൻ ശരണാഗതാനാ
മാർത്ത്യാപഹാരകരമയ്യമുരാരിപോലെ

എന്നല്ല ജീവസുത ശാപബലാതിരേകാൽ
നന്നല്ല ഭൂസുരധവത്വമിനിയ്ക്കു പാൎക്കിൽ
ഇന്നല്ലൽ വേണ്ടിതിരപിന്നെ നിറഞ്ഞതൈ
ന്താനല്ലയൊ സകലതിന്നുമൊരാദികന്ദം

ഈവണ്ണമാൎത്ത്യ സിതയിൽ പുളിതോന്നുമാറു
സൌവൎണ്ണകാന്തിതനു, ചൊന്നതി നൃപാലൻ
അവ്വണ്ണമെന്നരുളിയേതൊരുവൻ ജഗത്തിൽ
കൈവന്ന ശേവധിഫലത്തെയുപേക്ഷചെയ്യും

പരസ്പരമിവണ്ണമുടൻതങ്ങളിൽ കൾക്കമാറോതിയി
വരസ്പശവിലോചനൻ നിപുണമൈഥിലിവൈഡൂര്യകം
സുരധവളകീൎത്തിമാൻ സപദികൈതുകാൽകുംഭിനീ
വരപ്പൂൎഷ കനിവിട്ടും നൃപതി, യാത്രചൊല്ലീ

ശുഭം

# ഗണകസമുദായത്തിന്റെ അധോഗതിയും ഉന്നമനമാൎഗ്ഗങ്ങളും.*

(ഇളമ്പയിൽ വി. എൻ. ഗോവിന്ദൻ ജ്യോത്സ്യർ)

ഈ വാൎഷികയോഗത്തിൽ "ഗണകസമുദായത്തിന്റെ അധോഗതിയും, ഉന്നമനമാൎഗ്ഗങ്ങളും" എന്നു രണ്ടു വിഭാഗങ്ങളുൾപ്പെട്ടതായ ഒരു വിഷയത്തെക്കുറിച്ചു ഒരു ഉപന്യാസം വായിക്കുന്നതിനു ഞാൻ ഏററിട്ടുണ്ടല്ലോ! എന്നാൽ പ്രസ്തുത വിഷയത്തെക്കുറിച്ചു വേണ്ടപോലെ സാംഗോപാംഗമായി പ്രതിപാദിക്കുന്നതിനു മതിയാകുന്ന പാണ്ഡിത്യവും യുക്തിവൈഭവവും സൂക്ഷ്മദൎശിത്വവും എനിക്കു ഇല്ലെന്നുള്ളതു് ഞാൻ സ്വയമേവ അറിയുന്നുണ്ടു്. എങ്കിലും സമുദായസ്നേഹമാകുന്ന ഒന്നിനെ മാത്രം ആസ്പദമാക്കിയാണ് ഇതിലേക്കു വേഷം കെട്ടി പുറപ്പെട്ടതു്. വേഷക്കാരനായി അരങ്ങത്തു ചെന്നു എന്തെങ്കിലും യഥാജ്ഞാനം അഭിനയിച്ചാൽ അതിൽ വല്ല ന്യൂനതയും ഉണ്ടായിരുന്നാലും അതിനെ സഹൃദയന്മാർ കണ്ടറിഞ്ഞു് ക്ഷമാപൂൎവ്വം തിരുത്തിത്തരുമെന്നും, അപ്രകാരമായാൽ എന്റെ പ്രകൃതോദ്യമം

* കേരളീയ ഗണകമഹാസമാജത്തിന്റെ ൨-ാം വാൎഷിക യോഗത്തിൽ വായിക്കപ്പെട്ടതു്.

ഏററവും ഫലവത്തായി പരിണമിക്കുമെന്നും ദൃഢമായി വിശ്വസിക്കുന്നു.

ഈശ്വരസൃഷ്ടിയിൽ അനേകകോടി ജീവജാലങ്ങൾ ഉണ്ട്. സ്ഥാവരജംഗമാത്മകങ്ങളായ അവററിൽ വച്ചു ജംഗമങ്ങൾക്കു ചൈതന്യാംശം അധികമാകുന്നു. ജംഗമങ്ങളായ ജീവരാശികളിൽ സ്ത്രീ പുരുഷവിഭാഗവും സുഗ്രഹമായി കാണപ്പെടുന്നു. വൃക്ഷലതാദി സ്ഥാവരപദാർത്ഥങ്ങളെ അപേക്ഷിച്ചു വിശിഷ്ടമായ വിധത്തിൽ പക്ഷിമൃഗാദി ജംഗമശരീരികളിൽ ബോധശക്തി പ്രകാശിച്ചിരിക്കുന്നു. ഈ ബോധശക്തി പക്ഷിമൃഗാദികളിലുള്ളതിനെക്കാൾ അതിവിശിഷ്ടമായി മനുഷ്യവർഗ്ഗത്തിലുണ്ടെന്നുള്ളതു് സുസ്പഷ്ടമാണ്. മൃഗപക്ഷ്യാദികളുടെ ബോധശക്തി അവററുകൾക്കു ആഹാരനീഹാരനിദ്രാമൈഥുനങ്ങളിൽ മാത്രം ഉപയോഗപ്പെടുന്നു. മനുഷ്യൻെറ ബോധശക്തി കൊണ്ടു ആ വക കാര്യങ്ങൾ കൂടാതെ അനേകം വിലയേറിയ കാര്യങ്ങൾ നടത്തുന്നതിനു മതിയാകുന്നു. ഇപ്രകാരം മനുഷ്യരിൽ അനിതരസാധാരണമായി കാണപ്പെടുന്ന ബോധവിശേഷത്തെയാണ് നാം വിശേഷജ്ഞാനം എന്നു വ്യവഹരിക്കുന്നതു്.

വിശേഷജ്ഞാനം മനുഷ്യരിൽ പ്രകൃത്യാ ഉള്ളതുതന്നെയെങ്കിലും അതു് വർദ്ധിപ്പിക്കും തോറും വർദ്ധിച്ചു അനേക പ്രയോജനങ്ങളെ ഉണ്ടാക്കുകയും വർദ്ധിപ്പിക്കാഞ്ഞാൽ അതു് അതിൻെറ സ്ഥാനത്തു തന്നെയിരുന്നു നഷ്ടപ്രയോജനമായി പരിണമിക്കയും ചെയ്യുന്നതാകുന്നു.

ഓരോ മഹാന്മാർ. വേദവേദാംഗാദിമഹാഗ്രന്ഥങ്ങളെ നിർമ്മിച്ചതും യുദ്ധവീരന്മാരായിരുന്നു സകല ശത്രുക്കളെയും കീഴടക്കി മഹാരാജാക്കന്മാരായും ചക്രവർത്തികളായും ഉന്നത സ്ഥാനത്തിരുന്നു രാജ്യം ഭരിച്ചതും. അമാനുഷ സാദ്ധ്യങ്ങളും അത്യന്തം ഉപയോജനീയങ്ങളുമായ പലവിധ കാര്യങ്ങളെ ലഘുവായി സാധിക്കുന്നതിനു മതിയാകുന്ന പലതരം യന്ത്രസമ്പ്രദായങ്ങളെ കണ്ടുപിടിച്ചതും ഋഷികൾ, ആചാര്യന്മാർ, മഹാകവികൾ, പണ്ഡിതന്മാർ, രാജാക്കന്മാർ, രാജമന്ത്രികൾ, ഉദ്യോഗസ്ഥന്മാർ എന്നു തുടങ്ങിയുള്ള മാന്യസ്ഥാനങ്ങൾ ലഭിച്ചതും. വിശേഷജ്ഞാനത്തിനെ വർദ്ധിപ്പിച്ചു ഉപയോഗപ്പെടുത്തിയതിൻെറ ഫലങ്ങളായിട്ടാണ്. പൂർവ്വകാലത്ത് മനുഷ്യർ ഏകസമുദായരീത്യാവർത്തിച്ചിരുന്നതിൽ പിന്നെ ജാതിഭേദങ്ങൾ വേണ്ടിവന്നു. ബ്രഹ്മജ്ഞാനം സിദ്ധിച്ചവർ ബ്രാഹ്മണരെന്നും ബഹുജനങ്ങളെ കീഴടക്കി സമാധാനപ്പെടുത്തി ഭരിക്കുന്നതിനു ശക്തന്മാരായവർ രാജാക്കന്മാർ (ക്ഷത്രിയർ) എന്നും വാണിജ്യാതിവൃത്തികളെ സ്വീകരിച്ചവർ വൈശ്യന്മാരെന്നും മററു ചിലർ ശൂദ്രരെന്നും ഇങ്ങിനെയുള്ള ചാതുർവ്വർണ്ണ്യവും ഓരോ വിശേഷജ്ഞാനികളുടെ പ്രജ്ഞോത്സാഹങ്ങളെ ആശ്രയിച്ചു നടപ്പായി. കാലാന്തരത്തിൽ ചില ബുദ്ധിമാന്മാർ ആചാരമാത്രത്താൽ പ്രചാരപ്പെട്ടിരുന്ന ജാതിഭേദത്തെ സന്താനപരമ്പരയിലേക്കു മാത്രമാക്കി സംക്രമിപ്പിച്ചു. പിന്നെ ചതുർവ്വർണ്ണങ്ങളിടെ അനുലോമപ്രതിലോമ സംസർഗ്ഗഭേദങ്ങളെ കൊണ്ടും മററും ചണ്ഡാളപര്യന്തം പലജാതികളും ഉണ്ടായി. ഇവയെല്ലാം മാന്യന്മാരിടെ വിശേഷജ്ഞാന വൈഭവം നിമിത്തം സംഭവിച്ചവതന്നെ. എന്നാൽ ഇവിടെ ഒന്നുകൂടെ ആലോചിക്കേണ്ടതാണ്.

ഇപ്രകാരമുള്ള ഭേദങ്ങളെ ഉണ്ടാക്കുന്നതിനു കാരണം എന്തായിരിക്കാം. വ്യഷ്ടിയായി പലതുമുണ്ടായിരിക്കട്ടെ എങ്കിലും സമഷ്ടിയിൽ മുഖ്യകാരണം സ്വേച്ഛയാകുന്ന ഒന്നുതന്നെയാണ്. ഓരോരോ വിഷയത്തിൽ നിന്നും അതാതിനു അനുരൂപമായ സുഖം സിദ്ധിക്കുന്നതിനും അതിനുള്ള പ്രയ

ബന്ധങ്ങളെ ഒഴിക്കുന്നതിനുമായിട്ടാണ് മേൽവിവരിച്ച ഭേദഗതികൾ ചെയ്തിട്ടുള്ളതെന്നു അനുമാനിക്കാം.

ഇപ്രകാരം മനുഷ്യർ വിശേഷജ്ഞാനശക്തിയെയും ഉത്സാഹശക്തിയെയും യഥാശക്തിപ്രയോഗിച്ചു സുഖസമ്പാദനം ചെയ്യുന്നതാണ് പരിഷ്കാരം. ഈ പരിഷ്കാരം ഏതുകാലത്തും ഏതു ദേശത്തും ഏതു സമുദായത്തിലും അവശ്യം വേണ്ടതാണ്.

ധാരാളം വിളവു കിട്ടുന്ന ഒരു കൃഷിനിലമാകട്ടെ അതിൽ വർഷകാലത്തു കരയ്ക്കുനിന്നും ഒലിച്ചു കുത്തിയെടുത്തു കൊണ്ടുവന്ന ചരല്പുകേറി നിറഞ്ഞു പോയാൽ കൃഷിചെയ്യുന്നതിനു നിവൃത്തിയില്ലാതാകുന്നു. കൃഷി ചെയ്യാതിരുന്നാൽ വിളവു കിട്ടാതെ വരുന്നു. അതുനിമിത്തം ആഹാരസാധനമില്ലാതെ മുട്ടുന്നതിനിടയാകുന്നു. കരം കൊടുക്കുന്നതിനു വകയില്ലാതായിട്ട് രാജകീയമായ ദണ്ഡനത്തിനും കർഷകൻ പാത്രമായിത്തീരുന്നു.

ടി ചരല്പുകൾ വന്നുകേറുന്നതിനു മുമ്പുതന്നെ അങ്ങിനെ വരാതെ സൂക്ഷിച്ചു കൊള്ളേണ്ടതു് കൃഷിക്കാരന്റെ കർത്തവ്യകർമ്മമാണ്. വിചാരശൈഥില്യത്താൽ അവ വന്നു് കയറിപ്പോയാലും ഉടൻ അവയെ കോരിക്കളഞ്ഞു നിലത്തിനെ നന്നാക്കി കൃഷിക്കു ഉപയോഗിക്കുന്നതായാൽ വിളവെടുത്തു ആഹാരം നടത്തുന്നതിനും കരം കൊടുക്കുന്നതിനും സാധിക്കുന്നു. തന്മൂലം സുഖവും സിദ്ധിക്കുന്നു ഇതുപോലെ സകല കാര്യങ്ങളിലും ആലോചനാപൂർവ്വം സുഖമാർഗ്ഗങ്ങളെ നേടുന്നതാണത്രേ പരിഷ്കാരത്തിന്റെ രൂപം.

പരിഷ്കാരം മററു സകലത്തിനും എന്നപോലെ സമുദായത്തിനും അത്യന്താവശ്യകമാണെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. സമുദായം തന്നെ ദേശ്യ സമുദായം എന്നും ജാതിസമുദായം എന്നും രണ്ടായി വിചാരിക്കാം. ദേശ്യസമുദായത്തിൽ ഒരു ദേശത്തുള്ള നാനാജാതിജനങ്ങളെല്ലാം ഉൾപ്പെടുന്നു. ജാതിസമുദായം ഒരു ജാതിനാമം ധരിച്ചിട്ടുള്ള ജനങ്ങൾ മാത്രം ഉള്ളതാകുന്നു. ജാതിസമുദായങ്ങൾക്കും ദേശഭേദങ്ങൾ കൂടെ സംബന്ധിക്കുന്നതുമാകുന്നു. നമ്മുടെ സ്ഥിതി കേരളഭൂമിയിലാകയാൽ കേരളത്തിലുള്ളവയെ ആണല്ലോ നാം മുഖ്യമായി വിചാരിക്കേണ്ടതു്. ഇവിടെ തന്നെ ബ്രാഹ്മണസമുദായം തുടങ്ങി പുലയർ സമുദായം വരെ പല സമുദായങ്ങളും കാണപ്പെടുന്നു. ഈ വക സമുദായങ്ങളെല്ലാം ഇക്കാലത്ത് മുൻ വിവരിച്ച പരിഷ്കാരം കൊണ്ടു സുപ്രസിദ്ധങ്ങളാണ്. അവരുടെ സമുദായകാര്യങ്ങൾക്കൊക്കെയും പരിഷ്കാരസംബന്ധത്താൽ വളരെ ഔന്നത്യം വന്നിട്ടും ഇന്നും പരിഷ്കരണീയങ്ങളായി ശേഷിച്ചുകിടക്കുന്ന ഭാഗങ്ങളെ സൂക്ഷ്മദൃഷ്ട്യാ കണ്ടറിഞ്ഞു പരിഷ്കരിക്കുന്നതിനായി അതാതു സമുദായക്കാർ അത്യന്തം ജാഗരൂകന്മാരായി ഉദ്യമിച്ചു വരുന്നു.

നമ്മുടെ ഉപന്യാസ വിഷയമായ "കേരളീയ ഗണകസമുദായമാകട്ടെ" വളരെ പൌരാതന്ത്യമുള്ളതായിരുന്നിട്ടും ഇന്നും അപ്രസിദ്ധമായിരിക്കുന്നു. ഏതാനും സംവത്സരങ്ങൾക്കിപ്പുറം ഈ രാജ്യാതിസമുദായങ്ങൾക്കു പരിഷ്കരണ വിഷയത്തിലുള്ള അശ്രാന്ത പരിശ്രമം നിമിത്തം സിദ്ധിച്ചിട്ടുള്ള സുപ്രസിദ്ധഗുണങ്ങളിൽ ഒന്നും ഇതുവരെ പ്രസ്തുതസമുദായത്തിൽ കാണപ്പെടുന്നില്ല. അതിനു കാരണം എന്താണെന്നു ആലോചിച്ചു നോക്കുന്നതിനു കാലം ഏററവും അതിക്രമിച്ചു പോയിരിക്കുന്നു. അതാണ്

ഇതിനെപ്പററി ആലോചിക്കുന്നതു്.? ഒരു സമുദായത്തിനുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനു വേണ്ടി ഇതരസമുദായക്കാരിൽ പാക്കെങ്കിലും കാൎയ്യ കാരിണിയായ ആലോചന ഉണ്ടാകുമൊ? ഒരുത്തന്റെ ശരീരത്തിലുള്ള കുരുവിന്റെ വേദന ശമിപ്പിക്കണമെന്നുള്ള വിചാരം അവനല്ലാതെ മററാക്കെങ്കിലും തീവ്രശക്തിയോടു കൂടി ഉണ്ടാകുന്നതെങ്ങിനെ? അതിനാൽ നമ്മുടെ സമുദായത്തിനു നേരിട്ടിട്ടുള്ള ദോഷങ്ങളെ നീക്കി ഗുണങ്ങളെ വൎദ്ധിപ്പിക്കുന്നതിനു ആലോചിക്കേണ്ടവർ നമ്മിലുള്ള ജനങ്ങൾ തന്നെ.

പ്രസ്തുതസമുദായത്തിലുള്ള ജനങ്ങൾ സമുദായിക ദോഷങ്ങളെപ്പററി തീവ്രവേദനയോടു കൂടി ആലോചിച്ചു ഫലിപ്പിക്കാൻ ഭാവവുമില്ലാ. ഇതരസമുദായങ്ങൾ പ്രതിക്ഷണം വൎദ്ധിച്ചും കൊണ്ടു ഉയൎന്നുവരുന്ന ഈ അവസരത്തിൽ വെറും മൌനമുദ്രാവലംബികളായ ഗണകസമുദായക്കാർ താഴത്താകുയല്ലാതെ ഗത്യന്തരമുണ്ടോ? പലരുകൂടി ഒരു വഴിയാത്ര ചെയ്യുമ്പോൾ അവരിൽ ഒരുത്തൻ മടിയനാകകൊണ്ടു നടക്കുന്നതിനു മററുള്ളവരുണ്ടല്ലോ ഞാൻ ഇവിടെ കിടന്നു ഒന്നുറങ്ങട്ടേ, എന്നു വിചാരിച്ചു മാൎഗ്ഗമദ്ധ്യത്തു കിടന്നാൽ ഒടുവിൻ അവൻ മാത്രം വഴിയിൽ കിടന്നു കഷ്ടപ്പെടുന്നത് ൽഭുതമാണോ? ഏതൽക്കാലാനുരൂപമായി വേണ്ടുന്ന യാതൊരു കാൎയ്യവും പരിശ്രമിച്ചു വരുത്താതെയിരിക്കുന്നതിനാൽ പ്രസ്തുതസമുദായത്തിന്റെ ഗതി കീഴ്പെട്ടു തന്നെയാണ് എന്നുള്ളത് സ്പഷ്ടമാകുന്നു.

"ഗണകസമുദായത്തിന്റെ അധോഗതി" എന്ന വിഭാഗത്തെ പററി ഇത്രയും പറഞ്ഞതുകൊണ്ട മനസ്സിലാകാത്തവരുണ്ടെങ്കിൽ അവൎക്കു വേണ്ടി മററു ചിലതു കൂടെ ചൂണ്ടിക്കാണിക്കാം. കേരളീയരുടെ ഇടയിൽ പ്രശ്നമുഹൂൎത്തജാതകാദി കാൎയ്യങ്ങളെ നടത്തുന്നതിനും കളരികളിൽ കച്ചകെട്ടി ഇരിക്കുന്നതിനും മററും മുൻകാലത്ത് അൎഹത പ്രസ്തുതസമുദായക്കാൎക്കുണ്ടായിരുന്നു എന്നു ചരിത്രദ്വാരാ ഊഹിക്കാവുന്നതാണ് ആ സ്ഥിതിക്ക് ജ്യോതിശ്ശാസ്ത്രം ആദ്യകാലമേ നമ്മിൽ വേരൂന്നിച്ചിരുന്നു എന്നും അതിന്നാവശ്യകമായ അക്ഷരാഭ്യാസം നമുക്കു വേണ്ടുവോളം ഉണ്ടായിരുന്നുവെന്നും നിസ്സംശയമായി വിചാരിക്കാം. അപ്രകാരമുള്ള നമ്മുടെ സ്വധൎമ്മവിദ്യയിൽ നമുക്കു യോഗ്യരെന്നുള്ള പേരു കിട്ടുന്നതിനു പരാശ്രയം വേണമെന്നുണ്ടോ? ഇപ്പോൾ നമ്മുടെ കുലാചാൎയ്യസ്ഥാനായ പാഴൂർ പടിപ്പുരയ്ക്കൽ നിന്നു തന്നെ പ്രശ്നം ഒരാൾ പഠിച്ചിരുന്നാലും ജനസമ്മതമെന്തിനെയാണ് അവിടെയുള്ളവൎക്കു തലക്കുളത്തു ഭട്ടതിരിയദ്ദേഹത്തിന്റെ അനുഗ്രഹമുള്ളതിനാൽ അവർ പറയുന്നതെല്ലാം ഒക്കും അതു് അൎക്കും പഠിക്കുന്നതിനു കിട്ടുന്ന വിദ്യയല്ല എന്നുള്ള ഒരു ന്യൂനത വരുന്നുണ്ടു.

ഒരു നീലകണ്ഠപ്പിള്ളയാശാന്റെയോ ഒരു ശങ്കരവാൎയ്യരാശാന്റെയൊ മററൊ ശിഷ്യനെന്നുള്ള പേരുണ്ടായാൽ പഠിപ്പു അല്പമായാലും പേരു പലമായി സിദ്ധിക്കുന്നു. പൂൎവ്വകാലത്തിൽ അന്യസമുദായാശ്രയമില്ലാതെ വിദ്യാഭ്യാസം ചെയ്തുവന്നവൎക്കു ഇന്ന് സ്വകുലവിദ്യയിൽ മാന്യസ്ഥാനം വേണ്ടിയിരുന്നാൽ അന്യന്റെ ശിഷ്യസ്ഥാനം വേണ്ടി വന്നിരിക്കുന്നു. ഇതു് പ്രസ്തുത സമുദായത്തിന്റെ അധോഗതിയല്ലയോ?.

അലങ്കാരം വരെ വായിച്ചു ലോകവ്യുല്പത്തിയും സാമൎത്ഥ്യം സിദ്ധിച്ചു ജനസമ്മതവും ധാരാളം വരുത്തി വലിയ പ്രാശ്നികനായി നടക്കുന്ന ഗ

ണക സമുദായത്തിലുള്ള ഒരാൾക്കു് ഒരു സർക്കാരുഭൂമി പതിച്ചു കിട്ടണമെന്നു ഒരു ഹർജി ബോധിപ്പിക്കുന്നതിനാവശ്യപ്പെട്ടുന്നതായാൽ ചെവിയിൽ തൂവലും വച്ചുംകൊണ്ടു രജിസ്റ്റർ ആഫീസിൻെറ നടയിൽകിടന്നു അന്യോന്യസംഘട്ടനം ചെയ്യുന്ന ഒരു മാതിരി കുട്ടികളെ ആശ്രയിച്ചാലേ നിർവ്വാഹമുള്ളൂ എന്നു വരുന്നതോ? ഇതും അധോഗതികളിലൊന്നാണ്.

വല്ല കാരണവശാലും ഒരു കോർട്ടു മുമ്പാകെ ചെന്നു ഒരു മൊഴി കൊടുക്കേണ്ടി വന്നാൽ സ്വന്തവക്കീൽ എന്തെല്ലാം വക തിരിച്ചു പറഞ്ഞു തന്നിരുന്നാലും കോർട്ടു മുമ്പാകെ ചെല്ലുമ്പോൾ എതിരുഭാഗം വക്കീലിൻെറ ശബ്ദവും കേട്ടു ഞെട്ടിത്തെറിച്ചു സകലവും മറന്നു പോകാത്ത ആളുകൾ പ്രസ്തുത വിദ്വത്സമുദായത്തിലുണ്ടോ എന്നു സംശയമാണ്. ഇതിനു കാരണമെന്താണ്. കാലോചിത വിദ്യാഭ്യാസത്തിൻെറയും ലോകപരിജ്ഞാനത്തിൻെറയും കുറവല്ലയോ?.

പ്രസ്തുത സമുദായം വകയായി ആരംഭിച്ചു നടത്തി വരുന്ന മാസികയെ ൬-മാസത്തെ വരിപ്പണമായ ഒരു രൂപാ ഒടുക്കിവാങ്ങിക്കൊള്ളത്തക്ക വിധത്തിൽ വി. പി. ആയി ഓരോ ഗണകന്മാർക്കു അയച്ചതിൽ മിക്കവാറും തിരിയെ കിട്ടിയതായിട്ടു് അറിയുന്നു. അതു മാത്രമല്ല, "ഈ മാസികയെന്നു പറയുന്നതെന്താണ്. ഇതുകൊണ്ടു പ്രയോജനമെന്ത്. ആണ്ടിൽ രണ്ടു രൂപാ കൊടുത്താൽ നമുക്കു തിരിയെക്കിട്ടുമോ. ഇതു് പണം തട്ടിക്കുന്നതിനുള്ള സമ്പ്രദായമല്ലയോ." ഇത്യാദി ചോദ്യങ്ങൾക്കു പ്രസ്തുത സമുദായക്കാരോടു സമാധാനം പറയുന്നതിനു വേണ്ടി ഞാൻ പലപ്പോഴും വെറുതെ കണ്ഠക്ഷോഭം വരുത്തുന്നതിടയായി. എന്നെപ്പോലെയുള്ള സമുദായ സ്നേഹികൾക്കൊക്കെ ഇപ്പോൾ അപ്രകാരം തന്നെയെന്നാണ് തോന്നുന്നതു്. പത്രവായന കൊണ്ടും മാസിക വായന കൊണ്ടുമുള്ള ഗുണങ്ങൾ പുലയർക്കു പോലും ബോധപ്പെട്ടിട്ടും പ്രസ്തുത സമുദായക്കാർക്കു അറിവാനിടയാകാത്തതു് അജ്ഞത പിടിച്ചു താഴ്ത്തിക്കളഞ്ഞിട്ടല്ലെങ്കിൽ പിന്നെയെന്തു കൊണ്ടാണ്?.

ഒരു രാജരക്ഷിതമായിരിക്കുന്ന സംസ്ഥാനത്തെ പ്രജകൾ അവരിടെ രാജാവു അവർക്കു വേണ്ടി ചെയ്യുന്ന ഗുണദോഷങ്ങളെയും രാജ്യസ്ഥിതിയെയും പററി എല്ലാം വ്യക്തമായി അറിയേണ്ടതല്ലയോ? അത്ര വേണ്ടാ. അത്രയും സൂക്ഷ്മമായി അറിഞ്ഞില്ലെങ്കിലും ഒരു മലയാം പള്ളിക്കൂടം നാലാം ക്ലാസിലോ മൂന്നാം ക്ലാസിലോ പഠിക്കുന്ന ഒരു വിദ്യാർത്ഥിയോ വിദ്യാർത്ഥിനിയോ അറിയുന്നതു പോലെയെങ്കിലും അറിയാത്ത കുടുംബപ്രധാനികൾ പ്രസ്തുത സമുദായത്തിലിരുന്നു ഭരിക്കുന്നതും അധോഗതി ലക്ഷണങ്ങളിലൊന്നു തന്നെയാണ്.

ജ്യോതിശ്ശാസ്ത്രം നമ്മുടെ കുടുംബസ്വത്താണല്ലോ എങ്കിലും അതിൻെറ ഉപസ്ഥിതിയും വളരെ താണ തരത്തിലെന്നു തന്നെ പറയാം. സൂര്യാദി ഗ്രഹങ്ങൾക്കും ഭൂമിക്കും തമ്മിൽ ഉള്ള ഗതിഭേദവും സംബന്ധവും മററും എന്താണെന്നു ഒരു ശിഷ്യൻ ചോദിക്കുന്നതായാൽ പ്രസ്തുത സമുദായത്തിലുള്ള ഗുരു അവനെ ഉടനെ ജലപ്രോക്ഷണം ചെയ്തു ശപിക്കയല്ലാതെ മററെന്തു ചെയ്യും?.

മന്ത്രശാസ്ത്രവും മേൽപ്രകാരമുള്ള ഒരു പ്രധാന സ്വത്താണത്രെ. ആവാഹനം എങ്ങിനെ. ഉദ്വാസനമെങ്ങിനെ. ശംഖപൂരണമെന്നാലെന്തു

ആത്മാരാധനക്രിയ എങ്ങിനെ ഇത്യാദികളെ പററി ഏതെങ്കിലും ചോദിക്കുമ്പോൾ അന്യജാതിക്കാരനോട്. അതൊന്നും വെളിയിൽ വിടത്തക്കതല്ല. എന്നും സ്വജാതിക്കാരനോട് അതുകൊണ്ടൊന്നും പ്രയോജനമില്ലെന്നും സമാധാനം പറയുന്നവരാണ് അധികം. ഇതരസമുദായങ്ങളുടെ മിക്കവാറും ഭാഗങ്ങളിൽ ഈ വക ധാരാളം പ്രചരിച്ചു തുടങ്ങീട്ടുണ്ട്. ജ്യോതിശ്ശാസ്ത്രത്തിലും മന്ത്രശാസ്ത്രത്തിലും ഇപ്രകാരം ഗണകസമുദായത്തിനു താഴ്ച വന്നിരിക്കുന്നതിനെ വിചാരിച്ചാൽ അവയെക്കൊണ്ടു മാത്രം ഉപജീവനം നടത്തുന്നവരുടെ ഉപജീവനക്രമം എത്രമാത്രം ഉന്നതിയുള്ളതാണ്? വേരറുതിയാം വൃക്ഷം മുളച്ചിട്ടുമോ? സ്ത്രീജനങ്ങളുടെ അവസ്ഥയും ഇവിടെ അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു "പിച്ചാത്തി കൊണ്ടു ഗളനാളം തുളച്ചും" "കണ്ണൂരന്നെടുത്തും വച്ച് സ്ഥലത്തു നവരത്നം പതിച്ചും" ആഭരണമോടികാണിക്കുന്നതിനുവേണ്ടി ഭ്രമിക്കുന്ന സ്വഭാവം ഇവൾക്കു ചില്ലറയല്ല. വിനയം, സംകോചം, മാനദീക്ഷ, കൃത്യനിഷ്ഠ, ഭർത്തൃപരിചരണക്രമം, വാങ്നിയമം, ബാലപരിചരണപരിജ്ഞാനം, ഇത്യാദികളായ ആഭ്യന്തരാഭരണങ്ങളില്ലാതെ ബാഹ്യാഭരണങ്ങളെ എത്രമാത്രം വാരിച്ചുമന്നാലും, എന്തു പ്രയോജനമാണ്? കുടുംബങ്ങളുടെ ദീർഘായുരാരോഗ്യങ്ങളും ഇവരുടെ അധീനങ്ങളാണല്ലൊ! വിദ്യാഭ്യാസഗന്ധമില്ലാതെ തമോഗുണപ്രായങ്ങളായ കായവാങ്മനോധർമ്മങ്ങളെക്കൊണ്ടു പ്രസ്തുതസമുദായത്തിലുള്ള സ്ത്രീകൾ അവരുടെ ഭർത്തൃപുത്രാദികൾക്കു എന്തു ഗുണത്തെയാണ് വരുത്തുന്നത്. ഇപ്രകാരമുള്ള സ്ത്രീകളോടു കൂടിയിരുന്നു ഗൃഹഭരണം ചെയ്യുന്ന പുരുഷന്മാരുടെ അനുഭവം വിചാരിച്ചാൽ അതിലധികമായി മറെറാരധോഗതി വേണമോ?.

ഇങ്ങിനെ ഗണകസമുദായത്തിൻെറ ഓരോ അംഗങ്ങളെയും എടുത്തു കുറേശ്ശ വിവരിക്കുന്നതായാലും അവസാനിപ്പിക്കാൻ പ്രയാസമാണ്. എവിടെ ചെന്നു പിടിച്ചാലും അധോഗതിലക്ഷണം ധാരാളമായി കിട്ടുമെന്നുള്ളതിനാൽ ഈ വിഭാഗത്തെ ഇതിലധികം വളർത്തുന്നില്ല. ഈ സമുദായത്തിലുൾപ്പെട്ട ഒരാളായ ഞാൻ ആ വക ദോഷങ്ങളെ തന്നെ വളരെ പറയുന്നതു ജുഗുപ്സാവഹമായ ആത്മാവ് മാനപ്രകാശനമായി തീരുന്നതാകയാൽ ഇതു് ഇങ്ങിനെ നിൽക്കട്ടെ. (തുടരും)

## സമാജമംഗളം.

സാരമേറിനപരിഷ്കൃതസ്ഥിതിയിലന്യരാകവെനിരന്തരം!
സ്വൈരമായി നിജയത്നമൂലമുയരുന്നതോർത്തധിക ഭാസുരം
പാരമിങ്ങനെ സുയത്നമിഗ്ഗണകർ ചെയ്യുമ്പോരുവതിനാൽപരം
കേരളീയഗണകർക്കെഴുന്നൊരു മഹാസമാജമുയരും വരം.

(കല്യാണശ്ശേരിവീട്ടിൽ എൻ. കുഞ്ഞുപിള്ള.)

(താമസിച്ചു കിട്ടിയതു)

# സന്ധ്യാശതകം.

(വി. ആർ. വേലു വൈദ്യൻ)

കുളിരാർന്നു; വാനമുഴുവൻ ചെറുമുത്തു ചാർത്തി
തെളിയുന്നു, ശീതകിരണൻ തലപൊക്കിടുന്നു.
വിളിതീർന്നു പക്ഷികൾ മരക്കടിലിൽ കരേറീ-
ട്ടൊളിവാർന്നു; മഞ്ഞുലകിൽ നിന്നുമുയർന്നിടുന്നു.

പൊന്നാഭ പൂണ്ടുഡുഗണങ്ങൾ കരുംനഭസ്സിൽ
മിന്നാനൊരുങ്ങിയതു കണ്ടെതിരാർന്നവണ്ണം
മന്നാകവെ മണിമയ പ്രഭയാർന്നനേക-
"മിന്നാമിനുങ്ങു"കൾ പറന്നിരുൾ നീക്കിടുന്നു.

ജോലിത്തിരക്കിലിടപെട്ടവരാശ്വസിക്കാൻ,
മേലിൽ തണുത്ത പവനൻ, പരിചാരനെപ്പോൽ
വേലിത്തലക്കലലയും ലതപെററ പുഷ്പ-
ജാലത്തിലേററു; ചെറുതായിഹ വീശിടുന്നു.

ഹാ! വാടകൊണ്ടഖില സജ്ജനമാന്യയായ-
പൂവാടിയിൽ; പുതുമലർക്കൊടിമേലനേകം
പൂ; വാവിടുന്നരിയ വെൺമുട്ടവായപുത്തൻ-
"പൂവാട"കുത്തരുണിയൊന്നുപുതച്ചവണ്ണം.

അല്ലിൽതളർന്നു തിരയും ചിലഖേചരങ്ങൾ
മെല്ലെത്തിരിച്ചു പനസാദി തരുക്കൾ തോറും
കില്ലെന്നുമാറൊരുതരം മുറക്കൂട്ടി "യ്യളൻ"
ഝല്ലത്തുകേറിയുടനെയിര തേടിടുന്നു.

തുടരും

## യുവരാജ മംഗളം

ദത്താമുത്തമ ഹേമഭൂമിയതിൽ വന്നിന്നലങ്കരിച്ചുള്ളൊരീ
ചിത്രാതാരജരാജരത്ന ശകലം കേടററു നാടാകവേ
ചിത്താനന്ദമനന്ത കാന്തി ചിതറിച്ചാർന്നീടുവാൻ ത്വൽകൃപാ
സത്താം കൺമുനവിട്ടു കാത്തരുളണേ ശ്രീപത്മനാഭാ! വിഭോ!

വി. കെ. കുഞ്ഞൻ പിള്ള

## കുലഗുരുമംഗളം

ദ്വിതീയ വാർഷികയോഗത്തിൽ വായിക്കപ്പെട്ടത്

മുന്നം മസ്തക വാപിഭട്ടതിരിതൻ മാഹാത്മ്യമുണ്ടാകയാ
ലിന്നും നവ്യയശഃപ്പതാകവിലസിച്ചീടുന്ന പാഴൂരെഴും
വന്ദ്യശ്രീഗുരുബാലരാമ ഗണക ശ്രേഷ്ഠന്റെ പുണ്യാം ശ്രിയേ,
നന്ദ്യാ താണുതൊഴുന്നൊരെന്നിൽ വരമേകട്ടേ വരട്ടേ ശുഭം

അല്ലേജന്മസഹസ്ര സഞ്ചിത തപസ്സാഫല്യവും വന്നതി
ന്നെല്ലോ ശ്രീ ഗുരു പാദ ദർശനവശാലെൻ പാപവും സാമ്പ്രതം
ഇല്ലാതായതു തന്നെയല്ല നിരൂപിച്ചെന്നാകിലെൻ ജന്മവും
ചൊല്ലാം പാവനമെന്ന നല്ലതുവരാൻ കൂടിന്നഹോ മൂലമായ്

നന്നായ്ക്കൂശ്ശിച്ച രാമേശ്വരമതു മുതലായുള്ള തീർത്ഥങ്ങളാടാ
നിന്നാക്കം പോകവേണ്ടാകുലഗുരു വരപാദാംബുജം കാൺകയാലേ
ചെന്നാടേണ്ടുന്ന തീർത്ഥം നിഖിലവുമൊരുമിച്ചിട്ടതിങ്ങോട്ടിദാനീം
വന്നല്ലോ ഭാഗ്യമെല്ലോ വളരെയൊരുമഹാവിസ്മയം തന്നെയല്ലോ

വിണ്ണിൽ താരങ്ങളെല്ലാം പരിചിനൊടു നിരന്നങ്ങുദിക്കുന്നമദ്ധ്യേ
കണ്ണിന്നാനന്ദകാന്തി ചേടരാടവിയെഴും താരകാധീശനേപ്പോൽ
മന്നിൽപ്പാരം വിളങ്ങും ഗണക വിമലതാരാഗണങ്ങൾക്കുമദ്ധ്യേ
യിന്നിപ്പൗരരെഴും ശ്രീകുലഗുരുവരനാം ചന്ദ്രനും വന്നുദിച്ചു.

വക്ഷസ്സുകൾ കറപ്പുണ്ടിതരരവപഹസിക്കും വിശേഷിച്ചു സൎപ്പം
ഭക്ഷിക്കും കഷ്ടമെന്നീവകനഭസി ശശിക്കുണ്ടു ദൂഷ്യങ്ങളോരാൻ
സൂക്ഷിച്ചാലില്ല പൗരർ കുലഗുരുവരനീവണ്ണമുള്ളോരു ദോഷം
പക്ഷേ വിണ്ണിന്നു സാധാരണമവനിയതെന്നൊണ്ടൊരല്പം വികല്പം

ഭള്ളില്ലാതിന്നു നാനാഗണകവിമലതാരങ്ങളാം നല്ല വെള്ളി
പ്പുള്ളിക്കുപ്പായവും പൂണ്ടമലതരയശോരാശിയാം കാന്തിവീശി
തുള്ളിക്കേറുന്ന വിദ്വൽനാസിതഘന തതിയെയാടിച്ചു മോദം മനസ്സിൽ
കൊള്ളിക്കുന്നോരു പൗരർ കുല ഗുരുശശിബിംബം വിളങ്ങട്ടെയെന്നും

(ഇരയിത്തൂർ കോററത്തൂർ കേ. കെ. അയ്യപ്പൻ ജോത്സ്യർ.)

# ലീലാവതീഭാഷാവ്യാഖ്യാനസഹിതാ

(തുടൎച്ച)

അഥ സങ്കലിത വ്യവകലിതയോഃ കരണസൂത്രം വൃത്താൎദ്ധം.

മൂലം. കാൎയ്യഃക്രമാദുൽക്രമതോഥ വാങ്ക-
യോഗോയഥാ സ്ഥാനകമന്തരം വാ
അത്രോദ്ദേശകഃ.

അയേ! ബാലെ! ലീലാവതി! മതിമതി! ബ്രൂഹിസഹിതാൻ.
ദ്വിപഞ്ചദ്വാത്രിംശത്ത്രിനവതി ശതാഷ്ടാദശദശ
ശതോപേതാനേതാനയുതവിയുതാംശ്ചാപിവദമെ
യദിവ്യക്തെയുക്തിവ്യവകലന മാൎഗ്ഗേടസികുശലാ.

സാര—വ്യാ. ഈ ഗ്രന്ഥത്തിന്റെ കൎത്താവായ ഭാസ്കരകവി തന്റെ പുത്രിയായ ലീലാവതിയോടു ചോദിക്കുന്ന പ്രകാരമാണ് ഇതിനെ നിൎമ്മിച്ചിട്ടുള്ളതു് എന്ന് ഉദാഹരണശ്ലോകത്തിൽ നിന്നും വെളിപ്പെടുന്നു. കരണസൂത്രം എന്നാൽ ക്രിയയെ പറയുന്ന കാരിക എന്നൎത്ഥമാകുന്നു. അനന്തരം സങ്കലിത വ്യവകലിതങ്ങളുടെ ക്രിയയെ രണ്ടു പാദം കൊണ്ടു പറയുന്നു. സങ്കലനക്രിയ ചെയ്യുന്നതിന് കൂട്ടുന്നതിനു വലത്തു നിന്നു

ഇടത്തോട്ടോ ഇടത്തു നിന്നും വലത്തോട്ടോ സ്ഥാനത്തിനു തക്കവണ്ണം കൂട്ടുകയും വ്യവകലനക്രിയക്കു് മേൽപ്രകാരം കുറക്കുകയും ചെയ്യണം.

ഉദാഹരണം:—൨, ൫, ൩൨, ൧൯൩, ൧൮, ൧൦, ൧൦൦, ഈ സംഖ്യകൾ ഒന്നിച്ചു ചേർത്താൽ എത്ര വരുമൊ ആ സംഖ്യയെ പതിനായിരത്തിൽ കുറച്ചാൽ ശിഷ്ടം എന്തായിരിക്കും.

| | | | |
|---|---|---|---|
| 2 | | | |
| 5 | | | |
| 32 | | | |
| 193 | | | |
| 18 | | | |
| 10 | | 10000 | |
| 100 | | 360 | |
| 360 | സങ്കലനഫലം | 9640 | വ്യവകലനഫലം |

മൂലം. ഗുണനെ കരണസൂത്രം സാർദ്ധവൃത്തദ്വയം
ഗുണ്യാന്ത്യമങ്കം ഗുണകേനഹന്യാ-
ദുത്സാരിതേനൈവ മുപാന്തിമാദീൻ
ഗുണ്യസ്ത്വധോധോഗുണഖണ്ഡതുല്യ-
സ്തൈഃഖണ്ഡകൈഃസംഗുണിതോയുതോവാ
ഭക്തോഗുണഃ ശുദ്ധതിയേനതേന
ലബ്ധ്യാചഗുണ്യോ ഗുണിതഃഫലംവാ
ദ്വിധാ ഭവേദ്രൂപ വിഭാഗഏവം
സ്ഥാനൈഃപ്രഥഗ്വാ ഗുണിതസ്സമേതഃ
ഇഷ്ടോനയുക്തേന ഗുണേനനിഘ്നോ
ഭീഷ്ടഘ്നഗുണ്യാന്വിതവർജ്ജിതോവാ

സാരവ്യാ. ഉത്സാരിതം=നീക്കപ്പെട്ടതു്. ഇതുകൊണ്ടു് കവിടിക്രിയയായിട്ടാണ് കരണസൂത്രങ്ങൾ പറയപ്പെട്ടിട്ടുള്ളതു്. കവിടിക്രിയ ചെയ്യുന്ന പ്രകാരം. അടിയിൽവിവരിക്കുന്നതാണ്.

ഏതു സംഖ്യയെ ഗുണിക്കുന്നുവൊ ആ സംഖ്യ ഗുണ്യവും ഏതു സംഖ്യകൊണ്ടു ഗുണിക്കുന്നുവൊ ആ സംഖ്യ ഗുണകവും ആകുന്നുവെല്ലൊ. ഗുണ്യത്തിന്റെ അവസാനത്തിലുള്ള സംഖ്യയെ ഗുണകം കൊണ്ടു ഗുണിക്കണം ഇങ്ങനെഎല്ലാം സംഖ്യകളേയും ഗുണിച്ചു കൂട്ടിയാൽ കിട്ടുന്ന സംഖ്യെക്കു ഗുണനഫലം എന്നു പറയുന്നു. അല്ലങ്കിൽ ഗുണകത്തെ രണ്ടുഭാഗമായി ഭാഗിച്ചു ആ രണ്ടുഭാഗം കൊണ്ടും പ്രത്യേകം ഗുണ്യത്തെ ഗുണിച്ചു ഒന്നിച്ചു കൂട്ടിയാലും ഗുണനഫലം സിദ്ധിക്കുന്നതാണ്. അല്ലങ്കിൽ ഗുണകത്തെ ഇഷ്ടസംഖ്യകളായി ഭാഗിച്ചു് ഹരണഫലം കൊണ്ടും ഹാരകം കൊണ്ടും ഗുണ്യത്തെ ഗുണിച്ചു് ഒരുമിച്ചു ചേർത്താലും മതിയാകും ഇതു കൂടാതെ വേറെ ഒരു പ്രകാരം പറയുന്നു. ഗുണക സംഖ്യയിൽ ഇഷ്ടസംഖ്യയെ ചേർത്തു ഗുണ്യത്തെ ഗുണിച്ചു് പിന്നീടു് ഇഷ്ട സംഖ്യ കൊണ്ടു് ഗുണ്യത്തെ ഗുണിച്ചു് പൂർവ്വഗുണനഫലത്തിൽ നിന്നും കുറക്കണം. എന്നാൽ ഗുണനഫലം തുല്യമാക്കുരും ഇപ്രകാരം ഗുണ്യത്തിങ്കലും ക്രിയ ചെയ്യാം.

മൂലം. അത്രോദ്ദേശകഃ
ബാലേ! ബാല കുരംഗലോല നയനെ!ലീലാവതി! പ്രോച്യതാം

പഞ്ചത്ര്യേകമിതാദിവാകരഗുണാ അങ്കാഃ കതി സ്യുര്യദി
രൂപസ്ഥാനവിഭാഗഖണ്ഡഗുണനേ കല്യാസി കല്യാണിനി!
ഛിന്നാസ്തൈന ഗുണേനതേച ഗുണിതാജ്ജാതാകതി സ്യുർവദ

സാര-വ്യാ. പഞ്ചത്ര്യേകമിതം എന്ന സംഖ്യ-൧൩൫ ഇതു ഗുണ്യമാകുന്നു ദിവാകര-൧൨. ഗുണകം.

ആദ്യം കവിടിക്രിയ ചെയ്യുന്ന പ്രകാരത്തെ താഴെപറയുന്നു.
ഗുണ്യമായി ൧൩൫. നെ കല്പിച്ച് അന്യസംഖ്യയായ ൧൦൯—ൻെറ മുകളിൽ ഗുണകമായ ൧൨ നെ വച്ച്

൧൨
൧൩൫

ആദ്യം ൧ കൊണ്ടും പിന്നീട് ൨ കൊണ്ടും ഗുണിച്ചശേഷം ൩൦ നെ ഏകസ്ഥാനമായി കല്പിച്ച് മുൻപിൽ ക്രിയ ചെയ്തപോലെ ഗുണിച്ച് പിന്നെയും-൫-നെയും ഗുണിക്കണം എന്നാൽ ഗുണനഫലം ൧൬൨൦ കിട്ടും നവീന രീതിയനുസരിച്ച് എഴുതുന്നു.

ഗുണ്യം. ൧൩൫
ഗുണകം. ൧൨
൨൭൦
൧൩൫
ഫലം. ൧൬൨൦

ഗുണകഭാഗപ്രകാരം ൮-൪ ഇങ്ങനെ ഭാഗിക്കാം
൧൩൫ × ൮ = ൧൦൮൦
൧൩൫ × ൪ = ൫൪൦
ഒന്നിച്ചു കൂട്ടിയാൽ ൧൬൨൦
ഗുണകത്തെ ൩ ഭാഗമാക്കിയാൽ ൪. ൪. ൪. വരും.
൧൩൫ × ൪ = ൫൪൯
൧൩൫ ൪ = ൫൪൦
൧൩൫ ൪ = ൫൪൦
ഒന്നിച്ചു കൂട്ടിയാൽ ൧൬൨൦

അല്ലെങ്കിൽ ൪. കൊണ്ടു ഗുണിച്ച ഫലത്തെ തന്നെ ൩. കൊണ്ടു ഗുണിച്ചാലും മതി.

ഗുണകമായ-൧൨—ൽ. ഇഷ്ടസംഖ്യയായ-൮-നെ ചേർത്താൽ-൨൦-ആകുന്നു.

ഗുണകമായ ൨൦ കൊണ്ടു ഗുണ്യത്തെ ഗുണിച്ചാൽ. ൧൩൫
൨൦
൨൭൦൦, വരും

ഗുണ്യത്തെത്തന്നെ ഇഷ്ടസംഖ്യയായ ൮ കൊണ്ടു ഗുണിച്ചാൽ. ൧൩൫
൮
൧൦൮൦ വരും

പൂർവ്വസംഖ്യയിൽ നിന്നും ഇതിനെ കുറച്ചാൽ.
൨൭൦൦
൧൦൮൦
൧൬൨൦ കിട്ടും.

ഇപ്രകാരം തന്നെ ഗുണനത്തെയും ഭേദപ്പെടുത്തി ഗുണിക്കാം.

(തുടരും)

# മാന്ത്രികയന്ത്രം.

(കല്യാണശ്ശേരിവീട്ടിൽ എൻ. കൃഷ്ണപിള്ള)

അപാരപാരാവാരസദൃശമായ "മന്ത്രശാസ്ത്ര"ത്തിലെ ഏതാനും ഭാഗങ്ങളനുസരിച്ച് മൂർത്ത്യുപാസന, പരാത്ഥപ്രയോഗം മുതലായവക്കായി വിവിധമണ്ഡലാ (ചക്രാ)കാരരേഖകളിട്ട മന്ത്രാക്ഷരസംഘടിതമാക്കി ഉണ്ടാക്കപ്പെടുന്ന സാധനമാകുന്ന "മാന്ത്രികയന്ത്രം" ഇപ്രകാരം ഉണ്ടാക്കുന്ന യന്ത്രങ്ങളുടെ വിഷയം തന്നെ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവ, പൂജനവിഷയം, സ്ഥാപനവിഷയം, ധാരണവിഷയം ഇവ തന്നെ. ഇവയിൽ പൂജനവിഷയത്തിനു തന്നെ രണ്ടു പിരിവുകളുണ്ട്. അവയിലൊന്നു പൂജാത്ഥമായും ഹോമാത്ഥമായും അപ്പോഴപ്പോൾ ഉണ്ടാകുന്ന "പദ്മ"വും മറെറാന്നു ഏതെങ്കിലും ഒരു മൂർത്തിയുടെ കല്പത്തെ അടിസ്ഥാനമാക്കി, പ്രാധാന്യമുള്ള പഞ്ചലോഹാദികളിൽ ഉണ്ടാക്കി, ഉദ്ദിഷ്ടകാര്യസിദ്ധ്യത്ഥം മന്ത്രന്യാസപുരസ്സരം പ്രാണപ്രതിഷ്ഠാദികൾ ചെയ്തു വച്ചുകൊണ്ടു ആജീവകാലം അനുദിനം പൂജിക്കുവാനായി ഉപയോഗിക്കുന്ന "യന്ത്ര"വും തന്നെ. ഇവയിൽ പദ്മങ്ങൾക്കു അഞ്ചുവൎണ്ണം ചേക്കണമെന്നുള്ളതിനു, യമരാജകല്പം മുതലായവയിൽ "പഞ്ചവൎണ്ണാൻ പ്രയോജയേൽ" എന്ന ഭാഗം തെളിവാണ്. എന്നാൽ ശാന്തമൂർത്തികളുടെ പൂജാദികൾക്കുള്ള പദ്മങ്ങൾക്കാകട്ടെ രണ്ടു വൎണ്ണമേ ഉപയോഗിക്കാറുള്ളു എന്നുള്ളതിനു "ഗണപതി പഞ്ചാവരണകല്പ"ത്തിൽ പറഞ്ഞിട്ടുള്ള "പ്രശാന്തമൂർത്തേഃ പദ്മസ്യവൎണ്ണദ്വയമുദാഹൃതം" എന്ന ഭാഗം തന്നെ ദൃഷ്ടാന്തമാകുന്നു. "പീതശുക്ലാരുണശിതി ശ്യാമാശ്ചൈവേത്ര ഭൂതശഃ" എന്നും "ശ്വേതപീതാരുണശ്യാമനീലാ (കൃഷ്ണാ)സ്സ്യുഃ പഞ്ചവൎണ്ണകാം" എന്നും, "ആകാശഭൈരവതന്ത്ര"ത്തിലെ "സുദശ്നകല്പം" മുതലായവയിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു "പഞ്ചവൎണ്ണ"ങ്ങൾ, വെള്ള, മഞ്ഞ, ചുമപ്പ്, കറുപ്പ്, നീലം, (പച്ച) ഇവയാണെന്നു നമുക്കു അനുമാനിക്കാം. ഇവയിൽ ആദ്യം പറഞ്ഞിട്ടുള്ളവ രണ്ടും തന്നെ ശാന്തമൂർത്തികളുടെ പദ്മങ്ങൾക്കുള്ള വൎണ്ണങ്ങൾ അതിനു "ശ്വേതപീതൌ ശാന്തമൂർത്തേഃ" എന്നുള്ള ഭാഗം ധാരാളം മതിയാകും ക്രൂരമൂർത്തികളുടെ പദ്മത്തിനാണെങ്കിൽ അഞ്ചു വൎണ്ണങ്ങളും വേണമെന്നുണ്ട്. മൂർത്തിഭേദമില്ലാതിരിക്കെ ഇടേണ്ടുന്ന പദ്മം "സ്വസ്തിക"വും ജപപൂജാദികൾക്കു ഉപയോഗിക്കേണ്ടുന്ന മന്ത്രം "ഭുവനേശ്വരീമന്ത്ര"വും ആകുന്നു. അതിനെ, "അജ്ഞാതേസ്വ പദ്മാനാം സ്വസ്തികം പരിചക്ഷതെ" ബീജം ഭുവനേശ്വര്യാ മൂർത്തിമന്ത്രതപനാഗതേ" എന്ന ഭാഗം തെളിയിക്കുന്നു. ഇപ്രകാരമുള്ള ആ സ്വസ്തികപദ്മമാകട്ടെ, ഒരു രാശിചക്രമുണ്ടാക്കിയാൽ അതിൽ കാണുന്ന മീനം, മേടം, ഇടവം ഈ രാശികളുടെ സ്ഥാന ഖണ്ഡങ്ങളും നടുവിലെ നാലു ഖണ്ഡങ്ങളിലുള്ള ഈശാനസ്ഥാന ഖണ്ഡവും കൂട്ടിച്ചേത്തതിലും, കന്നി, തുലാം, വൃശ്ചികം ഈ രാശിഖണ്ഡങ്ങളും നടുവിലെ ഖണ്ഡങ്ങളിലെ നിരൃതിസ്ഥാന ഖണ്ഡവും കൂട്ടിച്ചേത്തതിലും വെള്ളവൎണ്ണപ്പൊടിയും അവിടം കഴികെയുള്ള രാശിസ്ഥാനഖണ്ഡങ്ങളിൽ മഞ്ഞവൎണ്ണപ്പൊടിയും നിറച്ചു വരുന്നതാണെന്നുള്ളതിനു "അന്തശ്ചതുഷ്പദവിരാജിതരാശിചക്രേ മീനാദികത്രിതയകാനി ചതാനിബാഹ്യേ വൈശ്വാനരപ്രമുഖതാത്രപദാനിമധ്യേ സംപൂരയേദ്ധവളപീതര

ജഃക്രമേണ" എന്നുള്ള ഭാഗം സാക്ഷി ആകുന്നു. ഇനി പഞ്ചവൎണ്ണങ്ങളും എന്തെല്ലാം കൊണ്ടുണ്ടാക്കേണ്ടതാണെന്നുള്ളതിനു, "പ്രപഞ്ചസാര സംഗ്രഹ"ത്തിലെ സുദൎശനകല്പത്തിൽ "ഹാരിദ്രം സ്യാദ്രജഃ പീതമസ്ഥാണ്ഡുലം ചസിതാഭവേൽ തഥാദോഷാരജഃക്ഷാരമിശ്രിതം രക്തമുച്യതെ കൃഷ്ണോദഗ്ധപുലാകോത്ഥം ശ്യാമോവില്വദലോദ്ഭവം" എന്നുള്ള ഭാഗം കൊണ്ടു, മഞ്ഞയ്ക്കു മഞ്ഞൾപ്പൊടി, വെളളയ്ക്കരിപ്പൊടി, ചുവപ്പിന് ചുണ്ണാമ്പു കൂട്ടിച്ചേൎത്ത മഞ്ഞൾപ്പൊടി കറുപ്പിനു പതിർക്കരിപ്പൊടി, പച്ചയ്ക്കു കൂവളത്തിലപ്പൊടി, ഇവയാണ് വേണ്ടതെന്നു വരുന്നു. ഓരോ മൂൎത്തികളുടെയും കല്പങ്ങളിൽ പദ്മങ്ങൾക്കുള്ള പ്രമാണങ്ങളിൽ, വിറ്റു (കൎണ്ണിക), കോണങ്ങൾ, ദളങ്ങൾ, കേസരങ്ങൾ, വലയങ്ങൾ, ഭൂപുരങ്ങൾ, അവയുടെ അന്തരാളങ്ങൾ, ഇവയെ ഇന്നിന്ന വൎണ്ണങ്ങൾ കൊണ്ടു് പൂരിപ്പിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. അവയിൽ വിറ്റുകോണകേസരങ്ങൾക്കു് വെള്ള, മഞ്ഞ, ചുവപ്പ്, ഈ വൎണ്ണങ്ങളിലുള്ള പൊടികളെ ഉപയോഗിക്കാവൂ എന്നൊരു ഐതിഹ്യവും "ശ്വേതപീതാരുണാൻ വൎണ്ണാൻ ദളാന്തം സംപ്രയോജയേൽ" എന്നൊരു പ്രാമാണഖണ്ഡവും കേട്ടിട്ടുണ്ടു്. "രേഖാഃ പദ്മസ്യ സംസ്കുൎയ്യാച്ഛ്വേതവൎണ്ണേന മന്ത്രവിൽ" എന്നുള്ള ഭാഗമനുസരിച്ച് എല്ലാ പത്മങ്ങൾക്കുമുള്ള രേഖകൾ മുഴുവൻ വെള്ളപ്പൊടികൊണ്ടു് തന്നെ ഇടണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ അതിനു പുറമെ ശൂലാങ്കമോ, നൃസിംഹബീജാ (ൎ)ങ്കമോ വേണ്ടുന്ന ദിക്കുകളിൽ അതു അരിപ്പൊടി കൊണ്ടു ഇടുകയും അന്തരാളങ്ങൾ ചുവപ്പുവൎണ്ണം കൊണ്ടു് നിറയ്ക്കുകയും ചെയ്യണം. അതിന്റെ ചുററും മൂന്നു ഭൂപുരാന്തരാളങ്ങൾ ഉണ്ടാക്കുകയും അവയിൽ ഉള്ളിലെ അന്തരാളത്തിൽ മഞ്ഞ, അതിനു പുറമേയുള്ളതിൽ ചുവപ്പു, മൂന്നാമത്തതിൽ കറുപ്പ്, ഈ വൎണ്ണങ്ങൾ ഇടുകയും ചെയ്തുകൊള്ളണം. യഥാവിധി ഇങ്ങിനെ ഉണ്ടാക്കുന്ന പദ്മങ്ങളിൽ ഹോമത്തിനായി ഉണ്ടാക്കുന്നവയ്ക്കു ചുററും പരിധിയുണ്ടാക്കണം അതു ശാന്തമൂൎത്തികൾക്കും ഉഗ്രമൂൎത്തികൾക്കും പ്രത്യേകം വിധഭേദങ്ങളുള്ളതായിരിക്കണം. ശാന്തമൂൎത്തികൾക്കുള്ള ഹോമപദ്മങ്ങൾക്കു പരിധി ദൎഭപ്പുല്ലു കൊണ്ടും ഉഗ്രമൂൎത്തികളിൽ, ഖഡ്ഗരാവണൻ, കൃത്തികാ, സംഹാരരുദ്രൻ, ശരഭൻ, സുദൎശനം. നരസിംഹം, വാരാഹി, ഭദ്രകാളി, അഥൎവ്വണഭദ്രകാളി (പ്രത്യംഗിരാ) മുതലായ മൂൎത്തികളുടെ പദ്മങ്ങൾക്കു ഹിംസാകൎമ്മം നടത്തിയ വാളുകളോടു കൂടി ദൎഭപ്പുല്ലുകൊണ്ടും പരിധി കല്പിക്കണം, പൂജാപദ്മങ്ങൾക്കു പരിധി വേണ്ടെന്നു പ്രത്യേകനിയമമുണ്ടു്. അതിനു "പൂജാൎത്ഥപദ്മബാഹ്യേതു പരിധീൻ നപ്രകല്പയേത്". ഈ ഭാഗം സാക്ഷി നിൽക്കുന്നു.

ഇനി പൂജനസ്ഥാപനധാരണയന്ത്രങ്ങളെപ്പററിയാണ് പറയേണ്ടതു്. ഇവയിൽ പൂജനയന്ത്രം യഥാവിധി പഞ്ചലോഹങ്ങളും കൂടിയോ, ഏതെങ്കിലും ഒരു ലോഹം പ്രധാനമാക്കി ഭൂതശുദ്ധിക്കു മാത്രം മററു നാലു ലോഹങ്ങളും ചേൎത്തോ വാൎത്തുണ്ടാക്കേണ്ടതാകുന്നു. അങ്ങിനെ വാൎത്തുണ്ടാക്കുന്ന ആ ലോഹയന്ത്രത്തിൽ യന്ത്രരേഖാമന്ത്രബീജാദികൾ മറെറാരു ആയുധം കൊണ്ടും രണ്ടാമതു കൊത്തിയും മററും ഉണ്ടാക്കാൻ പാടില്ല. അതു വാൎക്കാനുള്ള മെഴുകിൽ തന്നെ ഉണ്ടാക്കിയതിനു ശേഷം വേണം യന്ത്രം വാൎക്കുവാൻ. ഇതു കൂടാതെ ഏതു യന്ത്രത്തിനും ദശാംഗങ്ങളും ദ്വാദശലക്ഷണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ദശാംശങ്ങൾ—"താരഃ (പ്രാണഃ) ശക്തിശ്ച സാധ്യം ച പ്രാണസ്ഥാപനമേവ ച. മന്ത്രയന്ത്രോക്തഗായത്രി ചക്ഷുഃശ്രോത്രദ്വയം തഥാ ഭൂ ദിക്പാലബീജാനി യന്ത്രസ്യാംഗാനി വൈ ദശ". എന്ന

പ്രമാണമനുസരിച്ചു, പ്രണവം (ഹംസമന്ത്രം) ഭുവനേശ്വരീബീജം, സാദ്ധ്യനാമം, പ്രാണപ്രതിഷ്ഠാമന്ത്രം, മന്ത്രഗായത്രി, യന്ത്രഗായത്രി, മാതൃകാന്യാസത്തിലെ നേത്രബീജം, ശ്രോത്രബീജം, ഭൂതബീജങ്ങൾ, ദിക്പാലബീജങ്ങൾ ഇവയാകുന്നു. ദ്വാദശലക്ഷണങ്ങളിൽ മിക്കതും ഇവയിൽ ചേർന്നവയാണെങ്കിലും അവയേയും ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു. "മണ്ഡലംവദനം, ജിഹ്വാ, സാധ്യകർമ്മാനുസ്മൃതാ, ചക്ഷുഃശ്രോത്രേചനാസാച, ദൈക്പാലംബീജമേവച, പ്രാണപ്രതിഷ്ഠാമന്ത്രശ്ചഗായത്രീ മന്ത്രയന്ത്രയോഃമാതൃകാക്ഷരമിത്യേവം യന്ത്രേ ദ്വാദശലക്ഷണം." എന്ന പ്രമാണപ്രകാരം പ്രണവഭുവനേശ്വരീബീജങ്ങൾ, മാതൃകാന്യാസത്തിലെ മദനബീജം, ജിഹ്വാബീജം, സാദ്ധ്യനാമമന്ത്രം, ന്യാസോക്തദൃഷ്ടിബീജം, ശ്രോത്രബീജം, നാസാബീജം ദിക്പാലബീജം, പ്രാണപ്രതിഷ്ഠാമന്ത്രം, മന്ത്രഗായത്രി, യന്ത്രഗായത്രി, മാതൃകാക്ഷരങ്ങൾ ഇവ പന്ത്രണ്ടുമാകുന്നു. ഏതെങ്കിലും ഒരു യന്ത്രമായാൽ ഈ അംഗലക്ഷണങ്ങളിൽ ഒരു കൂട്ടമെങ്കിലും തികച്ചു അതിനുണ്ടായിരിക്കണം. ഈ അംഗലക്ഷണങ്ങളിൽ ഒരു കൂട്ടത്തിന്റെ എങ്കിലും പൂർണ്ണമില്ലാത്ത യന്ത്രങ്ങളെ ശാസ്ത്രോക്തയന്ത്രങ്ങളായി പരിഗണിപ്പാൻ പാടില്ല. ഇതിനു സാധ്യനാമം പൂജാസമയത്തു ജപിച്ചാലും മതിയാകും. എന്തുകൊണ്ടെന്നാൽ ഓരോരോ സമയത്തിലും ഓരോരോ ഫലങ്ങളായിരിക്കും സാധ്യസാധകന്മാർക്കു സിദ്ധിക്കേണ്ടതു അപ്പോൾ ഒരു ഫലത്തെ ഉദ്ദേശിച്ച് മാത്രം ഉള്ള സാധ്യനാമം ഉപയോഗിച്ചാൽ പോരല്ലോ എന്നുള്ളതു് ഓർത്താൽ അറിയാവുന്നതായിരിക്കും. സ്ഥാപനധാരണയന്ത്രങ്ങൾക്കു ശരിയായി സാധ്യനാമം എഴുതിയേ കഴിയൂ. എന്നാൽ അതിനു ഒരിക്കൽ മാത്രമേ പൂജയുള്ളൂ. ഇപ്രകാരം ഉണ്ടാക്കുന്ന യന്ത്രങ്ങളിലുള്ള രേഖകൾ തമ്മിൽ ചേരുന്നിടത്തു വിഷരേഖ, മത്സ്യരേഖ ഇവ വന്നുചേർന്നു എങ്കിൽ അതു സാദ്ധ്യനും സാധകനും ആപൽക്കരമായിരിക്കും. ഇനി സ്ഥാപനധാരണയന്ത്രങ്ങളെപ്പററിയാണ് പറവാനുള്ളതു. സ്ഥാപനധാരണയന്ത്രങ്ങളുടേയും സകല വിധികളും മേൽപ്രകാരം തന്നെ. എന്നാൽ ഇവക്കു അദ്ധ്യം തകിടോ മറേറാ ഉണ്ടാക്കിപ്പിന്നീട്ടു മന്ത്രയന്ത്രന്യാസങ്ങൾ ചെയ്യുന്നതിനു വിരോധമില്ലെന്ന ഭേദമുള്ളൂ. സ്ഥാപനധാരണം മുതലായവക്കായി ഉണ്ടാക്കുന്ന യന്ത്രങ്ങൾ ഏതെങ്കിലും ഒരു ലോഹത്തിലോ മിശ്രീകൃത പഞ്ചലോഹത്തിലോ ഉള്ള തകിട്ടിലോ ആയിരിക്കാവുന്നതാണ്. എന്നാൽ അവയിൽ ഓരോ ലോഹത്തിലും മററും ഉണ്ടാക്കുന്നവയുടെ വീര്യസ്ഥിതിക്കു കാലനിയമമുണ്ടു്. അത്രയും കാലം വീതം കഴിഞ്ഞാൽ അവക്കു വീര്യം കുറഞ്ഞുപോകയും ചെയ്യും. അതിലേക്കു തെളിവു—"ഭൂർജ്ജപത്രേചതുർവർഷം താലപത്രേതു മണ്ഡലം, സീസേഷണ്മാസവീര്യംസ്യാദശവർഷംതുകാംസ്യകേ. താമ്രേവത്സരവീര്യംതുപഞ്ചാബ്ദം പഞ്ചലോഹകേ. രജതേതുത്രിവർഷാന്തികനകേപുരുഷായുഷം." "യന്ത്രസാര"ത്തിലെ ഈ ഭാഗം തന്നെ മാർദ്ദവമുള്ളതും കനം കുറഞ്ഞതുമായ ഒരു തരം വെളുമരസിലയുള്ളതിൽ ഉണ്ടാക്കുന്ന യന്ത്രത്തിനു നാലു വർഷത്തേക്കും പനയോലയിൽ നാല്പത്തൊന്നു ദിവസത്തേക്കും ഈയത്തകിട്ടിൽ ആറുമാസത്തേക്കും ഓട്ടിൽ പത്തു വർഷത്തേക്കും ചെമ്പിൽ ഒരു വത്സരത്തേക്കും പഞ്ചലോഹത്തിൽ അഞ്ചു കൊല്ലത്തേക്കും വെള്ളിയിൽ മൂന്നു സംവത്സരത്തേക്കും തങ്കത്തിൽ ആയുരന്തം വരേക്കും വീര്യമുണ്ടായിരിക്കുമെന്നു മേൽ പറഞ്ഞ പ്രമാണം കൊണ്ടു വിചാരിക്കേണ്ടിയിരിക്കുന്നു. ധാരണയന്ത്രത്തിനാണെങ്കിൽ ധാരകന്റെ കരാംഗുലിമാനത്തെ അസ്പദമാക്കി വേണം ലോഹാദികളായ യന്ത്രോപവ്യസാധനങ്ങളുടെ കണക്കെടുക്കുവാൻ. അര

നുസരിച്ച് ഏതെങ്കിലും പ്രകാരത്തിൽ ഉണ്ടാക്കുന്ന ലോഹപട്ടപത്രാദിക ളിൽ യന്ത്രം എഴുതേണ്ടുന്ന വിധിയും 'യന്ത്രസാരത്തിൽ' താഴെ കാണിക്കു ന്ന വിധം പറഞ്ഞിരിക്കുന്നു. "സർവ്വയന്ത്രസ്യവിന്യാസേ ശസ്ത്രം ഹേമ്നാ വിനിർമ്മിതം. അയസ്സൂച്യാനവിദ്യസ്യാദ്യന്ത്രന്യാസം വിചക്ഷണഃ അഥവാ രാജതസൂച്യായന്ത്രന്യാസം കരിഷ്യതി. മന്ത്രന്യാസേനകർത്തവ്യസൂചയന്ത്ര ച്യാനസംശയഃ" എന്നതുകൊണ്ട് യന്ത്രമെഴുതുവാൻ സ്വർണ്ണസൂചി വേണ മെന്നും അറിവുള്ളവൻ (മന്ത്രശാസ്ത്രവിദഗ്ദ്ധൻ) ഇരിമ്പുസൂചികൊണ്ട് എഴുതുകയില്ലെന്നും പക്ഷെ വെള്ളിസൂചികൊണ്ട് യന്ത്രം വരയ്ക്കുന്നതായാ ലും അതിൽ മന്ത്രമെഴുതുന്നതു സ്വർണ്ണസൂചികൊണ്ടല്ലാതെ നിശ്ചയമായും പാടില്ലെന്നുമാകുന്നു സാരം. അതു വാസ്തവമായി വരാം. "നോക്കട്ടേ ഗ്ര ന്ഥങ്ങൾ, ശാസ്ത്രം മൊഴിപൊയ്യെന്നായ് പറഞ്ഞീടുവോർ" എന്നുള്ളതു മറക്കാമോ?. ഇങ്ങിനെയുള്ള യന്ത്രമെഴുതുന്ന മാന്ത്രികൻ വ്രതപരിശുദ്ധ നും ഇഷ്ടമൂർത്തിയുടെ മന്ത്രം അക്ഷരലക്ഷം ചെയ്തു മന്ത്രദീക്ഷകഴിച്ച് മൂ ർത്തിമന്ത്രസിദ്ധിവരുത്തിയവനുമായിരിക്കണം. യന്ത്രമെഴുതുന്നതും ഏകാ ന്തത്തിൽ വച്ചായിരിക്കണം. എന്തുകൊണ്ടെന്നാൽ മാന്ത്രികനു യന്ത്രലേഖ നാവസരത്തിൽ അവധാനമുണ്ടായിരിക്കുമെങ്കിലും അയാൾ അവധാനി തനല്ലാതിരുന്നാൽ മന്ത്രാക്ഷരം തെറ്റിപ്പോകാൻ എളുപ്പമുള്ളതുകൊണ്ട് മാണ്. മന്ത്രാക്ഷരം തെറ്റിയാൽ ഉദ്ദിഷ്ടഫലം സിദ്ധിക്കയില്ലെന്നു തന്നെ യല്ല അതുമൂലം സാധ്യസാധകന്മാർക്ക് അനേകം ദോഷങ്ങൾ ഉണ്ടാകാൻ ഇടയാകയും ചെയ്യും. ഈ വിധിപ്രകാരം, പദ്മത്തിനും പൂജനയന്ത്ര ത്തിനും പറഞ്ഞിട്ടുള്ള സകല അംഗലക്ഷണങ്ങളേയും ഒപ്പിച്ച് ഏതെങ്കിലും ഒരു ഇഷ്ടമൂർത്തിയുടെ യന്ത്രമെഴുതിക്കഴിഞ്ഞാൽ അതിൽ വിധിപ്രകാരം യ ന്ത്രാധിദേവതയായ മൂർത്തിയെ ആവാഹിച്ച് ധാരകന്റെ ശക്തിക്കു തക്കവ ണ്ണം ഷോഡശോപചാരമോ പഞ്ചോപചാരമോ ആക്കി പൂജിക്കണം. ഷോ ഡശോപചാരങ്ങൾ—"ആവാഹ, ആസനം, പാദ്യം, അർഘ്യ, മാചമനീ യകം, സ്നാനം, വസ്ത്രം, ചോപവീതം, ഗന്ധം, പുഷ്പം, തഥൈവ ചധൂപോ, ദീപോ, നിവേദ്യം, ചഅഞ്ജലി, ശ്ചപ്രദക്ഷിണം, ഉദ്വാസനം ചോപചാ രാണ്യേവം പ്രോക്താനി ഷോഡശ." ഇവയാകുന്നു. എന്നാൽ ഈ വിധം പൂജിക്കുമ്പോൾ പതിനാറാമത്തെ ഉപചാരമായ ഉദ്വാസനം ചെയ്യാൻ പാടില്ല. എന്തുകൊണ്ടെന്നാൽ യന്ത്രത്തിൽ മൂർത്തിയുടെ ചൈതന്യമില്ലാ ഞ്ഞാൽ ഫലസിദ്ധി ഉണ്ടാവാനിടയില്ല. പഞ്ചോപചാരങ്ങൾ. ജലം, ഗന്ധം, പുഷ്പം, ധൂപം, ദീപം, ഇവയാണ്. വിശേഷാൽ ഇങ്ങിനെ പൂ ജിക്കുന്ന ദിക്കുകളിലും നിവേദ്യം നിശ്ചയമായും വേണ്ടതാണ്. "വാരാ ഹീ" പ്രയോഗപദ്ധതി" അനുസരിച്ച് വശ്യം, ആകർഷണം, സ്തംഭനം, മുതലായവക്കുള്ള പ്രയോഗങ്ങൾ ചെയ്യുമ്പോൾ മാന്ത്രികൻ ഇന്നിന്ന ദിക്കു കളിലേക്കു അഭിമുഖനായിരിക്കണമെന്നു നിയമമുണ്ട്. അതിനു—"സ്തം ഭനായേശദിഭാഗേ നിഗ്രഹായ ചയാമ്യകേ വശ്യായ പൂർവ്വദിഭാഗേ വിദ്വേഷാ യതുപശ്ചിമേ. നൈരൃത്യാം ക്ഷോഭനേ ഗൌ ചവിനാശായാരിവസ്തുനഃ ഉ ദീച്യാം മോക്ഷലാഭായ വായാവുച്ചാടനായ ച. ഏതാ സുദിക്ഷ്വഭിമുഖോ ഭൂ ത്വാകുര്യാത്തു സാധകഃ" എന്ന ഭാഗപ്രകാരം. ഈശാന ദിക്കിലേക്കഭിമുഖനാ യിരുന്നു സ്തംഭനപ്രയോഗവും തെക്കു—മാരണപ്രയോഗവും കിഴക്കു—വശ്യ പ്രയോഗവും പടിഞ്ഞാറു—വിദ്വേഷപ്രയോഗവും നിരൃതികോണിൽ ക്ഷോ ഭന പ്രയോഗവും അഗ്നികോണിൽ—രിപുവിന്റെ വസ്തുസമ്പാത്തിനാശ നപ്രയോഗവും വടക്കു—മോക്ഷകർമ്മവും വായുകോണിൽ ഉച്ചാടനപ്രയോ ഗവും ചെയ്യുന്നതു ക്ഷിപ്രസിദ്ധികരമായിരിക്കുമെന്നു ശാസ്ത്രസാരം.

(തുടരും)

# ഒരനുമോദനം.

നമ്മുടെ അന്നദാതാവായ ശ്രീമൂലംതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കരുണാമസൃണമായ ഭരണനൈപുണ്യത്താൽ ഈ രാജ്യനിവാസികളായ നാനാജാതിമതസ്ഥന്മാൎക്കും ലഭിച്ചിട്ടുള്ള ക്ഷേമത്തെ ദൃഢീകരിക്കത്തക്കവണ്ണം നിഷ്പക്ഷപാതിയും ദീനജനാവനശീലനുമായ ബഹുമാനപ്പെട്ട മന്നത്തു കൃഷ്ണൻനായർ ബി. ഏ. ബി. എൽ. അവർകളെ തിരുവിതാംകൂർ ദിവാനായി നിയമിച്ചതിൽ ഹൃദയപൂൎവ്വം സന്തോഷിക്കുന്ന മാന്യതരങ്ങളായ അനവധി പത്രങ്ങളുടെ ഇടയിൽ അല്പീയസിയായ ഈ ശിശുമാസികയും നിൎവ്യാജം സന്തോഷിക്കയും മഹാമനസ്കനായ ദിവാൻ മിസ്റ്റർ കൃഷ്ണൻനായരവർകൾ ഈ രാജ്യനിവാസികളുടെ ക്ഷേമഭാരത്തെ പൂൎവ്വാധികം വിസ്തൃതമാക്കി തദ്വാരാ സമ്പാദിതമാകുന്ന സൽകീൎത്തിയോടു കൂടി ചിരപ്രതിഷ്ഠിതനായി കാണ്മാൻ ദൈവഗതിയെ പ്രാൎത്ഥിച്ചുകൊള്ളുകയും ചെയ്യുന്നു.

ശ്രീരാമവിലാസം.

# പത്രാധിപക്കുറിപ്പുകൾ.

ചെറുതനെ കെ. ആർ. വേലായുധൻ വൈദ്യരവർകളുടെയും കാരിച്ചാൽ വി. കെ. രാമൻ വൈദ്യരവർകളുടെയും ഉത്സാഹത്താൽ കാൎത്തികപ്പള്ളി താലൂക്കിലുൾപ്പെട്ട ഗണകന്മാർ ചേൎന്ന് ഈ കഴിഞ്ഞ ഇടവമാസം ൨൦-ാം തീയതി കൊട്ടപ്പുറ വി. കെ. ശങ്കരനാശാൻ അവർകളുടെ അദ്ധ്യക്ഷതയിൽ "ഷൺമുഖവിലാസം" എന്ന നാമധേയത്തിൽ ഒരു ഉപസമാജം നടത്തിയതായും പ്രസ്തുതസമാജത്തിൽ നൂററിൽ പരം സജാതീയന്മാർ സന്നിഹിതരായിരുന്നുയെന്നും കുലാചാരനടപടികളെ സംബന്ധിച്ചും മററും പ്രസംഗങ്ങൾ നടത്തിയിരുന്നുയെന്നും ടി സമാജാംഗങ്ങളിൽ ഒരാൾ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

---

ഏഴാംലക്കം "ശ്രീരാമവിലാസ"ത്തിൽ ചേൎന്നിട്ടുള്ള വാൎഷികറിപ്പോൎട്ടിൽ "ചെമ്പഴന്തി ഉപസമാജം" (ചെമ്പഴന്തൂർ ഉപസമാജം) എന്നും "തുമ്പമൺ ഉപസമാജം" (ഓമല്ലൂർ ഉപസമാജം) എന്നും തിരുത്തി വായിച്ചുകൊള്ളേണ്ടതാണ്.

---

"മരച്ചീനി" മനുഷ്യരെ പലവിധത്തിൽ സഹായിച്ചു കൊണ്ടിരിക്കുന്ന ഒരു മുഖ്യസാധനമായി തീൎന്നിട്ടുണ്ടെങ്കിലും ഇതു കരൾ (പിത്താശയ) സംബന്ധമായ രോഗങ്ങളെ വൎദ്ധിപ്പിക്കുന്നതായും ഇതിന്റെ അതിശീലനം "മഞ്ഞപ്പിത്ത"മെന്ന രോഗത്തിനു നിദാനമായും മരച്ചീനി ധാരാളം പ്രകാശിച്ചു നിൽക്കുന്ന സ്ഥലങ്ങളിലും ഇതിന്റെ കിഴങ്ങുകൾ ഉണക്കി അധികം സമ്പാദിച്ചിരിക്കുന്ന മുറികളിലും താമസിക്കുന്ന "കാമി

ല" (മഞ്ഞപ്പിത്ത)രോഗികൾക്കു സാമാന്യം ചികിത്സ ഫലിക്കാതെയും പ്ര സൂതരോഗംഭേദമായാലും അടുത്തദിവസങ്ങളിൽ ഇതു ഭക്ഷിച്ചാൽ വീണ്ടും ഈ രോഗം ആരംഭിക്കുന്നതായും പ്രായേണ അനുഭവമുള്ളതായറിയുന്നു.

---

സ്വസമുദായോന്നമനതല്പരന്മാരായ ചില മാന്യസുഹൃത്തുക്കളുടെ ഉത്സാഹത്താൽ ഗണകസമുദായം വകയായി ഒരു വൃത്താന്തപത്രം ഉടനെ പുറപ്പെട്ടുമെന്നറിയുന്നതിൽ തൽഭാരവാഹികളുടെ സ്തുത്യർഹമായ ഈ കൃത്യത്തെക്കുറിച്ചു ഞങ്ങൾ ഏററവും അഭിനന്ദിക്കുന്നു.

---

കേരളീയ ഗണകമഹാസമാജം വക.

# നിബന്ധന.

ടി യോഗത്തിന്റെ രണ്ടാമത്തെ വാർഷികയോഗത്തിൽ പാസാക്കിയ ഭാഗം.

## സമാജം.

---

൧. ഈ സമാജത്തിന്റെ പേർ കേരളീയഗണകമഹാസമാജം എന്നായിരിക്കുന്നതും ചുരുക്കത്തിന്നായി ഇതിനെ ഈ നിബന്ധനകളിൽമഹാസമാജം എന്നു പറഞ്ഞിട്ടുള്ളതും ആകുന്നു.

൨. ഈ മഹാസമാജത്തിൽ അതിന്റെ നേതാവായി ഒരു അദ്ധ്യക്ഷനും അദ്ധ്യക്ഷനെ സഹായിക്കുന്ന ഒരു ഉപാദ്ധ്യക്ഷനും മഹാസമാജകാര്യങ്ങൾ നടത്തിക്കുന്നതിനു ഒരു നിർവാഹകസംഘവും, ആ കാര്യങ്ങൾ നടത്തുന്നതിനു ഒരു കാര്യദർശിയും മഹാസമാജം വക ധനം സൂക്ഷിപ്പാൻ ഒരു ഖജാൻജിയും, ഇവരെ കൂടാതെ വേറെയും സമാജികന്മാരും ഉണ്ടായിരിക്കുന്നതിനു പുറമെ അതിനാൽ അംഗീകരിക്കപ്പെട്ട ഉപസമാജങ്ങളും മഹാസമാജത്തിൽ ചേർന്നിരിക്കുന്നതാകുന്നു.

൩. ഈ മഹാസമാജോദ്ദേശങ്ങൾ താഴെപറയപ്പെട്ടവയാകുന്നു

൧. കേരളീയ ഗണകസമുദായത്തിലുൾപ്പെട്ടവരുടെ വിദ്യാഭ്യാസത്തെ പോഷിപ്പിക്കുക.

൨. അവരുടെ കുലവൃത്തിയായ ജ്യോതിഷത്തിനു പുറമെ ഇതര തൊഴിലുകളെയും സ്വീകരിക്കുന്നതിൽ അവരെ ഉത്സാഹിപ്പിക്കയും യഥാശക്തി സഹായിക്കയും ചെയ്യുക.

൩. അവരുടെ ആചാരങ്ങളിൽ ആവശ്യമുള്ള പരിഷ്കാരങ്ങൾ വരുത്തുവാൻ യത്നിക്കുക.

൪. ആ സമുദായത്തിൽ ധനരക്ഷയും, ക്ഷേമം, രാജഭക്തി, സ്വരാജ്യസ്നേഹം, ഐകമത്യം ഇവയുടെ വൎദ്ധനവിന്നും വേണ്ടുന്ന ന്യായമായ എല്ലാ മാൎഗ്ഗവും ഉപയോഗപ്പെടുത്തുക.

## ഉപസമാജങ്ങൾ.

൪ കേരളത്തിൽ എവിടെ എങ്കിലും സ്ഥാപിക്കപ്പെട്ടിരിക്കുന്നതും, ഈ നിബന്ധനകൾക്കു വിരോധമല്ലാത്ത വിധത്തിലും മൂന്നാം നിബന്ധനയിൽ പറയപ്പെട്ട ഉദ്ദേശങ്ങളോടു കൂടി മാത്രവും നടത്തപ്പെടുന്നതുമായ യാതൊരു സമാജത്തിന്റെ പേൎക്ക് അതിന്റെ കാൎയ്യദൎശി രേഖാമൂലമായ അപേക്ഷയോടു കൂടി ൧൦ ബ്രിട്ടീഷുരൂപാ ഈ മഹാസമാജത്തിലേക്കു അംഗീകരണമൂല്യമായി അടക്കുന്നുവൊ ആ സമാജത്തിന്റെ പേർ മുതലായ വിവരങ്ങൾ മഹാസമാജം വക ഉപസമാജ റജിസ്റ്ററിൽ കാൎയ്യദൎശി ചേൎക്കാവുന്നതും, അങ്ങനെ ചേൎത്ത തീയതി മുതൽ ആ സമാജം ഈ മഹാസമാജത്തിന്റെ ഉപസമാജമായി വിചാരിക്കപ്പെടേണ്ടതും ആകുന്നു

൫. നാലാം നിബന്ധനയിൽ പറയുന്നപ്രകാരം ഈ മഹാസമാജത്താൽ അംഗീകരിക്കപ്പെട്ട ഉപസമാജത്തിൽ നിന്നും മഹാസമാജത്തിലേക്കു ആണ്ടുതോറും മൂന്നു ബ്രിട്ടീഷ് രൂപാ വാൎഷികമൂല്യം അടക്കേണ്ടതാകുന്നു.

൬. മഹാസമാജത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതും തന്നാണ്ടത്തെ വാൎഷികമൂല്യം അടച്ചിരിക്കുന്നതുമായ യാതൊരു ഉപസമാജത്തിൽ നിന്നും മഹാസമാജയോഗങ്ങളിൽ ഹാജരാകുവാൻ പ്രതിനിധികളെ അയക്കാവുന്നതും, അപ്രകാരം അയക്കപ്പെട്ടവരെന്ന് ആ ഉപസമാജ കാൎയ്യദൎശിയാൽ രേഖാമൂലം സാക്ഷിപ്പെടുത്തപ്പെട്ടവൎക്ക് ആ യോഗങ്ങളിൽ മഹാസമാജത്തിലെ "രണ്ടാംതരം" സമാജികന്മാൎക്കുള്ള എല്ലാ അവകാശങ്ങളുമുണ്ടായിരിക്കുന്നവയുമാകുന്നു.

൭. മഹാസമാജത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതും, തന്നാണ്ടത്തെ വാൎഷികമൂല്യം അടച്ചിരിക്കുന്നതുമായ യാതൊരു ഉപസമാജത്തിന്റെയും കാൎയ്യദൎശി മഹാസമാജനിൎവ്വാഹകസംഘങ്ങളിൽ ഹാജരാകാവുന്നതും, അപ്രകാരം ഹാജരായിരിക്കുമ്പോൾ ആ കാൎയ്യദൎശിക്കു മേല്പടി നിൎവ്വാഹകസംഘത്തിലെ സാധാരണഅംഗങ്ങൾക്കുള്ള എല്ലാ അവകാശങ്ങളുമുണ്ടായിരിക്കുന്നതുമാകുന്നു.

൮ ഈ മഹാസമാജത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന യാതൊരു ഉപസമാജത്തെയും സംബന്ധിക്കുന്ന വിവരങ്ങൾ മഹാസമാജകാൎയ്യദൎശിയെ അയാൾ ആവശ്യപ്പെടുമ്പോൾ അറിയിപ്പാൻ ആ ഉപസമാജകാൎയ്യദൎശി ബാദ്ധ്യസ്ഥനാകുന്നു.

## സാമാജികന്മാർ.

൯. കേരളീയ ഗണകസമുദായത്തിലുൾപ്പെട്ട പതിനെട്ടിനു മേൽ വയസ്സുള്ള യാതൊരാളും ഈ മഹാസമാജത്തിൽ ഒരു സാമാജികനായി ചേരാവുന്നതാകുന്നു.

൧൦. മഹാസമാജ സാമാജികന്മാർ മൂന്നു തരമായി വിഭജിക്കപ്പെട്ടിരിക്കുന്നു, അതാവിതു,

൧. ആയുഷ്കാല സാമാജികന്മാർ പ്രവേശനത്തിൽ ഒന്നായി പത്തു ബ്രിട്ടീഷുരൂപാ സമാജമൂല്യമായി അടക്കുന്നവർ.

൨. ഒന്നാംതരം സാമാജികന്മാർ, ആണ്ടുതോറും ഒരു ബ്രിട്ടീഷ് രൂപാ വരി അടക്കുന്നവർ.

൩. രണ്ടാംതരം സാമാജികന്മാർ, ആണ്ടുതോറും അര രൂപാ വരി അടക്കുന്നവർ.

൧൧ മഹാസമാജസാമാജികന്മാർക്ക് അവരവരുടെ തരമനുസരിച്ചു താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാകുന്നു.

മഹാസമാജാദ്ധ്യക്ഷനായിരിപ്പാൻ ആയുഷ്കാല സാമാജികന്മാർക്കു മാത്രം.

നിർവ്വാഹകസംഘാംഗങ്ങളായിരിപ്പാൻ ആയുഷ്കാലസാമാജികന്മാർക്കും ഒന്നാംതരം സാമാജികന്മാർക്കും മാത്രം.

ഉപസമാജയോഗങ്ങളിൽ അതിലെ സാമാജികന്മാർക്കുള്ള എല്ലാ അവകാശങ്ങളും ആയുഷ്കാലസാമാജികന്മാർക്കുണ്ടായിരിക്കും.

മഹാസമാജയോഗങ്ങളിൽ ആലോചി- }
ക്കപ്പെടുന്ന കാര്യങ്ങളെപ്പറ്റി അഭിപ്രായം } എല്ലാതരം സാമാജി-
പറയുവാനും നിർവ്വാഹകസംഘാംഗങ്ങളുടെ } കന്മാർക്കും.
തിരഞ്ഞെടുപ്പിൽ വോട്ടുചെയ്വാനും }

൧൨. മഹാസമാജത്തിൽ ഒരു സാമാജികനായി ചേരുവാൻ ആഗ്രഹിക്കുന്ന ആൾ പത്താം നിബന്ധനയിൽ പറയുന്ന സാമാജികമൂല്യമൊ ഒരാണ്ടത്തെ വരിയൊ ഖജാൻജി വശം കൊടുത്തു രസീതു വാങ്ങുകയും ആ രസീതു കാര്യദർശിയെക്കാണിക്കുന്നതോടു കൂടി താഴെ പറയുന്ന വിവരങ്ങൾ രേഖാമൂലം കാര്യദർശിയെ അറിയിക്കയും ചെയ്യേണ്ടതാകുന്നു.

വീട്ടുപേർ. പേർ. വയസ്സ്. തൊഴിൽ. താലൂക്ക്. പ്രവൃത്തി (അംശം) മുറി. ദേശം. അടുത്ത അഞ്ചൽ (അഥവാ തപാൽ

ആഫീസിന്റെ പേർ ചേരുവാനാഗ്രഹിക്കുന്ന തരം.

൫൩. പന്ത്രണ്ടാം നിബന്ധനയിൽ പറയുന്ന രസീതും രേഖാമൂലമായ അറിവിപ്പും അടച്ചുതരുന്ന ആൾ ഒമ്പതാം നിബന്ധനയിൽ പറയും പ്രകാരമുള്ള ആളാണെന്നു കണ്ടാൽ അയാളുടെ പേർ മുതലായ വിവരങ്ങൾ കാര്യദർശി സമാജിക രജിസ്റ്ററിൽ ചേർക്കേണ്ടതും അന്നുമുതൽ അയാൾ മഹാസമാജത്തിലെ ഒരു സമാജികനായി വിചാരിക്കപ്പെടുന്നതുമാകുന്നു

൫൪. ഈ നിബന്ധനകൾ സ്വീകരിക്കപ്പെട്ട തീയതിക്കു മുൻപു മഹാസമാജത്തിൽ ചേർന്നിരിക്കുന്നവരിൽ പ്രത്യേക നിശ്ചയപ്രകാരം മററു തരക്കാരായി ആ തീയതിയിൽ ഗണിക്കപ്പെട്ടവരൊഴിച്ചുള്ളവർ രണ്ടാം തരം സമാജികന്മാരായി വിചാരിക്കപ്പെടുന്നതും അവരിൽ ആയുഷ്കാല സമാജികന്മാരായൊ ഒന്നാം തരം സമാജികന്മാരായൊ ഇരിക്കാൻ ആഗ്രഹിക്കുന്നവർ പന്ത്രണ്ടാം നിബന്ധനയിൽ വിവരിക്കപ്പെട്ട നടപടിയനുസരിച്ചു പ്രവർത്തിക്കേണ്ടതുമാകുന്നു.

൫൫. ഒന്നും രണ്ടും സമാജികന്മാരിൽ ആരെങ്കിലും അതാതാണ്ടിലുള്ള വരി ആണ്ടവസാനത്തിനു മുമ്പു അടച്ചു തീർക്കാത്തപക്ഷം ആ സമാജികന്റെ പേർ രജിസ്റ്ററിൽ നിന്നും നീക്കുവാൻ നിശ്ചയിക്കുന്നതിന്നു നിർവ്വാഹക സംഘത്തിന്നു അധികാരം ഉള്ളതുമാകുന്നു.

൫൬. ശാതൊരു സമാജികന്റെ പേർ രജിസ്റ്ററുകളിൽ നിന്നും നീക്കുവാൻ നിർവ്വാഹക സംഘം നിശ്ചയിക്കുന്നുവൊ അയാൾ മഹാസമാജത്തിലേക്കു അടക്കാനുള്ള കുടിശിക അടയ്ക്കുന്നതിനുള്ള ബാദ്ധ്യത അയാളിൽ നിന്നും ഒഴിഞ്ഞു പോകാത്തതും ആ കുടിശിക പിരിക്കുന്നതിനു മുമ്പായി അയാളുടെ പക്കൽ നിന്നും പന്ത്രണ്ടാം നിബന്ധനപ്രകാരമുള്ള വരി വജാനിജി വീണ്ടും വാങ്ങിച്ചു കൂടാത്തതും ആകുന്നു.

### മഹാസമാജ യോഗങ്ങൾ

൫൭. ഈ മഹാസമാജയോഗങ്ങൾ താഴെ വിവരിക്കുന്നപോലെ രണ്ടു തരത്തിലായിരിക്കും.

൧. വാർഷികയോഗം. ഇത് ആണ്ടുതോറും മേടമാസത്തിൽ ൧൦-ാം നു- ക്കുശേഷം നടത്തപ്പെടേണ്ടതും, ഇതിൽ അന്യസമുദായത്തിലുള്ളവരുടെ സാന്നിദ്ധ്യമുണ്ടായിരിക്കാവുന്നതും, മഹാസമാജ സമാജികന്മാരുടെ മാത്രം അഭിപ്രായത്തിന്മേൽ തീരുമാനിക്കപ്പെടേണ്ടതായ കാര്യങ്ങളിൽ വാർഷികയോഗത്തിൽ വച്ചു നടത്തപ്പെടാവുന്നവയെന്നു ഈ നിബന്ധനകളിൽ പ്രത്യേകം പറഞ്ഞിരിക്കുന്നവയിൽ ഒഴിച്ചു മററുള്ളവയൊന്നും ഇതിൽ വച്ചു ആലോചിച്ചു കൂടാത്തതും ആകുന്നു.

൨. പൊതുയോഗം ഇതു ശാഖകസമാജത്തെയൊ മഹാസമാ

ജത്തെയൊ പൊതുവായും, ഉപസമാജത്തെയൊ ഗണകസമുദായത്തി ലുൾപ്പെട്ട ഒരാളെയും അല്ലാ ചിലരെയൊ പ്രത്യേകമായുംസംബന്ധി ക്കുന്ന കാൎയ്യങ്ങളെ ആലോചിച്ചു തീൎച്ചപ്പെടുത്തുവാനുദ്ദേശിച്ചു കൂടുന്നതും ഇതു വാൎഷികയോഗം കൂടുന്ന സ്ഥലത്തു വച്ചൊ കാൎയ്യദൎശി സ്ഥിരമായി താമസിക്കുന്ന സ്ഥലത്തു വച്ചൊ കൂടേണ്ടതും ആകുന്നു.

൧൮ ഓരോവാൎഷികയോഗത്തിൽ അതിന്റെ തിയതിക്കു മുൻപു കഴിഞ്ഞ ആണ്ടിൽ മഹാസമാജത്താലും നിൎവ്വാഹകസംഘത്താലും ഉപസമാജങ്ങളാലും ചെയ്യപ്പെട്ട കാൎയ്യങ്ങളെയും ആയാണ്ടിലെ വരവു ചിലവുകളെയും മററും ചുരുക്കമായി വിവരിക്കുന്ന ഒരുവാൎഷിക റിപ്പോൎട്ടു കാൎയ്യദൎശി വായിക്കേണ്ടതും ആകുന്നു.

൧൯. മഹാസമാജത്തിന്റെ യാതൊരു പൊതുയോഗത്തിലും ആ യോഗത്തീയതിയിൽ മഹാസമാജ സമാജികന്മാരായുള്ളവരുടെ എണ്ണത്തിൽ പകുതിയിലധികം പേർ ആ സമാജികന്മാരുടെ കൂട്ടത്തിൽ നിന്നും ഉപസമാജപ്രതിനിധികളായും കൂടി ഹാജരുണ്ടായിരിക്കേണ്ടതും അത്രയും പേർ ഹാജരില്ലാത്തയോഗം ഒരു പൊതുയോഗമായി വിചാരിക്കപ്പെട്ടുകൂടാത്തതും, ആകുന്നു.

൨൦ മഹാസമാജയോഗത്തിൽ അതിന്റെ സമാജികന്മാരായൊ ഉപസമാജ പ്രതിനിധികളായൊ ഹാജരുള്ളവരിൽ പകുതിയിലധികം പേർ യോജിക്കുന്ന അഭിപ്രായമനുസരിച്ചു ചെയ്യപ്പെടുന്ന നിശ്ചയം മഹാസമാജ നിശ്ചയമായി വിചാരിക്കപ്പെടേണ്ടതും, അതു മഹാസമാജ സമാജികന്മാൎക്കു ബാധകമായിരിക്കുന്നതുമാകുന്നു.

൨൧. വാൎഷികയോഗ സ്ഥലത്തും ആ യോഗത്തീയതിയോടടുത്ത തീയതിയുമല്ലാതെ ഒരു പൊതുയോഗം തന്റെ ശക്തിപ്രായത്തിൻമേൽ മാത്രം കാൎയ്യദൎശിവിളിച്ചു കൂട്ടാവുന്നതല്ലാ.